# ദക്ഷയാഗം

(കഥകളി)

JIBU PRASAD
IPDC
III rd group
[illegible] COLLEGE
TR[illegible]UM. 14.
15030

പ്രസാധകൻ,

പി. കരുണാകരൻനായർ, എം. എ.,

വിതരണം

കേരളാ യൂണിവേഴ്സിററി കോവാപ്പറേറ്റീവ്

സ്റ്റോഴ്സ് ലിമിറ്റഡ്—തിരുവനന്തപുരം

1986

PRINTED AT
THE BHASKARA PRINTING WORKS,
EAST THAMPANOOR, TRIVANDRUM

# ആട്ടക്കഥ

## I

## ദൃശ്യകലകളിൽ കഥകളിയ്ക്കുള്ള സ്ഥാനം

മനസ്സിന്ന് ആഹ്ലാദവും ശരീരത്തിന്ന് ഉന്മേഷവും പ്രദാനം ചെയ്യുന്നവയത്രേ കലകൾ. കലകളുടെ കൂട്ടത്തിൽപ്പെടുന്ന കാവ്യങ്ങൾക്ക പൌരസ്ത്യനിരൂപകന്മാർ നല്കിയിട്ടുള്ള നിർവ്വചനങ്ങളിൽ പ്രാധാന്യം "വാക്യം രസാത്മകം കാവ്യം"എന്നതിനാകുന്നു. കാവ്യം രസം നൽകുന്നതു് വായിച്ചുകേട്ടും അഭിനയിച്ചുകണ്ടും ആണല്ലോ. ശ്രവണേന്ദ്രിയത്തിൻെറയും നയനേന്ദ്രിയത്തിന്റെയും വ്യാപാരം വഴി അനുഭൂതികൾ ഹൃദയത്തിൽ തട്ടുമ്പോൾ ശ്രോതാവിനും ദ്രഷ്ടാവിനും രസാനുഭൂതി ഉളവാകുന്നു. ഈ തത്വം ആസ്പദമാക്കി പൌരസ്ത്യർ കാവ്യസാമാന്യത്തെ ദൃശ്യമെന്നും ശ്രാവ്യമെന്നും ഭാഗിച്ചിട്ടുണ്ടു്. കേട്ട് അനുഭവിക്കേണ്ടുന്നവ ശ്രാവ്യങ്ങൾ; കണ്ടു് രസിക്കേണ്ടുന്നവ ദൃശ്യങ്ങൾ; ഒന്നാമത്തെ കൂട്ടത്തിൽ വർണ്ണ്യത്തെ അഥവാ പ്രതിപാദ്യത്തെ കവി വർണ്ണിച്ചു് അനുവാചകരിൽ ആനന്ദമുളവാക്കുകയും, രണ്ടാമത്തേതിൽ കഥാപാത്രങ്ങളുടെ സംഭാഷണം, അഭിനയം, ആംഗ്യം തുടങ്ങിയ ഉപാധികളെക്കൊണ്ടു് കവി കഥാശരീരത്തെ രംഗവാസികൾക്ക പ്രത്യക്ഷമാക്കിക്കൊടുക്കുകയും ചെയ്യുന്നു. പുരാണകഥകളായാലും, കല്പിതകഥകളായാലും സംഗീതസാഹിത്യങ്ങൾ ഇടകലത്തി [illegible]മേളങ്ങളുടെ സാഹായ്യത്തോടുകൂടെ ശൃംഗാരം, വീരം, കരുണം തുടങ്ങിയ രസ

ങ്ങൾക്കു യാതൊരു കോട്ടവും തട്ടാതെ ആകർഷകമായ മട്ടിൽ അഭിനയിച്ചു് രസിപ്പിക്കുന്നതത്രേ അഭിനയകല. സംഗീതവും അഭിനയവും മനുഷ്യൻ ഭൂജാതനായ കാലം തൊട്ടുതന്നെ അവനെ അനുഗമിച്ചിരുന്നുവെന്നാണു് കണക്കാക്കപ്പെടുന്നതു്.

ഭാരതീയനാട്യശാസ്ത്രജ്ഞന്മാർ ദൃശ്യകലാപ്രസ്ഥാനത്തെ നാട്യം, നൃത്തം, നൃത്ത്യം എന്നു മൂന്നായി തിരിച്ചിരിക്കുന്നു. വാക്യാൎത്ഥാഭിനയവും തന്മൂലം രസാശ്രയവുമായിട്ടുള്ള ഒന്നത്രേ നാട്യം. പദാൎത്ഥാഭിനയപ്രധാനവും തന്മൂലം ഭാവാശ്രയവും ആയിട്ടുള്ളതാണു് നൃത്ത്യം! താളലയപ്രധാനമായ അംഗവിക്ഷേപമാണു് നൃത്തം. ഇതിൽ നൃത്ത്യം എന്ന വിഭാഗത്തിൽ കഥകളി ഉൾപ്പെടുന്നു. നടന്മാർ വേഷം ധരിച്ചു് രംഗത്തുവന്നു്, പിന്നിലുള്ള താളമേളസമന്വിതമായ പാട്ടിന്റെ അൎത്ഥം വ്യക്തമാകത്തക്കവണ്ണം പദംപ്രതി ഹസ്തമുദ്ര പ്രകടിപ്പിക്കുന്നു. സ്ഥായിയായ ഭാവത്തെ ഉപേക്ഷിക്കാതെ സന്ദർഭോചിതങ്ങളായ വിവിധഭാവങ്ങൾ പ്രകടിപ്പിക്കുന്നു; പാദംകൊണ്ടു താളം ചവിട്ടുന്നു. ഇതെല്ലാം ഒരേ സമയത്തു് ചെയ്യണമെന്നാണു് നൃത്ത്യത്തിന്റെ വ്യവസ്ഥ. ഈ വ്യവസ്ഥപ്രകാരം നൃത്ത്യം എന്ന ശാഖ ഇന്നു് കേരളത്തിലുണ്ടെങ്കിൽ അതു് കഥകളിയെ അവലംബിച്ചാണു് കഴിയുന്നതു് എന്നു നിസ്സംശയം പറയാം.

ദൃശ്യകലാവിഭാഗത്തിൽ കഥകളിക്കു് എന്താണു സ്ഥാനമെന്നു പരിചിന്തിക്കുമ്പോൾ, കഥകളിയൊഴിച്ചു് മററുള്ള ദൃശ്യകലാപ്രസ്ഥാനങ്ങളുമായി അതിനെ തട്ടിച്ചു നോക്കേണ്ടിയിരിക്കുന്നു. അഭിനയം തന്നെ വാചികം, ആംഗികം, ആഹാര്യം എന്നു മൂന്നുവിധത്തിലുണ്ടു്. വാക്കുകൾ കൊണ്ടുള്ള അഭിനയമാണു് വാചികം. അവയവങ്ങളുടെ ആവശ്യമാത്രമായ ചലനവിശേഷങ്ങളാണു്

ആംഗികം; വേഷഭൂഷാദികൾ മൂലമുണ്ടാക്കുന്ന മോടിയാണ് ആഹാര്യം. വാചികാഭിനയപ്രധാനങ്ങളായ ഒട്ടേറെ കലകൾ കേരളത്തിൽ പ്രാചീനകാലം തൊട്ടേ നിലനിന്നുപോന്നു. ഭദ്രകാളിപ്പാട്ട്, സർപ്പംപാട്ട്, തീയാട്ട്, പാവക്കൂത്ത്, കുറവർകളി, പടയണി, മാർഗ്ഗംകളി, കോലംതുള്ളൽ, മുടിയേററ്, മോഹിനിയാട്ടം, തിറയാട്ടം, തുള്ളൽ, മലയാളനാടകം, പ്രഹസനം എന്നിങ്ങനെ പോകുന്നു അവ. ഇവയിൽ പലതും കാലത്തിന്റെ പുരോഗതിയിൽ നാമാവശേഷമായി. ചില കലകൾ ക്ഷേത്രങ്ങളേയും ചില സമുദായങ്ങളേയും ആശ്രയിച്ചതിനാൽ മൺമറയാതെ കഴിഞ്ഞു. അവയിൽ ശാസ്ത്രകളി, കൂത്ത്, കൂടിയാട്ടം എന്നിവയിൽ നിന്ന് വളൎന്നു പൊന്തിയ ഒരു കലയത്രേ കഥകളി.

കാലാകാലങ്ങളിൽ ജനങ്ങളുടെ കലാദാഹം ശമിപ്പിക്കാനെന്നപോലെ നൂതനകലകൾ ഉദയംചെയ്യാറുണ്ട്. അന്നുവരെ നിലനിന്നുപോന്ന കലകളിൽ നിന്നും രസകരമായ അംശംമാത്രം സ്വീകരിച്ച്, പുതിയ ആശയങ്ങളുടെയും ഭാവനയുടെയും വെളിച്ചത്തിൽ സൃഷ്ടിക്കപ്പെടുന്ന ഒരു കലാവിഭാഗത്തിനു് മാത്രമേ ജനസാമാന്യത്തിൻെറ കലാദാഹത്തെ ശമിപ്പിക്കാൻ കഴിയൂ; അത്തരത്തിലുള്ള കാവ്യങ്ങൾക്കു കാലത്തെ അതിജീവിക്കുവാനും കഴിയും. ഇക്കാര്യം കഥകളിയെ സംബന്ധിച്ച് എത്രമാത്രം പരമാൎത്ഥമാണെന്നു ചിന്തിക്കുക. ഈ പരിഷ്കാരത്തിന്റെ യുഗത്തിൽപ്പോലും നാമാവശേഷമാകാതെ ഉത്തരോത്തരം ഉല്ക്കർഷം പ്രാപിച്ചുവരുന്ന കഥകളിക്കു് സഹൃദയന്മാരുടെ കലാസ്വാദനോൽക്കണ്ഠയ്ക്കു് അറുതിവരുത്താൻ കഴിയുന്നുണ്ടു് എന്നുള്ളതു് ഏറെ അത്ഭുതകരംതന്നെ. എല്ലാത്തരം അഭിനയവും നൃത്തവും, നടനവും, വാദ്യമേളങ്ങളും, താളലയാദികളും ഉൾക്കൊള്ളുന്ന

ഒരു സമ്പൂർണ്ണകലാവിഭാഗമത്രേ കഥകളി. ശാസ്ത്രകളിയിലെ രസാഭിനയം, ഭാവാഭിനയം എന്നിവയും ചാക്യാർക്കൂത്തിലെ അഭിനയാംശങ്ങളും, കൂടിയാട്ടത്തിലെ നൃത്തം, മുദ്ര, വേഷം എന്നിവയും ഒന്നിച്ചെടുത്ത് സമഞ്ജസമായി കൂട്ടിയിണക്കി സൃഷ്ടിച്ച ഒരു നവീന ദൃശ്യകലയായിട്ടാണ് കഥകളിയെ കണക്കാക്കേണ്ടത്.

സംഗീതം സാഹിത്യം എന്നീ സുകുമാരകലകളുടെ സമ്മേളനംകൊണ്ട് സുന്ദരമാണ് കഥകളി. അഭിനയത്തിന്റെ കാര്യമോ? ആംഗികമോ വാചികമോ എന്തു തന്നെയായാലും ഒരു ഭാവനാശാലിക്ക് അയാളുടെ കഴിവു പ്രകടമാക്കാനും, ഒരു സഹൃദയന് ആവോളം രസിക്കാനും പററിയ അഭിനയം കഥകളിയിൽ അടങ്ങിയിരിക്കുന്നു. വാദ്യഘോഷങ്ങളാകട്ടെ ഒരു പ്രത്യേകാന്തരീക്ഷത്തിലേക്ക് പ്രേക്ഷകരെ നയിക്കുന്നു. പുരാണകഥകളാണ് കഥകളിക്കു വിഷയമാകുന്നതെന്നുണ്ടെങ്കിൽ ആത്മീയവും ഭൗതികവുമായ പല രഹസ്യങ്ങളും തത്വങ്ങളും സന്ദർഭോചിതമായി ആവിഷ്ക്കരിക്കുവാനുള്ള സാദ്ധ്യതയും ഈ കലാവിഭാഗത്തിനുണ്ടാവുകയും ചെയ്യുന്നു. ഇങ്ങനെ നോക്കിയാൽ കഥകളിയ്ക്കെന്താണൊരു കുറവ്? മേല്പറഞ്ഞവ ഓരോന്നും പ്രത്യേകം എടുത്തു കാട്ടുമ്പോൾ വിരൂപമാണെന്നു സമർത്ഥിക്കുവാനെളുപ്പമായിരിക്കാം; എന്നാൽ അവ സമ്മേളിക്കുമ്പോളുണ്ടാകുന്ന രാമണീയകം മറെറങ്ങും ലഭിക്കാവുന്നതല്ല എന്ന കാര്യം തീർച്ചയത്രേ. കേവലം നിസ്സാരമാണ് പഞ്ഞി; അതു വസ്ത്രമാകുമ്പോഴുള്ള ഭംഗി എത്ര മഹത്തായിരിക്കും.?

വളരെ പുറകോട്ടുപോയാൽ ഒരു പരമാർത്ഥം നമുക്കു കണ്ടെത്താൻ കഴിയും; കർഷകരായ ഗ്രാമീണജനതയിലാണ് കലകൾ വളരുന്നതെന്നും, കലയുടെ വിത്ത് കല

പ്പുകൊണ്ടു് ഉഴുതാണു് മുളപ്പിക്കുന്നതെന്നും. കേരളത്തിൽ ഈ നടനകല ഉത്ഭവിച്ചതു് നാട്ടിൻപുറങ്ങളിലാണു്. വിതപ്പൊഴുതു്, പുത്തരി, ഓണംകളി, പൂരംകളി, പടയണി മുതലായ പുരാതന കർഷകഗ്രാമീണ വിനോദങ്ങൾ ഇന്നും നിലനില്ക്കുന്നുണ്ടു്. നൃത്തഗീതവാദ്യങ്ങളുടെ സാഹചര്യം ഇവയിലെല്ലാം കാണുന്നു. ആ പുരാതനകലകളിലുള്ള നൃത്തഗീതവാദ്യങ്ങളാകട്ടെ ഏറെ നവീനമായ രീതിയിൽ ആര്യസംസ്കാരത്തോടു യോജിപ്പിച്ചു് മുളപ്പിച്ചെടുത്ത ഒരു കലാരൂപം ആയിരിക്കണം കഥകളി. മലയാളിയുടെ എല്ലാത്തരം പ്രത്യേകതകളും, വേഷം, മിതവാഗ്മിത്വം, വാസ്തവികത, തുടങ്ങിയവ പലതും, സമഗ്രമായി ഉൾക്കൊള്ളിക്കുവാൻ ആട്ടക്കഥാകാരന്മാർ ശ്രമിച്ചിട്ടുണ്ടു്. കഥകളിയുടെ വളർച്ചയുടെ ചരിത്രം അതിനു വേണ്ട തെളിവു നൽകും. വിശേഷതരമായ വേഷസംവിധാനം ഭാവരസങ്ങളെ നല്ലപോലെ പ്രകാശിപ്പിക്കുന്നതിനു് പ്രത്യേകം ഉതകുന്നു.

കഥകളിയുടെ ഒരു മെച്ചം ഭാവരസങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. കണ്ണുകൊണ്ടും കവിൾകൊണ്ടും പുരികംകൊണ്ടും ചുണ്ടുകൾകൊണ്ടും മാത്രം ഭാവരസം കാണിക്കാനുള്ള പ്രത്യേകമായ അഭിനയപാടവം കേരളത്തിന്റെ സൃഷ്ടിയത്രേ. കൈമുദ്രകൾകൊണ്ടു സംഭാഷണം നിർവ്വഹിക്കുന്ന ഒരു പ്രത്യേകത കഥകളിക്കു വിശേഷിച്ചുണ്ടു്. മനുഷ്യൻ സംസാരിക്കുമ്പോൾ അവൻ അറിയാതെ തന്നെ ആംഗികചിഹ്നങ്ങളുണ്ടായിപ്പോകുന്നുണ്ടല്ലോ. അപ്പോൾ ആംഗികവും വാചികവും ആഹാര്യവുമായ ചലനങ്ങൾകൊണ്ടു് ആശയം രസകരമായി വെളിപ്പെട്ടുമെങ്കിൽ ചിന്തിക്കാനും പഠിക്കാനും അതിൽപ്പലതും ഉണ്ടെന്നു കാണാൻ ഒരു ഭാവനാസമ്പന്നനു് കഴിയുകയും ചെയ്യും.

“കഥകളി കളിയല്ല; അതു് കാര്യസാരസമ്പൂർണ്ണമാണു്; കേരളകലാസംസ്കാരത്തിന്റെ ഉത്തമോദാഹരണമാണതു്” കേരളത്തിന്റെ വ്യക്തിമഹത്വത്തിനും സൗകുമാര്യത്തിനും നിദർശനമായി ഇതിനൊപ്പം മറ്റൊന്നില്ല. “ആര്യാവർത്തത്തിലും ദക്ഷിണാവർത്തത്തിലും ഗൈർവ്വാണി ധാരാളം ചെല്ലിയാട്ടം നടത്തിയിട്ടുണ്ടെങ്കിലും കൂടിയാട്ടം നടന്നതു് കേരളത്തിലാണു്; ആര്യസംസ്കാരസാഗരത്തിലെ സത്തു് അടഞ്ഞതു് പരശുരാമക്ഷേത്രത്തിലാണു്.” സാഹിത്യത്തിലും സംഗീതത്തിലും, ശാസ്ത്രത്തിലും കലയിലും, വൃത്തിയിലും ആചാരത്തിലും, എന്നല്ല വൈദികവും ലൗകികവുമായ ധർമ്മങ്ങളിലെല്ലാം തന്നെ അന്യാദൃശമായ ഒരു നൂതനപരിണാമം കേരളത്തെ ഇന്നു് അനുഗ്രഹിച്ചിട്ടുണ്ടു്. കഥകളിയുടെ കാര്യത്തിൽ പ്രത്യേകിച്ചു് എടുത്തു പറയുവാനുള്ളതു് ഇതത്രേ. കേരളത്തിന്റെ പുരാതനങ്ങളും സംസ്കാരികസാമൂഹ്യജീവിതത്തിലെ ഘടകങ്ങളും ആയ പലകാര്യങ്ങളും കേരളീയമായ മട്ടിൽത്തന്നെ ഒററക്കലയിൽ ഒന്നുചേർന്നു കാണുന്നുണ്ടെങ്കിൽ അതു് കഥകളിയിൽ മാത്രമാണു്. ദൃശ്യകലകളിൽവച്ചു് മഹത്തരവും അത്യുന്നതവുമായ ഒരു സ്ഥാനമാണു് കഥകളിക്കുള്ളതെന്നു് ഇതിൽനിന്നും വെളിപ്പെടുന്നു.

## II

# ആട്ടക്കഥ-നാടകം. വ്യത്യാസങ്ങൾ

1. ആട്ടക്കഥകളെല്ലാംതന്നെ നൃത്യം എന്ന ദൃശ്യകലാവിഭാഗത്തിലാണു് ഉൾപ്പെടുന്നതു്. ദൃശ്യകലകൾക്കു് ഭാരതീയനാട്യശാസ്ത്രജ്ഞന്മാർ നൃത്യം, നൃത്തം, നാട്യം എന്നു മൂന്നു വിഭാഗങ്ങൾ കല്പിച്ചിട്ടുണ്ടു്. അതിൽ നാടകം നാട്യം എന്ന ഇനത്തിലുൾപ്പെടുന്നു.

"വീരശൃംഗാരയോ രേക-
പ്രധാനംയത്രവർണ്ണ്യതേ
പ്രഖ്യാതനാടകോപേതം
നാടകം തദുദാഹൃതം."

എന്നാണു് നാടകത്തിനു് സാമാന്യമായി നൽകപ്പെട്ടിരിക്കുന്ന ലക്ഷണം. രസങ്ങളിൽ വീരമേ ശൃംഗാരമോ ഒന്നു പ്രധാനമായിരിക്കണം; നായകൻ പ്രഖ്യാതനായിരിക്കണം; ഇതിവൃത്തവും അതുപോലെ തന്നെ; അങ്കങ്ങൾ അഞ്ചുമുതൽ പത്തുവരെയാകാം; മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവ്വഹണം എന്നീ പഞ്ചസന്ധികൾ ഘടിപ്പിക്കുക ആവശ്യമാണു്. ഇതെല്ലാമാണു് നാടകത്തിന്റെ പ്രത്യേകതകൾ.

നാട്യമെന്നതു് വാക്യാർത്ഥാഭിനയവും തന്മൂലം രസാശ്രയവുമാണല്ലോ. അതിന്റെ ഗണ്യമായ ഒരു വിഭാഗമാകുന്നു നാടകം. അതിൽ കാണാവുള്ള പ്രകാരം ഒരു വാക്യത്തിന്റെ ആകെക്കൂടിയുള്ള അർത്ഥത്തെ വ്യഞ്ജിപ്പിക്കുവാൻ മാത്രം ഭാവരസപ്രകടനത്തോടുകൂടെ അഭിനയിച്ചാൽ മതിയാകും. വാചികാഭിനയ പ്രധാനമാകയാൽ രംഗത്തുവച്ചു് നടന്മാർ അന്യോന്യം അഭിമുഖ സംഭാഷണം മൂലം കഥാഘട്ടങ്ങളെ പ്രത്യക്ഷപ്പെടുത്തുകയേ ഇതിൽപ്പാടുള്ളു. വീരശൃംഗാരകരുണങ്ങളിലൊന്നു് ആശ്രയമായിരിക്കണം. രസാശ്രയം എന്നു പറഞ്ഞതുകൊണ്ടു് എല്ലാ രസങ്ങളും അവലംബമായിരിക്കണമെന്നില്ല. കഥയെ മുഴുവൻ പൊതുവേ ബാധിക്കുന്ന ഒന്നായിരിക്കണം എന്നേ അതിനു് അർത്ഥമുള്ളു. അഭിനയവേളയിൽ ഇതരരസങ്ങൾ സന്ദർഭാനുസരണം വരാം.

എന്നാൽ നാടകത്തിനുള്ള ചില പ്രത്യേകതകളില്ലാത്തതും നാടകത്തിനില്ലാത്ത ചില വിശേഷതകൾ ഉൾക്കൊള്ളുന്നതുമായ കഥകളി നൃത്യം എന്ന വിഭാഗത്തി

ലാണു പെടുന്നതു്. ഭരതമുനിയുടെ പക്ഷം പദാൎത്ഥാഭിനയപ്രധാനവും തന്മൂലം ഭാവാശ്രയപ്രധാനവുമായ ദൃശ്യകലയാണു് നൃത്യം എന്നത്രേ. നടന്മാർ രംഗത്തു വേഷം കെട്ടിവന്നു് പിന്നിലുള്ള താളമേളസമന്വിതമായ പാട്ടിന്റെ അൎത്ഥം വ്യക്തമാകത്തക്കവണ്ണം പദംപ്രതി ഹസ്തമുദ്രകാട്ടുകയും സ്ഥായിവിടാതെ സന്ദർഭോചിതമായ സ്തോഭങ്ങളെ പ്രകടിപ്പിക്കുകയും പാദംകൊണ്ടു ഏകകാലത്തിൽ താളംപിടിക്കുകയും ചെയ്യണമെന്നാണു് നൃത്യത്തിന്റെ വ്യവസ്ഥ. മിക്കവാറും ആംഗികമായ അഭിനയംകൊണ്ടുതന്നെ ഇതിൽ ഭാവങ്ങളെ വ്യഞ്ജിപ്പിക്കേണ്ടതാണു്. ഒററക്കൈകൊണ്ടും രണ്ടുകൈകൾ കൊണ്ടും മുദ്രകൾ അഭിനയിക്കുമ്പോൾ അവയുടെ ഉപയോഗക്രമം അനുസരിച്ചു് ഭാവരസസ്ഫുരണങ്ങളും സാധിച്ചുകൊള്ളേണ്ടതാകുന്നു.

2. കഥകളിയുടേയും നാടകത്തിന്റേയും രംഗവിധാനം ഭിന്നമാണു്. കഥയിൽനിന്നു കിട്ടാവുന്ന പശ്ചാത്തലമല്ലാതെ കഥകളി നടത്തുമ്പോൾ വിശേഷാൽ രംഗവിധാനമൊന്നും കാണിയ്ക്കാറില്ല. ഒരു തിരശ്ശീലയാണു് രംഗങ്ങളെ മാററുവാൻ ഉപകരണമായിട്ടുള്ളതു്. നാടകത്തിലും തിരശ്ശീലയുണ്ടെങ്കിലും ഓരോ രംഗത്തിലും പ്രത്യേക സജ്ജീകരണങ്ങളുണ്ടായിരിക്കും. കഥകളിയിൽ രംഗം മാറുന്നതോടേ രംഗോപകരണങ്ങൾ മാറുന്നില്ലെന്നൎത്ഥം. പറയത്തക്ക രംഗോപകരണങ്ങളൊന്നും കഥകളിക്കില്ല. പണ്ടത്തെ രീതിയനുസരിച്ചാണെങ്കിൽ ഉരൽകമഴ്ത്തിയിട്ടാണു് ഇരിപ്പിടം സൃഷ്ടിക്കുന്നതു്; ഇന്നു് അതു് പരിഷ്കരിച്ചു് ഒരു ചെറിയ നാല്ക്കാലിയാക്കിയെന്നു മാത്രം ഭേദമുണ്ടു്. വീടിന്റെയോ, ഉദ്യാനത്തിന്റെയോ കൊട്ടാരത്തിന്റെയോ, യുദ്ധഭൂമിയുടെയോ പശ്ചാ

ത്തലഭംഗി കാണിക്കുന്ന തിരശ്ശീലകളോ, തട്ടികളോ ആകട്ടെ, മേശ, കസേര, കണ്ണാടി തുടങ്ങിയ ഉപകരണങ്ങളോ ആകട്ടെ കഥകളിരംഗത്തു് ആവശ്യമില്ല. കഥ നടക്കുന്ന സ്ഥലത്തേക്കുറിച്ചും മററും കാണികൾ ഊഹിച്ചുകൊള്ളുകയാണു് ആവശ്യം. നാടകത്തിൽ ഈ ഒരു ബുദ്ധിമുട്ടു് ഇല്ലെന്നു പറയാം. രംഗസംവിധാനവും പശ്ചാത്തലവും നോക്കിയാൽ എവിടെയാണു് കഥനടക്കുന്നതെന്നു് നാടകത്തിൽ അറിയാൻ കഴിയും. കുറെക്കൂടി തന്മയീഭാവം വരാനായിരിക്കാം നാടകത്തിൽ ഇതു് സ്വീകരിച്ചിരിക്കുന്നതു്. തന്നെയുമല്ല, കഥകളിയിലെപ്പോലെ വേഷവിധാനങ്ങളുടെ വൈവിധ്യവും മററുംകൊണ്ടു് കഥാപാത്രസ്വഭാവം ഏറെക്കുറെ പ്രേക്ഷകനു് ഊഹിക്കുവാൻ കഴിയുമെന്നിരിക്കെ നാടകത്തിൽ അതിനുള്ള സൗകര്യം വളരെക്കുറവാകയാലായിരിക്കണം പശ്ചാത്തലരംഗസംവിധാനങ്ങൾക്കു പ്രാമുഖ്യം നൽകപ്പെട്ടിരിക്കുന്നതു് എന്നും കരുതാം.

3. കഥകളിയിലെ രസത്തിനു് അംഗാംഗിഭാവനിർബന്ധമില്ല. ഓരോ അംഗവും ഒരു പ്രധാന രസത്തെ പരിപോഷിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. ശൃംഗാരം, വീരം തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നു് അംഗിയാണു് എന്നും പറയാൻ സാദ്ധ്യമല്ലാത്ത മട്ടിൽ മററു പലരസങ്ങളും കഥകളിയിൽ കാണാറുണ്ടെന്നും ഒന്നിനു് മറെറാന്നു് അംഗമായി നില്ക്കുന്നില്ലെന്നും സാരം. എന്നാൽ നാടകത്തിനാകട്ടെ വിഭാവാനുഭാവസഞ്ചാരീഭാവങ്ങളുടെ സാഹായ്യത്താലും ആലംബനോദ്ദീപന വി

ഭാവങ്ങളുടെ സമാശ്രയത്താലും വളൎന്നു പുഷ്ടിപ്പെടുന്ന സ്ഥായിഭാവം രസമായിപ്പരിണമിക്കുകയും അതു് അംഗിയായി നിലകൊള്ളുമ്പോൾ മററു ഭാവങ്ങൾ അഥവാ രസങ്ങൾ ഔചിത്യപൂർവ്വം അംഗങ്ങളായി നിലകൊള്ളുകയും ചെയ്യും. ഇങ്ങനെ ഒരു രസത്തെ അംഗിയായിപ്പിടിച്ചു് അതിൻെറ പോഷണത്തിനായി ഇതരരസങ്ങളെ പ്രകടിപ്പിക്കുന്ന സമ്പ്രദായം നാടകം തുടങ്ങിയ രൂപകങ്ങൾക്കുമാത്രമേയുള്ളു.

4. പോരിനുവിളി, വധം, യുദ്ധം, സംഭോഗം മുതലായി നാടകങ്ങളിൽ വജ്ജ്യമായിട്ടുള്ളവയ്ക്കു കഥകളിയിൽ പ്രവേശമുണ്ടു്. പ്രധാന കഥകളികളൊക്കെയും വധങ്ങളാണു്. അതിനീരസജനകങ്ങളും അശ്ലീലങ്ങളുമായ കാര്യങ്ങൾ പോലും ആട്ടക്കാർ രംഗത്തിൽ പ്രയോഗിക്കും. നാടകത്തിൽ ഇവ നിശ്ശേഷം വിലക്കപ്പെട്ടിരിക്കുന്നു എന്നുതന്നെ പറയാം. യുദ്ധം, കൊല, തുടങ്ങിയവ കഥാഗതിയിലുണ്ടാകുന്നുവെങ്കിൽ കഥാപാത്രങ്ങളുടെ സംഭാഷണത്തിൽക്കൂടെ അതു് രംഗസ്ഥിതരെ ധരിപ്പിക്കുകയാണു് നാടകത്തിൽ ചെയ്യാറുള്ളതു്.

5. കഥയെ വേണ്ടവണ്ണം കൂട്ടിച്ചേർത്തു് ഘടിപ്പിക്കുന്ന വിഷയത്തിൽ ആട്ടക്കഥാകൃത്തുകൾ തീരെ ശ്രദ്ധിക്കാറില്ല. ഒരു പ്രധാനകഥയിൽ പല ഉപകഥകളും അപ്രധാന സംഭവങ്ങളും നടക്കാം. അവയൊന്നും സാധാരണ ഗതിയിൽ കഥകളിയിൽ പ്രകടിപ്പിക്കാനൊത്തു എന്നു വരികയില്ല. അപ്പോഴെല്ലാം ഏതെങ്കിലും തരത്തിൽ പ്രധാന കഥയോടു് അവ ഘടിപ്പിക്കുവാൻ ഒരു

ലഘുപ്രയത്നം അവർ നടത്തും. അതു ചിലപ്പോൾ വിജയിച്ചു എന്നു വരാം; മിക്കവാറും പരാജയപ്പെട്ടുകയായിരിക്കും. ദ്വേഷത്തിന്റെ വൈവിധ്യത്തിനു യോജിച്ച മട്ടിലാണ് കഥകളിയിൽ രംഗങ്ങൾ അടുക്കുന്നത്. നാടകത്തിൽ അങ്ങനെയല്ല. നാടകകത്താവു് വളരെ കരുതലോടെ കൈകാര്യം ചെയ്യേണ്ടുന്ന ഒന്നാണ് രംഗങ്ങളുടെ സംവിധാനം. വേണ്ടത്ര പരിണാമഗുപ്തിയോടുകൂടി, ഉൽക്കണ്ഠ വദ്ധിപ്പിക്കുമാറു്, ഭാവരസങ്ങൾക്ക് വൈവിധ്യമുണ്ടാകത്തക്കവണ്ണം, എല്ലാക്കഥാപാത്രങ്ങളേയും അത്യാവശ്യമുള്ള രംഗത്തു മാത്രം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു്, എന്നാൽ രംഗവൈചിത്ര്യം സ്പഷ്ടമായുണ്ടാകുന്ന മട്ടിലാണ് നാടകകൃത്തുകൾ നാടകനിമ്മിതി നടത്തുന്നത്.

6. കഥകളിയിൽ, നേരത്തെ സൂചിപ്പിച്ചതുപോലെ നാട്യവിഭാഗത്തിലെ പ്രധാന പഞ്ചസന്ധികൾ ഘടിപ്പിക്കാറില്ല. അതിന്റെ ആവശ്യവുമില്ല. മുഖം, പ്രതിമുഖം തുടങ്ങിയ അഞ്ചുസന്ധികളും സന്ധികളുടെ അംഗങ്ങളും ഉത്തമനാടകങ്ങളിലുണ്ടായിരിക്കും. കാളിദാസന്റെ ശാകുന്തളത്തിൽ ഏറെ വ്യക്തമായ മട്ടിൽ തന്നെ സന്ധികൾ ഘടിപ്പിച്ചിട്ടുണ്ടെന്നു കാണാം. നളചരിതം കഥകളിയിലാകട്ടെ ഉണ്ണായിവാര്യർ ഇക്കാര്യത്തിൽ തെല്ലു ശ്രദ്ധിച്ചിട്ടുണ്ടെന്നു സൂക്ഷ്മപരിശോധനയിൽ വെളിപ്പെടും. എല്ലാക്കഥകളികത്താക്കന്മാരും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തിക്കണ്ടിട്ടില്ല.

7. ഏതു രസത്തേയും ചിത്രീകരിച്ചു് രസാഭാസമാക്കിത്തീക്കുവാനാണ് എല്ലാ ആട്ടക്കഥാകത്താക്കന്മാ

ക്കും കഴിഞ്ഞിട്ടുള്ളതെന്നു തോന്നാറുണ്ടു്. രസം ചിത്രീകരിച്ചു് ഒടുവിൽ എല്ലാം ബീഭത്സം എന്ന ഒറ്റരസമാക്കിമാററുന്ന ഒരു ചെപ്പടിവിദ്യ അവൎക്കുണ്ടു്. ഇതിൽ ഏറ്റവും വലിയ അമളി പററിപ്പോകുന്നതു് രസരാജനായ ശൃംഗാരത്തെ ചിത്രീകരിക്കുമ്പോഴായിരിക്കും. സഭ്യതയുടെ സീമലംഘിക്കരുതെന്നും മറ്റും ഗ്രന്ഥകൎത്താക്കന്മാൎക്കു ശ്രദ്ധയില്ലെങ്കിൽ, പിന്നെ അഭിനയിക്കുന്ന സമൎത്ഥന്മാരായ നടന്മാൎക്കു് അല്പം നിറംകൂട്ടി അഭിനയിക്കുന്നതിലെന്താണു് തകരാറു്? സംഭോഗ ശൃംഗാരംതന്നെ ഉദാഹരണമായി എടുക്കാം. നായികാനായകന്മാർ തമ്മിലുണ്ടാകുന്ന രതി കഴിയുന്നത്ര അസഭ്യമായമട്ടിൽ ചിത്രീകരിച്ചു് രംഗസ്ഥിതരിൽ ജുഗുപ്സ ഉളവാക്കുക എന്നതുവരെ എത്തിയിട്ടേ ആ ശൃംഗാരം അവസാനിക്കുകയുള്ളു. നാടകത്തിൽ ഇത്രമാത്രം ആഭാസകരമായി ഒരു രസവും പ്രതിപാദിക്കപ്പെടാറില്ല. ഉദ്ദിഷ്ടരസം പൂൎണ്ണതയിലെത്താത്തതു കൊണ്ടുള്ള കുറവല്ലാതെ രസാവിഷ്കരണം അതിരുകടന്നുപോയി എന്നൊരുദോഷം നാടകരചനയിൽ തൽക്കൎത്താക്കൾക്കു പറ്റാറില്ല.

ഇങ്ങനെ വളരെ വ്യക്തമായിക്കാണാൻ കഴിയുന്ന പല ഭേദങ്ങളും നാടകങ്ങൾക്കും ആട്ടക്കഥകൾക്കും തമ്മിലുണ്ടു്. സൂക്ഷ്മങ്ങളായ മററു ചില അംശങ്ങളിലും ഭിന്നത കണ്ടെത്താൻ കഴിയും. സ്ഥലകാലങ്ങളുടെ ഐക്യത എന്ന ഒരു അംശത്തിൽ കഥകളി പ്രത്യേകം ശ്രദ്ധിക്കുന്നില്ല. പുരാണകഥകളാണു് ആട്ടകഥയ്ക്കുപയോഗിക്കുന്നതു് എന്നുള്ളതിനാൽ കാലപരിഗണനയോ സ്ഥലനിർദ്ദേശമോ അതിൽ പ്രയാസമായിരിക്കും. ഇത്രകാലം

കൊണ്ടു് കഥ അവസാനിക്കുമെന്നോ ഇന്ന സ്ഥലത്തെ ആചാരവിശേഷതയാണു് വെളിപ്പെടുത്താനുള്ളതെന്നോ കഥകളികർത്താക്കന്മാൎക്കു ചിന്തയില്ല. എന്നാൽ നാടകത്തിലാകട്ടെ, സ്ഥലകാലാംശങ്ങളുടെ ഐക്യതയിൽ, ശ്രദ്ധ ചെലുത്തേണ്ടതു് ആവശ്യമാണെന്നു ആധുനികനാടകകർത്താക്കൾക്കു ബോദ്ധ്യം വന്നു തുടങ്ങിയിട്ടുണ്ടു്. മൗലികമായി മേല്പറഞ്ഞ വ്യത്യാസങ്ങൾ നാടകത്തിനും ആട്ടക്കഥയ്ക്കും തമ്മിലുണ്ടെന്നു് കാണാൻ പ്രയാസമില്ല.

## III

## ദക്ഷയാഗം കഥകളിയിൽ-മൂലഗ്രന്ഥത്തിൽനിന്നും വരുത്തീട്ടുള്ള വ്യതിയാനവും ഔചിത്യവും

ഭാഗവതത്തിലെ കഥയെയാണു് ആട്ടക്കഥാകർത്താവു് മൂലമായി അംഗീകരിച്ചിരിക്കുന്നതു്. എന്നാൽ പുരാണകഥയെ അപ്പാടെ ആട്ടക്കഥയിലേക്കു പകർത്താൻ കവി ശ്രമിച്ചുകാണുന്നില്ല. ഉചിതമെന്നു തോന്നിയ പല വ്യതിയാനങ്ങളും ഇതിൽ വരുത്തിയിരിക്കുന്നതായിക്കാണാം. അവയിൽ ഏററവും പ്രധാനങ്ങളായവയെ മാത്രം എടുത്തു കാണിക്കുന്നു.

1. ദക്ഷപുത്രിയായ സതി അയോനിജയാണെന്നു ഭാഗവതം പറയുന്നില്ല. എന്നാൽ കഥകളിയാകട്ടെ "പങ്കംപോക്കുന്ന കാളിന്ദിയിൽ മുഴുകി മുദാ പത്മപത്രേ വിളങ്ങും ശംഖം തൻകയ്യിലാക്കുന്നളവിലതുമഹോ കന്യ

VIBUPRASE



കാരണമായി" എന്നാണ് സതിയുടെ ഉത്ഭവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ദക്ഷന്റെ നിഗ്രഹത്തിന്ന് സതി ശിവനോട്ട് അഭ്യർത്ഥിക്കുന്നതായി കഥകളിയിൽ വരുത്തിയിട്ടുണ്ടല്ലോ. മകളെന്നനിലയിൽ അത് ഉചിതമായിരിക്കയില്ല എന്നു കരുതി, അയോനിജയാക്കി സതിയെ സൃഷ്ടിച്ചാൽ ആ കുഴപ്പം പരിഹരിക്കാമെന്നായിരിക്കുമോ കഥകളീകർത്താവിന്റെ യുക്തി എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

2. സതിയുടെ തപസ്സുനടക്കുമ്പോൾ കരാളദംഷ്ട്രൻ എന്നു പേരുള്ള ഒരു അസുരൻ കഥകളിയിൽ പ്രത്യക്ഷപ്പെടുന്നതായി പ്രസ്താവിക്കുന്നുണ്ട്. പുരാണകഥയിലില്ലാത്ത ഈ നൂതനാവതരണം രണ്ടു പ്രധാന കാര്യങ്ങൾ നേടുന്നതിനായിട്ടായിരിക്കണം. സതിയുടെ തപസ്സിന്റെ ഉഗ്രതയേയും ചാരിത്രമഹിമയേയും ശക്തിമത്തായി വെളിപ്പെടുത്തുവാനും കത്തിവേഷം ഇല്ല എന്ന കുറവ് പരിഹരിക്കാനുമാണ് ഈ വ്യതിയാനം എന്നു പറയേണ്ടിയിരിക്കുന്നു. വിവിധവേഷങ്ങളുടെ പ്രവേശനം കഥകളിയ്ക്കുണ്ടായിരിക്കണം; എങ്കിലേ രസവൈചിത്ര്യം അനുഭവപ്പെടുകയുള്ളു. അതിനാൽ ഈ കത്തിവേഷത്തിന്റെ അവതരണം സമുചിതമായിട്ടുണ്ട്. തന്നെയുമല്ല സതീദേവിയുടെ പാതിവ്രത്യനിഷ്ഠയുടെ ശാണോപലമാണ് ഈ അസുരക്രന്ദനം എന്ന കഥാംശം. സതിയുടെ സ്വഭാവവൈശിഷ്ട്യത്തേയും ഇതു വെളിപ്പെടുത്തുന്നുണ്ട്.

3. കഥകളിയിലെ സതിയുടെ തപസ്സ് പാർവ്വതിയുടെ തപസ്സിനേയും "പുരാരിയുടെ ജരാതുരക്ഷോണിസുരാ

കൃതി" കാളിദാസകൃതമായ കുമാരസംഭവത്തിലെ വടുവിനേയും അനുകരിക്കുന്നു എന്നു സ്പഷ്ടമായിട്ടെങ്കിലും വർണ്ണിച്ചുകാണിക്കുവാനാകാം സതിയുടെ വിയോഗവ്യഥ ഇതിൽ പ്രത്യേകം ചേർത്തിരിക്കുന്നതു്.

4 സരസ്വതിയെ സതിയുടെ സഖിയായി ഇതിൽ കല്പിച്ചിരിക്കുന്നതു് മറെറാരു വ്യതിയാനമാണു്. സതിയുടെ സഖിയാണു് വാണി എന്നു വന്നാൽ അത്രമാത്രം ഉൽക്കർഷം നായികയ്ക്കുണ്ടാകുമല്ലോ എന്ന ചിന്തയായിരിക്കാം ഇതിൻെറ പിന്നിലുള്ളതെന്നു തോന്നുന്നു. അതോ ഒരു ലളിതാവേഷം നിർദ്ദോഷമായി അവതരിപ്പിക്കുവാൻ ചെയ്തതാണോ എന്നും തീർച്ചപ്പെടുത്താൻ നിവൃത്തിയില്ല.

5. സതിയെ ദക്ഷൻെറ അനുവാദം കൂടാതെ ശിവൻ സ്വഗൃഹത്തിലേക്കു കൊണ്ടുപോയതും ദക്ഷൻ കുപിതനായി കൈലാസത്തിൽ ചെന്നതും ദ്വാരപാലകനായ നന്ദി ദക്ഷനെ ആട്ടിപ്പായിക്കാൻ ശ്രമിച്ചതും എല്ലാം ഭാഗവതത്തിൽ പ്രസ്താവിച്ചിരിക്കുന്ന ശിവവിരോധത്തെ സമുചിതമായി പ്രകടിപ്പിക്കാൻ കെട്ടിച്ചമച്ച പൊടിപ്പും തൊങ്ങലുമത്രേ. ദക്ഷനെ കഥയിൽകൊല്ലുന്നുണ്ടല്ലോ. കൊല്ലത്തക്കവിധം ഒരു ഹേതുവും കഥയിൽ തന്നെ സമുചിതമായി അവതരിപ്പിക്കേണ്ടതാണു്. ശിവനു് ഹവിർഭാഗം കൊടുക്കുന്നില്ലെന്നുള്ള ശപഥം ഉണ്ടാകാനും സതിയെ ഭത്സിക്കാനും മററും ശരിയായ കാരണം വേണം. ആ കാരണം കഥാഗതിയിൽ സംഭവങ്ങളിൽകൂടി ചിത്രീകരിച്ചുകാണിച്ചു് പ്രേക്ഷകരുടെ

അവിശ്വാസ്യതയെ കഴിവതു കുറയ്ക്കുവാനാണ് ഗ്രന്ഥകർത്താവ് ഈ വ്യതിയാനം വരുത്തിയതു് എന്നുപറയാം.

6. പുരാണത്തിലുള്ള മട്ടിൽ സതി കഥകളിയിൽ അഗ്നിപ്രവേശം ചെയ്യുന്നില്ല. കഥയുടെ പ്രാധാന്യത്തിന്റെ ഒരു പങ്കു വഹിക്കുന്ന കഥാനായികയെ കഥാമദ്ധ്യത്തിൽ കൊല്ലുന്നതു് അനുചിതമെന്നു തോന്നുകയാലും കഥാഗതിക്കു് വിഘാതമോ ഭാവഭംഗമോ വന്നേക്കുമെന്നുള്ള ശങ്കയാലും സതിയുടെ അഗ്നിപ്രവേശം ആട്ടക്കഥാകൃത്തു് ഉപേക്ഷിച്ചതാവാം.

7. നാരദൻ കലഹപ്രിയനായി രണ്ടുസ്ഥലത്തും പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും പുരാണത്തിലെ നാരദൻ സതീദാഹത്തെയാണ് ശിവനെ അറിയിക്കുന്നതു്. കഥകളിയിലെ നാരദനാകട്ടെ ഏഷണിക്കാരന്റെ തനി സ്വഭാവം കൈക്കൊണ്ടു് ദക്ഷൻ നടത്താനുദ്ദേശിക്കുന്ന യാഗത്തെക്കുറിച്ചും അയാളുടെ ദുർവ്വാരഗർവ്വാന്ധതയോടു കലർന്ന ദുർഭാഷണത്തേയും ആണ് ശിവനെ ധരിപ്പിക്കുന്നതു്.

8. ഈ കഥകളിയിൽ കാണുന്ന ഭദ്രകാളിയും ദധീചിയും നൂതനസൃഷ്ടികളാണ്. ഭദ്രകാളിയെ അയച്ചതു് രുദ്രവല്ലഭയായ സതിയാണെന്നുകൂടി പറഞ്ഞിട്ടുണ്ടു്. അധർമ്മധ്വംസനത്തിനും ധർമ്മപരിപാലനത്തിനും വേണ്ടി പാർവ്വതീപരമേശ്വരന്മാർ ഒന്നുപോലെ പ്രവർത്തിക്കുന്നു എന്നു കാണിക്കാനാവാം ഇതു് വരുത്തിയിരിക്കുന്നതു്.

ഇതു കൂടാതെ തന്നെ ദേവന്മാർ ബ്രഹ്മാവോടൊന്നിച്ചു് മഹേശൻെറയടുക്കൽ ചെല്ലുന്നു എന്നു് പുരാണത്തിൽക്കാണുന്നെങ്കിലും ഇതിൽ മഹേശൻ സ്വയം യാഗശാലയിലേക്കുചെല്ലുന്നതായിട്ടാണു് കാണിച്ചിരിക്കുന്നതു്. വൃദ്ധാസ്ഥൂലത കുറയ്ക്കുവാൻ ആയിരിക്കണം ഇതു ചെയ്തതു്. ശിവൻ കടുംകൈയാണു് ചെയ്തതെങ്കിലും ദക്ഷൻെറ എല്ലാ അഹങ്കാരവും ശമിച്ച സ്ഥിതിക്കു് അയാൾക്കു് ജീവനും അനുഗ്രഹവും ദാനം ചെയ്യുന്നതു് ശിവൻ അങ്ങോട്ടുതന്നെ ചെന്നാകയാൽ അതു് ഏററവും ഉചിതമായിത്തന്നെയിരിക്കുന്നു.

ഇങ്ങനെ പുരാണകഥയിൽ നിന്നു് പ്രധാനമായി വരുത്തിയിട്ടുള്ള വ്യതിയാനങ്ങളെക്കുറിച്ചു് സമഗ്രമായും സൂക്ഷ്മമായും ചിന്തിക്കുമ്പോൾ ഔചിത്യഭംഗിക്കുവേണ്ടിത്തന്നെയാണു് അവ നിലകൊള്ളുന്നതെന്നു മനസ്സിലാക്കാൻ കഴിയും. "അനൗചിത്യാദൃതേ നാന്യത് രസഭംഗസ്യകാരണം" എന്ന അഭിജ്ഞമതം സർവ്വാദരണീയമാണല്ലോ.

# IV

# ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകളിൽ "ദക്ഷയാഗ"ത്തിൻെറ സ്ഥാനം

കവിതാശക്തികൊണ്ടും സുകുമാരപദപ്രയോഗവിശേഷതയാലും കവികളുടെ കൂട്ടത്തിൽ സമുന്നതമായ ഒരു സ്ഥാനം അലങ്കരിച്ചയാളാണു് ഇരയിമ്മൻതമ്പി. തമ്പി

യുടെ ഭാഷാലാളിത്യം വളരെ പ്രസിദ്ധമാണ്. ജന്മസിദ്ധമായ നമ്മബോധം അദ്ദേഹത്തിൻെറ ഒരു സവിശേഷതയെന്നവണ്ണം ശൃംഗാരപ്പദങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. "ഓമനത്തിങ്കൾക്കിടാവോ" എന്നു തുടങ്ങുന്ന സരളമധുരമായ ഗാനം മറക്കുന്ന ഒരു സഹൃദയനും കേരളത്തിൽ കാണുകയില്ല. സംഗീതഗുണവുംസാഹിത്യഭംഗിയും തിങ്ങുന്ന നിരവധി പദങ്ങൾ കൈരളിക്കു കാഴ്ച വച്ച ഒരാളെന്ന നിലയിൽ സാഹിത്യകാരന്മാരും സംഗീതജ്ഞന്മാരും കഥകളിലോകവും തമ്പിയെ ബഹുമാനപുരസ്സരം എന്നും സ്മരിക്കുകതന്നെ ചെയ്യും. തിരുവാതിരയ്ക്കും മററും കൈകൊട്ടിപ്പാടാൻ തമ്പിയുടെ കഥകളികളിലെ പദങ്ങൾ ഇന്നും കണക്കില്ലാതെ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നുള്ളതുതന്നെ അദ്ദേഹത്തിൻെറ കൃതികളുടെ പ്രചാരത്തേയും പ്രസിദ്ധിയേയും പ്രകടിപ്പിക്കുന്ന ഒരു കാര്യമാണ്.

ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകൾ മൂന്നെണ്ണമാണ്. ഉത്തരാസ്വയംവരം, കീചകവധം, ദക്ഷയാഗം. കഥകളിക്കാർ സാധാരണ ആടിവരാറുള്ള കഥകളാണിവ. അതുകൊണ്ടുതന്നെ ആട്ടക്കഥകളുടെകൂട്ടത്തിൽ ഇവക്കുള്ള പ്രസിദ്ധി ഊഹിക്കാവുന്നതാണ്. സംസ്കൃതം മലയാളം എന്നീ ഭാഷകളിൽ അപാരമായ വൈദഗ്ധ്യവും കവിതാവാസനയും, രസജ്ഞാനവും, ഔചിത്യവും, കല്പനാശക്തിയും, യുക്തിബോധവും എന്നു വേണ്ട ഒരു കഥകളിയുണ്ടാക്കുന്നതിനാവശ്യമായ സകല ഗുണങ്ങളും തമ്പിയിൽ ഉണ്ടായിരുന്നു എന്നു് ഈ ആട്ടക്കഥകൾ വിളിച്ചു

പറയുന്നുണ്ടു്. ആടാനും പാടാനും കൊള്ളാവുന്ന അപൂർവ്വം ചില കഥകളികളിൽ വച്ചു് പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളവയാണു് തമ്പിയുടെ ആട്ടക്കഥകൾ.

"കോട്ടം വിട്ടഥ കോട്ടയംകഥകൾ നാ-
ലഞ്ചാതെ വഞ്ചീശ്വര-
ശ്രേഷ്ഠൻ തന്നുടെനാലു്, തമ്പിയുടെ മൂ-
ന്നൊന്നാക്കരീന്ദ്രൻെറയും" എന്നശ്ലോകഭാഗം ഇവയ്ക്കുള്ള സർവ്വാദരണീയതയെ ഉൽഘോഷിക്കുന്നുണ്ടല്ലോ. സംസ്കൃതഭാഷയും മലയാളഭാഷയും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടു് അദ്ദേഹം രചിച്ചിരിക്കുന്ന പദങ്ങളുടെ സൗകുമാര്യവും ശാലീനതയും ഈ ആട്ടക്കഥകൾക്കു് ഔൽകൃഷ്ട്യവും പൊതുജനസമ്മതിയും നല്കിയിരിക്കുന്നു.

"കണ്ണിണയ്ക്കാനന്ദം നൽകിടുന്നു പാരം
കാളിന്ദീ നദി സാമ്പ്രതം
എണ്ണമററുള്ള നല്ലോരേതൽ ഗുണങ്ങളെല്ലാം
വർണ്ണിപ്പാനാവതല്ല കണ്ഡലീശനുപോലും"

തുടങ്ങിയ ഭാഗങ്ങളിൽ മണിപ്രവാള രീതി വളരെ ശുദ്ധമായ മട്ടിൽ ഉപയോഗിച്ചിരിക്കുന്നു.

ശബ്ദാർത്ഥങ്ങളുടെ സമ്മേളനംകൊണ്ടും ആശയപൗഷ്കല്യത്താലും കല്പനാവൈഭവത്താലും ഈ മൂന്നു് ആട്ടക്കഥകളും ഒന്നിനൊന്നു മെച്ചമാണെങ്കിലും തമ്പിയുടെ ഏററവും ഉത്തമമായ ആട്ടക്കഥ ഉത്തരാസ്വയംവരമാണു്. ആ കഥകളിയിലെ

"കോകിനിന്മുഖംകണ്ടു ചന്ദ്രനെന്നു ചിന്തിച്ചു
ഏകാന്തം വിരഹത്തെ ശങ്കിച്ചിതാ

ഏകലോചനം കൊണ്ടു കോപമോടു നിന്നെയും—
ശോകമോടപരേണ നോക്കുന്നു പതിയെയും"

എന്നും മററുമുള്ള ഭാഗങ്ങൾ കഥകളിനടന്മാരിൽ പലക്കും ഇന്നും ഭയം ജനിപ്പിക്കുന്നു. ഒരേസമയത്തു് മുഖത്തു് രണ്ടു ഭാവം കാണിക്കുക അഭിനേതാക്കൾക്കു ലഘുസാദ്ധ്യമല്ല. അതുപോലെതന്നെ "വീരാ വിരാട കുമാരാ വിഭോ" എന്നു തുടങ്ങുന്ന കുമ്മിയുടെ ഭംഗിയും ഉത്തരാസ്വയംവരത്തിനു് മാററുകൂട്ടുന്നുണ്ടു്. കല്പനാവൈഭവത്തിനും സംഗീതപാണ്ഡിത്യത്തിനും തമ്പിക്കു് ഒന്നാംസ്ഥാനംതന്നെ നൽകുന്നതിനു് സഹൃദയന്മാർ ഒരുങ്ങുന്നതു് ഉത്തരാസ്വയംവരം വായിക്കുമ്പോഴും ആടിക്കാണുമ്പോഴുമാണു്. ഉത്തമമായ ഒരു ആട്ടക്കഥയ്ക്കു് അത്യന്താപേക്ഷിതമായ എല്ലാത്തരം വേഷങ്ങളും വേഷങ്ങൾക്കനുയോജ്യമായ രംഗസംവിധാനവും, ഒഴുക്കും ഓജസ്സും ഉള്ള പദങ്ങളും, സംസ്കൃതപ്രൗഢി തികഞ്ഞ ശ്ലോകഭാഗങ്ങളും കൊണ്ടു് സമലംകൃതമാണു് ഉത്തരാസ്വയംവരം.

കീചകവധം തമ്പിയുടെ ആട്ടക്കഥകളിൽ വച്ചു് മൂന്നാമത്തെ സ്ഥാനമാണു് അർഹിക്കുന്നതു് എന്നുപറയാം. സാഹിത്യഭംഗിതിങ്ങുന്ന പദങ്ങളുടെ കുറവല്ല അതിനുകാരണം, അഭിനയാർഹത വേണ്ടുവോളം ഇല്ലാത്തതുമല്ല; ഗതാനുഗതികന്യായേന കഥകളികർത്താക്കന്മാരുടെ രസാവിഷ്കരണം രസശൂന്യമായിപ്പരിണമിച്ചുപോകാറുണ്ടു് എന്നുള്ളതുതന്നെ കീചകവധത്തിലും സംഭവിച്ചു. കീചകവധത്തിലെ ശൃംഗാരരസം സംഭോഗ

ശൃംഗാരത്തിൻെറ പരമോച്ചകോടിയിൽ നിന്നും സഭ്യത യുടെ സീമയും കടന്നു് അശ്ലീലത്തിൻെറ മണ്ഡലത്തി ലേക്കു് കുതിക്കുന്നതായി കാണാം. പദങ്ങളുടെ ലാളി ത്യവും സൗകമാര്യവും, വായിച്ചു രസിക്കുവാൻ ആ കഥ കളിക്കു സാഹായ്യമാകുമെന്നല്ലാതെ അതിനെ അഭിനയ യോഗ്യമാക്കിത്തീക്കുന്നില്ല. മൂരിശൃംഗാരം എന്നാക്ഷേ പിക്കപ്പെടാൻ അർഹതയുള്ള മട്ടിലാണു് കീചകവധ ത്തിലെ രസം ആവിഷ്കൃതമായിട്ടുള്ളതു്. ചുരുക്കിപ്പറ ഞ്ഞാൽ ഒരു മാന്യസദസ്സിൽ കീചകവധം ആടുന്നതു് ആ മാന്യസദസ്സിനു് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ഒരു കാര്യമായിത്തീന്നിട്ടുണ്ടു്.

ദക്ഷയാഗം കഥകളിക്കു് അഭിനയത്തിൻെറ കാ ര്യത്തിലാകട്ടെ, സംഗീതസാഹിത്യങ്ങളുടെ കാര്യത്തിലാ കട്ടെ പറയത്തക്ക യാതൊരു പരാജയവും സംഭവിച്ചി ട്ടില്ല. കാഴ്ചക്കാക്കു വെറുപ്പുണ്ടാക്കത്തക്ക ഒരു രസമല്ല അതിൽ പ്രതിപാദിച്ചിട്ടുള്ളതു്. വീരശാന്തങ്ങളുടെ കൈ കൾ കൈകോത്തുള്ള ഒരു സമ്മേളനമാണു് ദക്ഷയാഗ ത്തിൽ നാം കാണുന്നതു്. ദക്ഷനും പത്നിയും പ്രവേശി ക്കുന്ന ആദ്യരംഗത്തിൽ ശൃംഗാരരസം വളരെ സൂക്ഷ്മബു ദ്ധിയോടും ഔചിത്യദീക്ഷയോടും അവതരിപ്പിക്കപ്പെട്ടി രിക്കുന്നു. സതിയുടെ തപസ്സും മററും വർണ്ണിക്കുന്നിട ത്തു് ശാന്തരസം കളിയാടുന്നു. സതീപരിണയഘട്ടത്തിൽ വരുത്തിയിരിക്കുന്ന ശൃംഗാരം വളരെ സൂക്ഷിച്ചാണു് കവി കൈകാര്യം ചെയ്തിരിക്കുന്നതു്. "പൂന്തേൻ നേർവാണി ബാലേ!" എന്നുതുടങ്ങുന്ന ശ്ലോകഭാഗത്തിൽ പ്രകടിത

മാകുന്ന നിർവ്വേദം ശാന്തിയെന്നരസത്തിൽ പര്യവസാനിക്കാനാണു സാദ്ധ്യതയുള്ളതു്. ദക്ഷൻ, നന്ദി, വീരഭദ്രൻ, ഭദ്രകാളി തുടങ്ങിയ കഥാപാത്രങ്ങളുടെ പ്രവേശനവും പദവുമെല്ലാം ഉത്സാഹമെന്ന സ്ഥായീഭാവത്തെ വളർത്തി വീരരസത്തിലെത്തിക്കുകയാണു് ചെയ്യുന്നതു്. ഇങ്ങനെ പലരസങ്ങളേയും ഉചിതജ്ഞതയോടെ പ്രയോഗിക്കുവാനും ഓരോന്നും അതിരുകടന്നുപോകാതിരിക്കുവാനും ഈ കഥയിൽ തമ്പി പ്രത്യേകം ശ്രദ്ധവെച്ചിട്ടുണ്ടു് എന്നു കാണാൻ കഴിയും.

ശബ്ദാർത്ഥങ്ങളുടെ രമണീയസമ്മേളനം ദക്ഷയാഗം ആട്ടക്കഥയിൽ എല്ലായിടത്തുമുണ്ടു്. അസാമാന്യഭംഗിയുള്ള ശബ്ദങ്ങൾ, ഒഴുക്കും ലാളിത്യവുമുള്ള ശ്ലോകങ്ങൾ, നല്ല പദങ്ങൾ ഇവ ദക്ഷയാഗത്തെ അലങ്കരിക്കുന്നു.

"പൂന്തേൻവാണീ ശൃണു മമ വാണീ
പൂവണി ഘനവേണി!" എന്ന പദം പ്രാസഭംഗി കൊണ്ടു് ശ്രവണസുഖം ഉണ്ടാക്കുന്നു.

"കണ്ടാലും ശശിബിംബമുദാരം
കണ്ഠേകാളജടാലങ്കാരം
തണ്ടാർ ബാണമഹോത്സവദീപം
തരുണി നിരാകൃതതിമിരാടോപം"

എന്നിങ്ങനെയുള്ള ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം എന്നിവയും ഇതിന്റെ മാററു കൂട്ടുന്നുണ്ടു്. മിക്കവാറും പദങ്ങളുടെ ചരണങ്ങളിൽ ദ്വിതീയാക്ഷരപ്രാസവും തൃതീയാക്ഷരപ്രാസംപോലും നിർബ്ബന്ധിതമാംവണ്ണം കവി ദീക്ഷിച്ചിരിക്കുന്നതു കാണാം.

"വാ്ധിതന്നനിധിയാമീനന്ദിനി-മേലിൽ
വിവിധകാമം തരുവാൻ നന്ദിനി;
വിധിവിലാസം നമുക്കു നന്നിനി-യിവൾ
വിധുമുഖിസർവ്വലോകാനന്ദിനി" എന്ന ഭാഗത്തു

കാണുന്ന ആദ്യക്ഷരപ്രാസവും അന്ത്യപ്രാസവും എത്ര അയത്നലളിതമായിരിക്കുന്നു എന്നു നോക്കുക!

"പൂന്തേൻ നേർവാണി ബാലേ സുമുഖി
വിമുഖിയായെങ്ങു പോകുന്നിദാനീം"

എന്ന ശ്ലോകം ഭാഷാപദബാഹുല്യമുള്ള സുന്ദരമണിപ്രവാളശ്ലോകമാണു്.

"ഏണാങ്കമൗലിയുടെ ചേണാൎന്ന രൂപമുട-
നേണാക്ഷികണ്ടവൾ തെളിഞ്ഞു." എന്നു തുടങ്ങുന്ന

ദണ്ഡകം കഥകളിസാഹിത്യത്തിൽ സുപ്രശസ്തിയാർജ്ജിച്ചു കഴിഞ്ഞിട്ടുണ്ടു്. "തത്രസുരയുവതിജന ചിത്രതരരസലളിത നൃത്തമതു സഭയതിൽ വിളങ്ങി." എന്നും മററുമുള്ള വരികൾ നൃത്തവൈശിഷ്ട്യത്തെ ശബ്ദശ്രവണമാത്രയിൽത്തന്നെ പ്രതിഫലിക്കുന്നു. സംസ്കൃതശ്ലോകങ്ങളാകട്ടെ, മനസ്സിലാക്കാൻ പ്രയാസമുള്ള വിധത്തിൽ പ്രൗഢങ്ങളായിട്ടില്ല. ശബ്ദഭാഗിയുടെ കാര്യത്തിൽ കഥകളിയുടെ ആദ്യവസാനം കവി ശ്രദ്ധിച്ചിരുന്നു എന്നു് ഇത്രയുംകൊണ്ടു് വ്യക്തമാകും.

അൎത്ഥാലങ്കാരപ്രയോഗത്തിലും തമ്പി അസാമാന്യപാടവം പ്രദർശിപ്പിച്ചിട്ടുണ്ടു്. കല്പനാശാലിയല്ലാത്ത ഒരു കവിക്കു് ഒരിക്കലും ഉല്ലേഖശോഭിതങ്ങളായ അലങ്കാരങ്ങൾ പ്രയോഗിക്കാൻ കഴിവുണ്ടാകയില്ല. സങ്കേത

ജടിലങ്ങളായ അലങ്കാരങ്ങളേ സാധാരണ കഥകളീകർത്താക്കന്മാർ പ്രായോഗിച്ചു കണ്ടിട്ടുള്ളു. "ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും" എല്ലാം പഴയ കവിസങ്കേതങ്ങൾ തന്നെയെങ്കിലും അവയെത്തന്നെ നവീനമായ രീതിയിൽ കൈകാര്യം ചെയ്യുകയാണെങ്കിൽ അതു തികച്ചും അനുമോദനാർഹമാണ്. ഇക്കാര്യത്തിൽ തമ്പി ഒരു പ്രഗത്ഭനായ പ്രതിഭാശാലിയായിരുന്നു എന്നു സ്ഥാപിക്കാം.

"പനിമതിബിംബം മുഖസമമിഹതേ
പണിതുടരുമ്പോളംശുമുകുളിതേ
വനജേ ദുസ്ഥിതനാം വിധിന്തുനം
മതിയാക്കീബത ശില്പ വിധാനം." എന്ന ഭാഗത്തുള്ള സ്വാതന്ത്ര്യകല്പനയുടെ ഭംഗി നോക്കുക. കവിയുടെ ഭാവനാശക്തിക്ക് ഒരു നല്ല ദൃഷ്ടാന്തമാണ് ഈ സങ്കല്പം.

"പൂമെയ് മരവിരിയും ജടയും
പൂണ്ടെങ്കിലുമതി രമണീയം
താമര ശൈവലസംഗേപി
സാമോദം വിലസുന്നല്ലോ." എന്നുള്ള അലങ്കാരപ്രയോഗം കാളിദാസശാകുന്തളത്തിലെ "സരസിജമനുവിദ്ധം ശൈവലേനാപിരമ്യം" എന്ന ശ്ലോകത്തെ അനുകരിച്ചിരിക്കുന്നതാണ്.

"ഇന്നവന്നചലം ഗേഹം
എരുതൊന്നുണ്ടുപോൽ വാഹം
പന്നഗഭീഷണം ദേഹം
പാഴിലയ്യോ നിൻെറ മോഹം." എന്നും മററുമുള്ള ഭാഗങ്ങളിൽ വെളിപ്പെടുന്ന വ്യാജസ്തുതി ഏററവും രസകരമായിട്ടുണ്ട്.

“ജാതിയിവനേതെന്നു താരറിഞ്ഞീടുന്നു
ജ്ഞാതിജനവുമിവനില്ല പാൎക്കിലാരും
ചേതസി മമതയുമില്ലിവനാരിലും
ഭൂതിലാഭംകൊണ്ടേററം മോദിച്ചുമരുവുന്നു.” എന്നു

ദക്ഷൻ പറയുന്ന ഭാഗം ശിവനെ നിന്ദിക്കുവാനും അതേ സമയംതന്നെ സ്തുതിക്കുവാനും ഒരുപോലെ പററിയ പ്രയോഗ വിശേഷത്തോടുകൂടിയതാണെന്നു കാണാൻ പ്രയാസമില്ല.

“പ്രമഥഗണാനലൻടുവതിലവനൊരു
ത്തൃണമിവ സപദി പതിപ്പതു കാൺക” എന്ന

ഉപമാലങ്കാരവും

“ചക്ഷുഃ ശ്രവണൻ ചീറിവരുന്നതു
പക്ഷിപ്രവരനു ഭക്ഷണകാലം” എന്നുള്ള അപ്ര

സ്തുതപ്രശംസയും കല്പനാവൈഭവം നിറഞ്ഞു നില്ക്കുന്ന അലങ്കാരങ്ങളത്രേ. കഥകളിനടന്മാരെ പ്രയാസത്തിലാഴ്ത്തുന്ന ഗാംഭീര്യമൊന്നും ആ പ്രതിഭക്കില്ല. മനസ്സിലാക്കാൻ എളുപ്പം കഴിയുന്ന സാധാരണ വസ്തുക്കളാണു് തമ്പിയുടെ ഉപമാനങ്ങൾ. അത്യാവശ്യം ചില സന്ദർഭങ്ങളിൽ മാത്രമേ അലങ്കാരം പ്രയോഗിക്കൂ എന്നൊരു നിർബന്ധവും അദ്ദേഹത്തിനുണ്ടു്. ഇതെല്ലാംകൊണ്ടാണു് ദക്ഷയാഗത്തിനു് അകൃത്രിമത്വം കൈവന്നിരിക്കുന്നതെന്നു പറയാം.

ശബ്ദാൎത്ഥങ്ങളുടെ കാര്യത്തിൽ ഇരയിമ്മൻതമ്പി കാണിച്ച പാടവം സംഗീതത്തിൻെറ കാര്യത്തിലും നമുക്കു കാണാൻ പ്രയാസമില്ല. ഏതു സന്ദർഭത്തിലാണു് ഓ

രോ ഭാവം പ്രത്യക്ഷമാക്കേണ്ടതു് അതാതുഭാവത്തിനു യോജിച്ചരംഗങ്ങളും താളങ്ങളും ഏതെല്ലാമാണ് എന്നെല്ലാം സംഗീതവൈദഗ്ദ്ധ്യം സമ്പാദിച്ച അദ്ദേഹത്തിനു് നല്ല നിശ്ചയമുണ്ടായിരുന്നു. നളചരിതം ബാണയുദ്ധം രാവണവിജയം തുടങ്ങിയ കഥകളികളിൽ നിന്നു് സ്ത്രീജനങ്ങൾ തിരുവാതിരക്കളിക്കു കൊള്ളാവുന്ന നല്ല പാട്ടുകൾ ആവശ്യംപോലെ തിരഞ്ഞെടുത്തിട്ടുണ്ടു്. പാടാനും ആടാനും സുഖവും രസവുമുള്ള ഗാനങ്ങൾ അതുപോലെ ദക്ഷയാഗത്തിലുമുണ്ടു്. ഉത്തമങ്ങളെന്നു പ്രശസ്തിയാർജ്ജിച്ചവയത്രേ "കണ്ണിണയ്ക്കാനന്ദം നൽകീടുന്നു പാരം" "ലോകാധിപാകാന്താ കരുണാലയ" "ശ്രീനീലകണ്ഠ ദയാസിന്ധോ" "മംഗലമൂർത്തിയായുള്ള മഹേശനെ" തുടങ്ങിയവ.

ഉദ്ദിഷ്ടമായ ഭാവത്തേയോ രസത്തേയോ ശബ്ദങ്ങൾ കൊണ്ടുകൂടി പ്രതിദ്ധ്വനിപ്പിക്കുന്നതിൽ സാധാരണ എല്ലാ കഥകളീകർത്താക്കന്മാരും പ്രത്യേകം ശ്രദ്ധചെലുത്തിയിട്ടുള്ളതായിക്കാണാം. എന്നാൽ ഇരയിമ്മൻ തമ്പി ദക്ഷയാഗത്തിൽ ഇക്കാര്യത്തെ സംബന്ധിച്ചു് ഏററവും നല്ല ഔചിത്യം ദീക്ഷിച്ചിട്ടുണ്ടെന്നു കാണാം. യുദ്ധാഹ്വാനം കൊണ്ടു് അരോചകമായിത്തീർന്നിട്ടുള്ള ചില പദങ്ങൾപോലും ആട്ടക്കഥകളിൽ കാണാൻ കഴിയും. "വാടാ, പോടാ, ന്ഛാ, അധമ" തുടങ്ങിയ പദങ്ങൾ കണക്കിലേറെ പ്രയോഗിച്ചു് ഔചിത്യത്തിൻെറ കഴുത്തിൽ കത്തിവയ്ക്കുന്ന രീതി പലരുടെയും ആട്ടക്കഥകളിൽ കാണാം. ദക്ഷയാഗത്തിലും യുദ്ധവും മററും ഉണ്ടു്;

എന്നാൽ അത്തരം പോർവിളികൾകൊണ്ടു് ഒരു സന്ദർഭത്തെയും കവി വിരസമാക്കിത്തീർത്തിട്ടില്ല.

"ഉൽക്കടമദമൊട്ടധിക്ഷേപവചന-
മുരയ്ക്കും നിന്നുടെഗാത്രം
മൽക്കരഹതികൊണ്ടിക്കാലം നിപ-
തിക്കും പൊടിപൊടിയായി"

എന്ന ഭാഗത്തിൽ പദങ്ങളുടെ ഘടനകൊണ്ടുതന്നെ വീരരസത്തെ ആവിഷ്കരിച്ചിരിക്കുന്നതിൻെറ ഭംഗി ഒന്നു പ്രത്യേകം ആണു്.

"ഭുജഗഭൂഷണ ദൂഷണഭാഷണ
ശ്രവണ രോഷകഷായിതലോചനേ"

എന്ന ശ്ലോകഭാഗത്തിലെ ശബ്ദഭംഗി ഏറെ സുഖകരമായിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല.

"സ്ഥലമാംകടൽ വിലമാംഗിരി
ജലമാം ക്ഷിതിതലവും
അടിയനോക്കിലുടനശേഷ ജഗദപി
തടവതില്ല ഝടിതി പൊടിപൊടിപ്പൻ."

എന്നും മററുമുള്ള സന്ദർഭങ്ങളിൽ ഉത്സാഹമെന്ന ഭാവത്തെ സമുന്നതമായി വ്യഞ്ജിപ്പിക്കുന്ന പദങ്ങൾ ഘടിപ്പിച്ചിരിക്കുന്നതു് സന്ദർഭോചിതമായിട്ടുണ്ടു്.

വൈവിധ്യം രംഗവിധാനത്തിലൂടെ വരുത്തുവാനുള്ള യുക്തികളും ഇരയിമ്മൻതമ്പി ദക്ഷയാഗത്തിൽ വരുത്തിയിരിക്കുന്നു. കത്തിവേഷത്തിൻെറ അഭാവം ഈ ആട്ടക്കഥയെ മററുകഥകളുടെ പടിയിൽ നിന്നു താഴ്ത്തിക്കള

ഞ്ഞേതക്കമോ എന്നു ശങ്കിച്ചിട്ടാവാം കരാളദംഷ്ട്രൻ എന്ന രാക്ഷസനെ, സതിയുടെ സതീത്വഭംഗോദ്യതനാക്കി കവി അവതരിപ്പിച്ചതു്. പച്ച, കത്തി, കരി, താടി മിനുക്കു് എന്നീ വിവിധ വേഷങ്ങളും സമ്മേളിക്കുന്ന രംഗങ്ങളെ വേണ്ടരീതിയിൽ അടുക്കുവാനും നല്ല പ്രാഗത്ഭ്യം കവി കാണിച്ചിട്ടുണ്ടെന്നു പറയാം

അഭിനയയോഗ്യതയെക്കുറിച്ചാണെങ്കിൽ ദക്ഷയാഗം കഥകളിയ്ക്കു് എല്ലാത്തരത്തിലും അഭിനയയോഗ്യത തികഞ്ഞിട്ടുണ്ടെന്നു കാണാൻ പ്രയാസമില്ല. അഭിനയത്തിനു ബുദ്ധിമുട്ടുണ്ടാക്കുന്ന യാതൊന്നും ഈ കഥകളിയിൽ അദ്ദേഹം രചിച്ചിട്ടില്ല. നടന്മാക്കു അത്ഥം സുഗ്രാഹ്യമല്ലാത്ത പദങ്ങൾ ആടാൻ വേണ്ടി എഴുതിവച്ചിട്ടില്ല. പ്രധാനവേഷക്കാക്കു് ഇടയ്ക്കിടയ്ക്കു വിശ്രമം കൊടുക്കത്തക്ക വിധത്തിലാണു് രംഗങ്ങളെ സംവിധാനം ചെയ്തിരിക്കുന്നതു്. സാമാന്യം നല്ല അഭിനയക്കാക്കു് തന്നെ കൂടുതൽ പേക്കു പങ്കെടുക്കുവാൻ തക്കവണ്ണം കഥാപാത്രങ്ങളുടെ എണ്ണവും ഇതിലധികമുണ്ടു്. ഒരു ദിവസം രാത്രികൊണ്ടു് മുഴുവൻ അഭിനയിച്ചു തീക്കത്തക്ക ദൈർഘ്യം കഥകളിക്കു വരുത്തി. പാട്ടുകാക്കു പാടാനാകട്ടെ ക്ലേശമുള്ള അപൂർവ്വരാഗങ്ങളൊന്നും ഇതിൽ നിബന്ധിച്ചിട്ടില്ല. ഇതിനും പുറമേ ശ്രവണസുഖം നൽകുന്ന പല രാഗങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

ഇങ്ങനെ ഏതുപ്രകാരത്തിൽ നോക്കിയാലും ദക്ഷയാഗംകഥകളിക്കു വേണ്ടത്ര സംഗീത സാഹിത്യാദിഗുണങ്ങളും അഭിനയഗുണവും സിദ്ധിച്ചിട്ടുണ്ടെന്നും തമ്പിയു

ടെ മററു രണ്ടുകഥകളിലെപ്പോലെ തന്നെ ആ വക സാഹിത്യാദിഗുണങ്ങഠ അദ്ദേഹത്തിൻെറ സമുന്നതമായ കലാരചനാപാടവത്തേയും സഹൃദയതചത്തേയും ജന്മസിദ്ധമായ വാസനയേയും, നിരന്തരമായ അഭ്യാസത്തേയും സർവ്വോപരി സകലകലാവല്ലഭതയേയും വിളിച്ചറിയിക്കുകയാണു് ചെയ്യുന്നതെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ.

## V

## കഥകളി-ഉത്ഭവവും-വളച്ച്യും

മനുഷ്യജീവിതത്തോടു് ഏറെ ബന്ധപ്പെട്ടതാണു് കല. ജീവിതവുമായി ഇണങ്ങിച്ചേരാൻ കലയ്ക്കു അസാമാന്യമായ ശക്തിയുണ്ടു്. വിവേകശക്തിയുള്ള മനുഷ്യൻ ജീവിതത്തിനു് കാലക്രമേണ കൂടുതൽ കൂടുതൽ പ്രാധാന്യം കല്പിക്കാൻ തുടങ്ങിയതോടെ കലകളും മനുഷ്യജീവിതത്തിൽ നിന്നൊഴിച്ചുകൂടാൻ പാടില്ലാത്തവയായിത്തീന്നു. പ്രാചീനകാലത്തു് കേരളത്തിൽ നിലനിന്നിരുന്ന ചില പുരാതന നാടൻ കലകളുടെ വഴിപിടിച്ചാണു് ഇന്നു കാണുന്ന ഒട്ടേറെ കലകഠ രൂപം കൊണ്ടതു്. ദൃശ്യപ്രധാനങ്ങളായ കലകളിൽ പ്രമുഖസ്ഥാനം നടനകലയ്ക്കാണു് പണ്ടും ഇന്നും നൽകപ്പെട്ടിരിക്കുന്നതു്. നടനകലയുടെ പ്രാചീനരൂപങ്ങഠ പല പല പരിഷ്കൃതികഠക്കു വിധേയങ്ങളാവുകയും സാഹിത്യ കുതുകികളായ പരിശ്രമികളുടെ നിരന്തരപ്രയത്നത്താൽ പരിവത്തനം പ്രാപിക്കുകയും ചെയ്തിട്ടുണ്ടു്.

കഥകളിയുടെ ഉത്ഭവം ആരായുമ്പോൾ ശാസ്ത്രകളി എന്ന പ്രാചീന കലാസമ്പ്രദായം മുതൽ ഇങ്ങോട്ടു കണക്കാക്കാൻ പ്രയാസമുണ്ടാവില്ല. കേരളീയാഘോഷങ്ങളിൽ പണ്ടു് പ്രാധാന്യം വഹിച്ചിരുന്നതും, മതപരമായ പ്രാധാന്യം കൊണ്ടു് സർവ്വസ്വീകാരം കിട്ടിയിരുന്നതുമായ ശാസ്ത്രകളി-യാത്രക്കളി-പല വേഷമാററങ്ങൾക്കും പരിവർത്തനത്തിനും ശേഷം ചാക്യാർക്കൂത്തിലേക്കു കടന്നു. ഇതുതന്നെ വീണ്ടും പരിഷ്ക്കരിച്ചതാണു് കൂടിയാട്ടം, അഷ്ടപദി തുടങ്ങിയ കലകൾ. അഷ്ടപദിയിൽ നിന്നുള്ള ആ കലയുടെ വളർച്ചയാണു് കൃഷ്ണനാട്ടം കുറിക്കുന്നതു്.

അഷ്ടപദിക്കു് ഉപയോഗിക്കുന്ന ഗീതഗോവിന്ദത്തെ കുറേക്കൂടി ഹൃദ്യതരമാക്കുകയും കഥാവ്യാപ്തി വരുത്തുകയും ചെയ്തു് കൃഷ്ണനാട്ടം നിർമ്മിച്ചതു് കൊല്ലവർഷം 829-ൽ കോഴിക്കോട്ടു് മാനവേദൻ എന്ന രാജാവായിരുന്നു. ഈ കൃഷ്ണനാട്ടത്തിനുള്ള കൃഷ്ണഗീതി സംസ്കൃതഭാഷയിലാണു് നിർമ്മിക്കപ്പെട്ടതു്. കൃഷ്ണാവതാരം, കാളിയമർദ്ദനം, രാസക്രീഡാ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം എന്നിങ്ങനെ എട്ടു കഥകളായിട്ടാണു് കൃഷ്ണനാട്ടം അവതരിച്ചതു്. വില്വമംഗലത്തു സ്വാമിയാരുടെ ഉപദേശങ്ങളനുസരിച്ചാണെന്നു പറയപ്പെടുന്നു മാനദേവൻ കൃഷ്ണനാട്ടത്തിലെ വേഷങ്ങൾ പരിഷ്കരിച്ചതു്. കഥകളി നടൻതന്നെ പാടുകയും ആടുകയും ചെയ്തുവന്ന പതിവുനിർത്തലാക്കി, പിന്നിൽ പാട്ടുകാരൻ പാടുന്ന പാട്ടിലെ ഭാവരസങ്ങളെ വ്യക്തമായി മുഖത്തും കരചരണാദ്യവയവങ്ങളാലും പ്രകടിപ്പിക്കുക

മാത്രം ചെയ്താൽ മതി നടൻ എന്നുള്ള പരിഷ്കാരം വന്ന തോടുകൂടി കേരളത്തിൻെറ വടക്കഭാഗങ്ങളിൽ കൃഷ്ണനാട്ടത്തിനു് വേണ്ടത്ര പ്രചാരം സിദ്ധിച്ചു.

കഥകളിയുടെ ശരിയായ ഉത്ഭവം ഈ കൃഷ്ണനാട്ടത്തിൽ നിന്നാണു് തുടങ്ങുന്നതു്. മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിലും കഥകളി പ്രത്യക്ഷപ്പെട്ടതു് രാമനാട്ടത്തിൽ കൂടെയത്രെ. രാമനാട്ടത്തിൻെറ കർത്താവു് കൊട്ടാരക്കരത്തമ്പുരാനാണു്. ഒരു മികച്ച പണ്ഡിതനും കവിയും കലാകുശലനും സഹൃദയശിരോമണിയുമായിരുന്ന കൊട്ടാരക്കരത്തമ്പുരാൻ രാമായണകഥയെ ആസ്പദമാക്കി രാമനാട്ടം കേരളത്തിൽ അവതരിപ്പിക്കുകയുണ്ടായി എന്ന വസ്തുതയെ രസകരമായ ഒരു ഐതിഹ്യകഥയിൽക്കൂട്ടിയാണു് ആളുകൾ ധരിച്ചുപോന്നതു്. കൃഷ്ണനാട്ടക്കാരെ തെക്കൻ കേരളത്തിലേക്കു് ക്ഷണിച്ചിട്ടു് വന്നില്ല എന്ന കാരണത്താൽ കൊട്ടാരക്കരത്തമ്പുരാൻ പെട്ടെന്നു് രാമനാട്ടം എഴുതി ഇവിടെ അതു പ്രചരിപ്പിച്ചു എന്നും മററുമുള്ള കഥകൾ വിശ്വാസ്യതയിൽനിന്നു് വളരെ അകന്നാണു നില്ക്കുന്നതു്. ഐതിഹ്യം ശരിയായാലും തെററായാലും തമ്പുരാനു് കണ്ടുംകേട്ടും ഉള്ള നിശ്ചയങ്ങളും അറിവുകളും വച്ചുകൊണ്ടു് രാമനാട്ടം എഴുതാനുള്ള ഒരു പ്രേരണയുണ്ടായി; അദ്ദേഹം എഴുതി. കൃഷ്ണനാട്ടത്തിന്റെ കാലം 829 ആണെന്നു കരുതാമെങ്കിൽ കുറച്ചൊക്കെ പ്രചാരം വരുവാനുള്ള ഒരു കാലയളവു് നൽകിക്കഴിഞ്ഞാൽ, ഏകദേശം 840 നും 845 നുംഇടയ്ക്കു് കൊട്ടാരക്കരത്തമ്പുരാൻ 'രാമനാട്ടം' ഇവിടെ പ്രചരിപ്പിച്ചുതുടങ്ങി എന്നു നിസ്സംശയം അഭിപ്രായപ്പെടാം.

രാമായണം കഥകൾ മുഴുവൻ ആടിക്കാണാൻകൊള്ളാവുന്നതരത്തിൽ അഭിനയകലയിൽ ഔന്നത്യം നേടിയ കഥകളി എന്ന പ്രസ്ഥാനത്തിന്റെ ചരിത്രം സൃഷ്ടിച്ചതു് കൊട്ടാരക്കരത്തമ്പുരാനാണു്. വേഷവിധാനത്തിലോ അഭിനയക്രമത്തിലോ രംഗപ്രയോഗാർഹമായ മട്ടിൽ പറയത്തക്ക പരിഷ്ക്കാരങ്ങളൊന്നും അദ്ദേഹം വരുത്തിയില്ല. കൃഷ്ണഗീതയ്ക്കുപകരം രാമായണംകഥ അംഗീകരിച്ചതും കഥാപാത്രങ്ങളുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിച്ചതും വിലയേറിയ കിരീടാദി അലങ്കാരങ്ങൾക്കുപകരം വിലകുറഞ്ഞ വേഷഭൂഷാദികൾ മതിയെന്നുവച്ചതും മലയാളഭാഷാപദങ്ങൾ ധാരാളമായിച്ചേർത്തും സംസ്കൃതപദങ്ങൾ കുറച്ചും ഉള്ള ഒരു നല്ല മണിപ്രവാള രീതി സ്വീകരിച്ചതും ആണു് കൃഷ്ണനാട്ടത്തെ അപേക്ഷിച്ചു രാമനാട്ടത്തിൽ വരുത്തിയ സുപ്രധാനങ്ങളായ പരിവർത്തനങ്ങൾ. ഇതോടുകൂടി തെക്കൻ ദിക്കുകളിൽരാമനാട്ടത്തിനു പ്രസിദ്ധിയും പ്രചാരവും സിദ്ധിച്ചു. ഈ അഭിനയരീതി വിദേശീയരെപ്പോലും കേരളത്തിലേക്കു് ആകർഷിച്ചു.

കാലതാമസമെന്യേ രാമനാട്ടം വെട്ടത്തു നാട്ടിലേക്കു ക്ഷണിക്കപ്പെട്ടു. സാമൂതിരിയുടെ വക കൃഷ്ണനാട്ടത്തെ നിശ്ശേഷം വെറുത്തു് രാമനാട്ടത്തെ പരിപോഷിപ്പിക്കുവാനും പരിഷ്കരിക്കുവാനും ശ്രമിച്ചതിൽ പ്രധാനികളായിരുന്നു വെട്ടത്തുനാട്ടുരാജാവും കോട്ടയത്തു തമ്പുരാനും. സാമൂതിരിയും, വെട്ടത്തുനാട്ടുരാജാവും തമ്മിൽ ഭരണപരമായുണ്ടായ ശത്രുതയും, രാമനാട്ടത്തെ ക്ഷണിക്കാൻ ചരിത്രപരമായ ഒരു ഹേതുവായി പറയപ്പെടുന്നുണ്ടു്.

രാമനാട്ടത്തിലെ അഭിനയസമ്പ്രദായത്തെയും വേഷരീതിയെയും കൂടിയാട്ടത്തിലെയും കൃഷ്ണനാട്ടത്തിലെയും മട്ടിൽത്തന്നെ പരിഷ്കരിക്കാനാണു് വെട്ടത്തുനാട്ടു രാജാവു് പരിശ്രമിച്ചതു്. നടന്മാരുടെ മുഖത്തു് മനയോല എന്നറിയപ്പെടുന്ന ചായം പുരട്ടുക, കിരീടം കുപ്പായം മുതലായവ വേഷത്തിലുൾപ്പെടുത്തുക, മേളം കൊട്ടുന്ന കൂട്ടത്തിൽ ചെണ്ടകൂടി ഉപയോഗിക്കുക, എന്നിവയെല്ലാം അദ്ദേഹം നടപ്പിലാക്കി. പദാർത്ഥവ്യഞ്ജനയ്ക്കു് കൈമുദ്രകൾ ആവശ്യംപോലെ ഉപയോഗിക്കാമെന്നു തീർച്ചപ്പെടുത്തിയതും പാട്ടു് പിന്നിൽ പാടിയാൽ മതി എന്നു ഏർപ്പാടുചെയ്തതും അഷ്ടപദി, കൃഷ്ണനാട്ടം എന്നിവയെ അനുകരിച്ചാണു്. പാടുമ്പോഴും കൈമുദ്ര കാണിക്കുമ്പോഴും ആവർത്തനം വേണ്ടെന്നു വച്ചതുകൊണ്ടു് കഥ വേഗം തീർക്കാൻ അതു സഹായകമായി. കലാശംചവിട്ടുന്ന കാര്യത്തിലും നൂതനങ്ങളായ ചില പരിഷ്കാരങ്ങൾ വരുത്തുകയുണ്ടായി. തെക്കൻ നാടുകളിൽ ഉത്ഭവിച്ചു എങ്കിലും വടക്കോട്ടേക്കുള്ള രാമനാട്ടത്തിന്റെ സഞ്ചാരവും വെട്ടത്തുനാടന്റെ പരിശ്രമവും കൊണ്ടാണു് കഥകളി ഏറെ വളർന്നതും ഫലപ്രദമായതും.

ഇന്നു നാം കാണുന്ന മട്ടിൽ കഥകളിയെ ബാഹ്യമായും ആഭ്യന്തരമായും പരിഷ്കരിച്ചതു് തലപ്പിള്ളിത്താലൂക്കിൽ ജനിച്ച കപ്ലിങ്ങാട്ടു നമ്പൂതിരിയാണു്. ഇതോടുകൂടിയാണു് 'നൃത്യകല' എന്ന വിഭാഗത്തിൽ കഥകളിക്കു് മുൻഗണന ലഭിച്ചതു്. ഇന്നു കഥകളിയിൽ തുടരുന്നതു പലതും അദ്ദേഹം വരുത്തിയ പരിഷ്കാരങ്ങളാണു്.

PRASAD



കുപ്പായത്തിന് നിറഭേദം കല്പിച്ചു. പച്ചവേഷക്കാർക്ക് ചുമപ്പുകുപ്പായവും കരിവേഷത്തിനു കറുത്തകുപ്പായവും മററും നടപ്പിലാക്കി. മിനുക്ക്, പച്ച, കരി, കത്തി, താടി എന്നിങ്ങനെ വേഷങ്ങൾ പലതാക്കി. പച്ചയ്ക്കു മോടികൂട്ടുന്നതിനു വേണ്ടി ചുട്ടികുത്തുക എന്ന രീതിയുണ്ടാക്കി. അസുരവേഷങ്ങൾക്കു മൂക്കിന്മേലും നെററിയിലും ചുട്ടിപ്പൂവ് വയ്ക്കണമെന്നു നിർബ്ബന്ധമായി. ഭാരംകുറഞ്ഞ ഒരുളത്തടികൊണ്ടു് കിരീടമുണ്ടാക്കി. ചില്ലും, തകിടും, ചകലാസും മയിൽപ്പീലിത്തണ്ടും ചേർത്തു് വേഷത്തെ മോടിപിടിപ്പിച്ചു. കൈമുദ്രകൾ തോളിനൊപ്പം ചേർത്തുപിടിക്കണം എന്നും മുദ്രക്കൈ അഭിനയിച്ചുതീരുംവരെ പാട്ടിന് ആവർത്തനമാകാമെന്നുംവച്ചു. നിണമണിഞ്ഞ വേഷങ്ങൾ പ്രത്യക്ഷപ്പെടേണ്ടിടത്തു് നിണമാടുകതന്നെ വേണമെന്ന് തീർച്ചപ്പെടുത്തി. തോടയം, പുറപ്പാട്, മഞ്ജുതര എന്നീ ചടങ്ങുകൾ കൂടിയാട്ടത്തേയും കൃഷ്ണനാട്ടത്തേയും അനുകരിച്ചാണ് നടത്തിയതു്. കത്തിവേഷത്തിനു തന്നെ കുറുംകത്തി, എന്നും നെടുങ്കത്തി, എന്നും രണ്ടുവിഭാഗം വേണമെന്നു നിശ്ചയിച്ചു. ചവിട്ട്, ചാട്ടം, കലാശം എന്നിവ മററുള്ള കലകളെ അപേക്ഷിച്ച് നിർബ്ബന്ധിതമാക്കി. ചുരുക്കത്തിൽ കഥകളി പദാർത്ഥാഭിനയമാണ്. സ്വന്തമായ ഒരു കളിയോഗം സൃഷ്ടിച്ച് നമ്പൂതിരി പലേടത്തും സഞ്ചരിച്ച് കലാപരമായ അതിന്റെ സൗന്ദര്യം വെളിപ്പെടുത്തി. ഭക്തജനങ്ങൾക്ക് ഈശ്വരവിശ്വാസവും മതബോധവും ഉണ്ടാകാൻ കഥകളി തികച്ചും പര്യാപ്തമാണ് എന്ന ബോധം വളർത്തി.

കപ്ലിങ്ങാടന്റെ സമകാലികനായിരുന്ന കല്ലടിക്കോടൻ സ്വന്തമായി ചില പരിഷ്കാരങ്ങൾ കഥകളിക്കുണ്ടാക്കി. വെട്ടത്തുനാടന്റെയും കപ്ലിങ്ങാടന്റേയും കലാശങ്ങളെ ഒന്നു പുതുക്കി കൂടുതൽ എണ്ണങ്ങൾ ചേർത്തു് പ്രയോഗത്തിൽ വരുത്തി. അഷ്ടകലാശം, വലിയകലാശം മുതലായവ കല്ലടിക്കോടൻ സമ്പ്രദായങ്ങളാണു്. സാത്വിക പ്രധാനികൾക്കു പച്ച, രാക്ഷസപ്രകൃതികൾക്കു് കത്തി എന്നിങ്ങനെ വേഷങ്ങൾ നിശ്ചയിച്ചു. പീലിത്താടിയോടുകൂടിയ കാട്ടാളവേഷം നിശ്ചയിച്ചതു് കപ്ലിങ്ങാടനാണു്. മലബാർ തുടങ്ങിയ പ്രദേശങ്ങളിൽ ഇന്നും കല്ലടിക്കോടൻ രീതിയ്ക്കുള്ള പ്രാധാന്യം നിലനില്ക്കുന്നു.

കോട്ടയത്തു തമ്പുരാൻ എന്നറിയപ്പെടുന്ന 'വടക്കൻ കോട്ടയം കേരളവർമ്മ' പണ്ഡിതാഗ്രേസരനും ഭക്തോത്തംസവും അഭിനയചതുരനുമായിരുന്നു. കിർമ്മീരവധം, ബകവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം എന്നിങ്ങനെ നാലു് ആട്ടക്കഥകൾ കോട്ടയത്തു തമ്പുരാൻ എഴുതിയവയത്രേ. കാർത്തികതിരുനാൾ, അശ്വതിതിരുനാൾ, ഉണ്ണായിവാര്യർ, കിളിമാന്നൂർ വിദ്വാൻ കോയിത്തമ്പുരാൻ, കൊച്ചി വീരകേരളവർമ്മ, ഇരയിമ്മൻതമ്പി (ഇരവിവർമ്മൻതമ്പി) എന്നീ അനുഗൃഹീതകലാകാരന്മാരുടെ ഉത്തമമായ തോതിലുള്ള സാഹായ്യവും പരിശ്രമവും വളരെ വിലപ്പെട്ടതായിരുന്നു കഥകളിക്കു്. കൊല്ലം പത്താംനൂറ്റാണ്ടും പതിനൊന്നാംനൂറ്റാണ്ടിന്റെ പ്രഥമാർദ്ധവും കഥകളിയുടെ ശുക്രദശയെത്തന്നെയാണു് കുറിച്ചതെന്നു തീർത്തുപറയാം.

# VI

# രവിവമ്മൻതമ്പി-ജീവചരിത്രം

ഇരയിമ്മൻതമ്പി എന്ന പേരിൽ പ്രസിദ്ധനായി ത്തീൎന്ന രവിവമ്മൻതമ്പി കൊല്ലം 958 തുലാമാസത്തിൽ ജനിച്ചു. തിരുവനന്തപുരത്തു കോട്ടയ്ക്കകത്തു് ഒരു പുരാതന കുടുംബമായ കിഴക്കേമഠത്തിലായിരുന്നു ജനനം. പിതാവു് ശാസ്ത്രീത്തമ്പാനെന്നു പ്രസിദ്ധനായ നടുവിലേ ക്കോവിലകത്തു് കേരളവർമ്മൻ തമ്പാൻ അവർകളും മാതാവു് 873-ൽനാടുനീങ്ങിയ രാമവമ്മ മഹാരാജാവിന്റെ അനുജന്റെ പുത്രിയും ആയിരുന്നു.

മുറപ്രകാരം നന്നേ ബാല്യത്തിൽതന്നെ വിദ്യാഭ്യാസം സമാരംഭിച്ചു. ഏഴാമത്തെ വയസ്സിൽ ഇദ്ദേഹത്തെ വിദ്യാഭ്യാസം തുടങ്ങിച്ചതു് പ്രസിദ്ധപണ്ഡിതനും വാഗ്മിയുമായിരുന്ന മൂത്താട്ടു് ശങ്കരൻ ഇളയതു് അവർകളാണു്. കാവ്യം, നാടകം, അലങ്കാരം, തർക്കം, വ്യാകരണം മീമാംസ തുടങ്ങിയ വിഷയങ്ങളിൽ അസാമാന്യമായ വ്യുല്പത്തി സമാർജ്ജിക്കാൻ തമ്പിക്കു് ഏറെക്കാലം വേണ്ടിവന്നില്ല. ഏഴുവൎഷത്തെ നിരന്തരാഭ്യാസം അദ്ദേഹത്തെ കാവ്യരചനയ്ക്കു പ്രേരിപ്പിച്ചു. ജന്മസിദ്ധമായിരുന്ന വാസനയും പണ്ഡിതഗുരുക്കന്മാരിൽ നിന്നു ലഭിച്ച അഭ്യാസവും കാവ്യകലയിൽ പെരുമാറുന്നതിനു് വേണ്ടത്ര പ്രചോദനം നൽകുകയുണ്ടായി. ഏതാണ്ടു് പതിന്നാലാമത്തെ വയസ്സിൽത്തന്നെ തമ്പി കവിതയെഴുതാരംഭിച്ചു എന്നു പറയപ്പെടുന്നു.

അന്നത്തെ രാജകൊട്ടാരവും കോയിലകങ്ങളും കവികളെയും കലാകാരന്മാരെയും അങ്ങേയററം പ്രോത്സാഹിപ്പിച്ചിരുന്നുവെന്നും, രാജ്യത്തിന്റെതന്നെ ശ്രേയസ്സുണ്ടാക്കുന്ന കലാകാരന്മാക്ക് കയ്യയച്ച് ഏതുസാഹായ്യവും എത്തിക്കാൻ അന്നത്തെ ഭരണാധികാരികൾ ബദ്ധകങ്കണരായിരുന്നുവെന്നും ഉള്ളതിന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. അന്നത്തെ ഭരണാധിപനായ മഹാരാജാവിന്ന് തമ്പി ഒരു ശ്ലോകം എഴുതി അടിയറവച്ചപ്പോൾ, മനസാ അഭിനന്ദനം രേഖപ്പെടുത്തിയ രാജാവ്, പഠിത്തത്തിൽ അജാഗ്രത കാണിച്ച് തമ്പി കവിതയിൽ മുഴുവൻ സമയവും ചിലവാക്കിയേക്കുമോ എന്നു ഭയന്ന് "കവിത എഴുതാറായിട്ടില്ല കുറേക്കൂടി വായിക്കു" എന്നു കല്പിച്ചതായി പറയപ്പെടുന്നുണ്ട്. തമ്പിയുടെ ഉൽക്കർഷത്തിൽ മഹാരാജാവ് എത്രമാത്രം ഉൽക്കണ്ഠാകുലനായിരുന്നു എന്നുള്ളതിന്ന് ഒരു ദൃഷ്ടാന്തമാണിത്.

കഥകളിയിൽ അസാമാന്യമായ ഭ്രമവും ആവേശവും ബാല്യം മുതൽതന്നെ തമ്പിക്കുണ്ടായിരുന്നതിനാൽ അതുവരെ പ്രസിദ്ധീകൃതങ്ങളായ എല്ലാ ആട്ടക്കഥകളും സശ്രദ്ധം പഠിക്കുവാനും വേണ്ടത്ര നിഷ്ണാതത്വം കഥകളിയിൽ സമ്പാദിക്കുവാനും സാധിച്ചു. അതിന്റെ ശക്തമായ പ്രേരണയാണ് മൂന്നു ആട്ടക്കഥകളുടെ ഗ്രന്ഥകാരനായിത്തീരാൻ തമ്പിയെ സഹായിച്ചതു്. ഉത്തരാസ്വയംവരം ദക്ഷയാഗം, കീചകവധം എന്നു മൂന്ന് ആട്ടക്കഥകളാണ് തമ്പിയുടെ വകയായി കഥകളിസാഹിത്യത്തിനു ലഭിച്ച സംഭാവന. ഇതു കൂടാതെ സുഭദ്രാഹരണം, രാസ

ക്രീഡ എന്ന രണ്ടു തിരുവാതിരപ്പാട്ടുകളും അദ്ദേഹം രചിച്ചു. സുപ്രസിദ്ധമായ നവരാത്രിപ്രബന്ധവും മുറജപപ്പാനയും വാസിഷ്ഠംകിളിപ്പാട്ടും ഇരയിമ്മൻ തമ്പിയുടെ ഇതരകൃതികളത്രേ. അന്നത്തെ രാജാവിന്റെ കല്പനപ്രകാരം പതിനാൻപതാമത്തെ വയസ്സിലാണ് ഉത്തരാസ്വയംവരം നിർമ്മിച്ചതെന്നു പറയപ്പെടുന്നു. ഗർഭശ്രീമാനായ സ്വാതിതിരുനാൾ മഹാരാജാവിന്റെ അവതാരത്തെ പ്രകീർത്തിച്ചുകൊണ്ടു് തമ്പി വിരചിച്ച "ഓമനത്തിങ്കൾക്കിടാവോ" എന്ന താരാട്ടു് മലയാള ഭാഷയുള്ളിടത്തോളം കാലം നിലനില്ക്കുകതന്നെ ചെയ്യും. സാഹിത്യ സാമ്രാജ്യത്തിലും കേരളക്കരയിലെ സാമാന്യജനങ്ങളുടെ ഇടയിൽപ്പോലും തമ്പിക്കു ശാശ്വതയശസ്സുനേടിക്കൊടുത്തതു് ഈ താരാട്ടാണു് എന്നുള്ളതു് നിസ്സംശയമത്രേ.

മലയാള സാഹിത്യത്തിൽ മായാത്ത മുദ്രപതിച്ച കുഞ്ഞിക്കുട്ടിത്തങ്കച്ചി ഇരയിമ്മൻ തമ്പിയുടെ സീമന്തപുത്രിയാണു്. "പ്രാണനാഥനെനിക്കുനൽകിയ" എന്നുള്ള പാട്ടുകൊണ്ടുതന്നെ തങ്കച്ചിയുടെ കവനകലാകുശലത മലയാളികൾക്കൊക്കെ സുബോദ്ധ്യമായിട്ടുണ്ടു്. കൊല്ലം 1031-ാമാണ്ടു് അദ്ദേഹം ചരമഗതിപ്രാപിച്ചു.

## VII

## ദക്ഷയാഗം—ഇതിവൃത്തം

പ്രജാപതിമാരിൽ പ്രധാനിയായ ദക്ഷൻ ഒരിക്കൽ യമുനാജലപ്രവാഹത്തിൽ കുളിക്കുന്നതിനായി പോയി.

ഭാഗ്യവശാൽ ഒരു പത്മപത്രത്തിൽ ഒരു ശംഖ് കാണാനിടയാവുകയും ഉടൻ തന്നെ കൗതുകത്താൽ അതു കൈക്കലാക്കുകയും ചെയ്തു. തത്സമയം ആ ശംഖ് ഒരു കന്യകയായി കാണപ്പെട്ടു. ആ കുട്ടിക്ക് സതി എന്നു നാമകരണം ചെയ്യുകയുണ്ടായി. കന്യക വളർന്നപ്പോൾ ശിവൻ ഭർത്താവായിത്തീരുന്നതിനുവേണ്ടി അവൾ തപസ്സു തുടങ്ങി. കരാളദംഷ്ട്രൻ എന്ന അസുരൻ കാമാതുരനായി തപസ്സുചെയ്തുകൊണ്ടിരുന്ന സതിയെ സമീപിച്ചു. അവളുടെ തപോമയാഗ്നിയിൽ ആ രാക്ഷസൻ ശലഭദശയെ പ്രാപിച്ചു.

സതിയുടെ തപസ്സ് ഉഗ്രമായിത്തീർന്നതോടുകൂടി ശിവൻ ഒരു വൃദ്ധബ്രാഹ്മണൻെറ വേഷം സ്വീകരിച്ച് സതിയുടെ സൗകുമാര്യവിലാസങ്ങളും ഭഗവത്ഭക്തിയും കണ്ടറിയുന്നതിനു വേണ്ടി ഒരു പരീക്ഷണത്തിനു സന്നദ്ധനായി അവളെ സമീപിച്ചു. അവളുടെ ദൃഢമായ അഭിലാഷം നയോപായങ്ങളാൽ മനസ്സിലാക്കിയ വൃദ്ധബ്രാഹ്മണൻ പരീക്ഷണാർത്ഥം ശിവനെ അധിക്ഷേപിക്കാൻ തുടങ്ങി. കാള വാഹനവും പന്നഗം ആഭരണവും അചലം ഗേഹവുമായിക്കഴിയുന്ന ശിവനെ ഭർത്താവായി വരിക്കുന്ന അവളുടെ കഷ്ടകാലത്തെക്കുറിച്ചെല്ലാം വൃദ്ധൻ വളരെ ഉൽക്കണ്ഠ പ്രദർശിപ്പിച്ചു. "ഈശ്വരദൂഷണാലാപം ശാശ്വതയശോവിലോപ"മാണെന്നു കണ്ട് സതി കുപിതയായി അവിടെനിന്നും മറയുവാൻ തുടങ്ങിയപ്പോൾ സ്വന്തരൂപം കാട്ടി ശിവൻ അവളെ സന്തോഷിപ്പിക്കുകയും അവളുടെ അഭീഷ്ടങ്ങൾ നൽകുകയും ചെയ്തു.

ദക്ഷൻ ഉടൻതന്നെ ദേവേന്ദ്രാദികളുടെയും ഋഷിമാരുടെയും സാന്നിദ്ധ്യത്തിൽ വിവാഹകർമ്മം നടത്തിച്ചു.

പാണിഗ്രഹണാനന്തരം ശിവൻ സതിയെവിട്ടിട്ട് ആരേയും അറിയിക്കാതെ കൈലാസത്തേക്കു യാത്രയായി. ഈ വിവരമറിഞ്ഞ് കോപാകുലനായ ദക്ഷൻ ശിവനെ ഏറെ അധിക്ഷേപിച്ചു. ഇതു കേട്ടുനിന്ന ദേവന്മാർ, ശിവനെ അധിക്ഷേപിക്കുന്നതു ഉചിതമല്ലെന്നും മാപ്പിരക്കണമെന്നും ദക്ഷനോടാവശ്യപ്പെട്ടതനുസരിച്ച് ദക്ഷൻ കൈലാസത്തിലേക്കു യാത്രയായി. അഹങ്കാരിയായ ദക്ഷൻെറ ഗർവ്വം ഒന്നു തീർക്കണമെന്നുദ്ദേശിച്ച, ഭൂതനാഥനായ നന്ദി കൈലാസദ്വാരത്തിൽ വച്ച് ദക്ഷനുമായി ഏററുമുട്ടി. ലജ്ജിതനായ ദക്ഷൻ തിരികെ സ്വന്തം നാട്ടിലേക്കു വന്നു് ശിവന് ഹവിർഭാഗം കൊടുത്തുപോകരുതെന്ന് എല്ലാവരോടും ശട്ടം കെട്ടി.

ബ്രഹ്മാവ് ആയിടക്ക് ഒരു യാഗം സമാരംഭിക്കുന്നതിനുവേണ്ടി ശിവൻെറ സാന്നിദ്ധ്യം അപേക്ഷിച്ചു ദക്ഷൻ കുപിതനായിരിക്കുന്നതിനാൽ അനിഷ്ടസംഭവങ്ങളുണ്ടായേക്കുമെന്നു ശങ്കിച്ച ശിവൻ ബ്രഹ്മാവിൻെറ അപേക്ഷ നിരസിക്കുകയും, എന്നാൽ പകരം നന്ദിയെ നിയോഗിക്കുകയും ചെയ്തു. നന്ദിയെ എല്ലാ ഋഷിമാരും ബഹുമാനിക്കുന്നതു കണ്ടപ്പോൾ ദക്ഷനു സഹിച്ചില്ല. കണക്കിലേറെ നന്ദിയെ അപമാനിക്കാൻ ദക്ഷന് അപ്പോൾ തരംകിട്ടി. ശിവൻെറ ശക്തിയെക്കുറിച്ച് നല്ലവണ്ണം അറിയാമായിരുന്നതിനാൽ നന്ദി തിരികെ കൈലാസത്തിൽ വന്നു് വിവരം ശിവനെ അറിയിച്ചു.

അടുത്തുതന്നെ ദക്ഷൻ ശിവനെക്കൂടാതെ ഒരു വലിയ യാഗം നടത്താൻ സന്നദ്ധനായി. ദേവന്മാർ പലരും ശിവനു ഹവിർഭാഗം കൊടുക്കാത്ത യാഗം പൂർണ്ണമാവുകയില്ല എന്നു ഗുണദോഷിച്ചിട്ടും ദക്ഷൻ കൂട്ടാക്കിയില്ല. യാഗം കെങ്കേമമായി നടത്തുന്നു എന്നുകേട്ടപ്പോൾ സ്വന്തംനാട്ടും വീട്ടും സ്വജനങ്ങളേയും കാണാനുള്ള അതിതാല്പര്യത്തോടെ സതി ശിവനോട് അനുമതി ആവശ്യപ്പെട്ടു. ശിവൻ അനുവദിച്ചില്ല. സതിക്കു മാനഹാനി സംഭവിച്ചേക്കാമെന്നുള്ള ഭയമായിരുന്നു അതിനു ഹേതു. ഏതായാലും ശിവൻ അറിയാതെ സതി ദക്ഷന്റെ യാഗശാലയിൽ ചെന്നു. "നിന്നുടെ താതനും ഞാനല്ല സന്തതി" എന്നും മററുമുള്ള ദക്ഷവാക്യങ്ങൾ കേട്ട് ഹൃദയവ്യാകുലതയോടെ സതി തിരിച്ചുപോന്ന് ശിവന്റെ മുമ്പാകെ സങ്കടം ബോധിപ്പിച്ചു. ദക്ഷനെ കൊല്ലുകതന്നെ വേണമെന്നു അവൾ ആവശ്യപ്പെട്ടു. ഉടനെ ശിവന്റെ മൂന്നാംകണ്ണിൽനിന്ന് വീരഭദ്രൻ സംജാതനായി സതി സൃഷ്ടിച്ച ഭദ്രകാളിയുമായിച്ചേർന്ന് വീരഭദ്രൻ യാഗസ്ഥലത്തെത്തി യാഗം മുടക്കുകയും ദക്ഷന്റെ തല അറുത്ത് യാഗാഗ്നിയിൽ ഹോമിക്കുകയും ചെയ്തു.

അതുകഴിഞ്ഞ ഉടൻതന്നെ ശിവൻ അവിടെ പ്രത്യക്ഷപ്പെട്ട് ദേവന്മാരുടെ പ്രാർത്ഥനയനുസരിച്ച് യാഗം മുഴമിപ്പിക്കാനുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടു. ദേവാപേക്ഷപ്രകാരം ആട്ടിന്റെ തല ദക്ഷനിൽ ചേർത്ത് ദക്ഷനെ ജീവിപ്പിച്ചു. യാഗം അങ്ങനെ പൂർത്തിയായി;

ദക്ഷൻ ശിവഭക്താഗ്രണിയായി ശേഷം കാലം ജീവിച്ചു. ഇതാണ് കഥകളിയിലെ ദക്ഷയാഗം കഥ.

# VIII

## ദക്ഷയാഗം—

## പൗരാണികമായ ഇതിവൃത്തം

ഭാഗവതപുരാണത്തിലാണ് ദക്ഷയാഗം എന്ന കഥ പ്രസ്താവിച്ചിരിക്കുന്നതു്. ഒരിക്കൽ പ്രജാപതിമാർ ഒരു യാഗം നടത്തി. യാഗവേദിയിൽ ദക്ഷൻ പ്രവേശിച്ചപ്പോൾ ശിവൻ ദക്ഷനെ, എഴുന്നേററു് അഭിവാദനം ചെയ്തില്ല. തന്നിമിത്തം ദക്ഷൻ കുപിതനാവുകയും 'യാഗത്തിലുള്ള ഹവിർഭാഗം ഇല്ലാതെ പോകട്ടെ' എന്നു ശപിക്കുകയും ചെയ്തു. സതിയേയും ശിവനേയും ക്ഷണിക്കാതെ ദക്ഷൻ ഒരു യാഗം ആരംഭിക്കുകയും, ആ യാഗം കാണുന്നതിന് സതി ശിവന്റെ സമ്മതം കൂടാതെ പോവുകയും ചെയ്തു. പിതാവിനാൽ അപമാനിതയായ സതി അവിടെ വച്ചു തന്നെ യാഗാഗ്നിയിൽ ദഹിച്ചു.

കലഹപ്രിയനാണെങ്കിലും സകലകാര്യവേദിയായ നാരദൻ ഈ വിവരം ശിവനെ ധരിപ്പിച്ചു. സഹിക്കാനാവാത്ത കോപത്താൽ ശിവൻ സ്വന്തം ജട പറിച്ചു് നിലത്തടിക്കുകയും, തൽക്ഷണം തന്നെ രുദ്രന്റെ എല്ലാ സംഹാരശക്തികളും സമ്മേളിച്ച വീരഭദ്രൻ സംജാതനാവുകയും ചെയ്തു. ശിവന്റെ ആജ്ഞപ്രകാരം വീരഭദ്രൻ ദക്ഷന്റെ ശിരസ്സ് വേർപെടുത്തി അഗ്നിയിൽ ഹോമി

ച്ചു. യാഗത്തിന്റെ സന്നദ്ധരായി അവിടെ എത്തിയിരുന്ന എല്ലാവരേയും കണക്കിന് ഉപദ്രവിച്ചു. കൈക്കും കാലിനും ഒടിവും ചതവും മുറിവും സംഭവിച്ച പല ദേവന്മാരോടും മുനിമാരോടും കൂടി ബ്രഹ്മാവ് കൈലാസത്തിൽ ചെന്ന് ശിവനെ പ്രാർത്ഥിച്ചു. ദക്ഷനെ ജീവിപ്പിക്കുന്നതിനും യാഗപൂർണ്ണത വരുത്തിക്കൊടുക്കുന്നതിനുമായി ബ്രഹ്മാവ് അപേക്ഷിച്ചതനുസരിച്ച് കരുണാവാരിധിയായ ശിവൻ ആടിന്റെ ശിരസ്സ് ദക്ഷകബന്ധത്തിൽ യോജിപ്പിച്ച് ദക്ഷനെ ജീവിപ്പിച്ച്, യാഗകർമ്മം പൂർണ്ണമാക്കിത്തീർക്കുകയും ചെയ്തു.

## IX

## രസനിരൂപണം

കഥകളിയിൽ പ്രമുഖസ്ഥാനം ശൃംഗാരരസത്തിനു നൽകുക എന്നതാണ് പഴയ പാരമ്പര്യം. വധം എന്ന് ആട്ടക്കഥയുടെ പേരുകൊണ്ട് നിർദ്ദേശിച്ചാലും ശൃംഗാരത്തിന് അതിരു കവിഞ്ഞ സ്ഥാനം നല്കപ്പെട്ടു പോന്നിരുന്നതായി പല ആട്ടകഥകളും പരിശോധിച്ചാൽ കാണാം. ഗതാനുഗതികത്വം ആയിരിക്കാം ഇതിന്റെ പ്രധാന ഹേതു. ശൃംഗാരം തന്നെ ബീഭത്സമായിപരിണമിച്ചിട്ടുള്ള കഥകളികളും ദുർല്ലഭമല്ല. എന്നാൽ മററെല്ലാ രസങ്ങളും ആവശ്യാനുസാരണം കലർത്തുന്ന കാര്യത്തിൽ കഥകളീകർത്താക്കന്മാർ ജാഗരൂകരായി കാണപ്പെട്ടിരുന്നു എന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ആദ്യവസാനം ഒരേ രസം തന്നെ

കൈകാര്യം ചെയ്തുപോകുന്ന മുഷിപ്പൻ സമ്പ്രദായം ഒരു ആട്ടക്കഥാകൃത്തും അനുഷ്ഠിച്ചില്ല. മിക്ക ആട്ടക്കഥകളും ആരംഭിക്കുന്നതു് ഒരു ശൃംഗാരപ്പദം കൊണ്ടായിരിക്കും. ദക്ഷയാഗവും ഇതിൽ നിന്നു ഭിന്നമല്ല

ദക്ഷയാഗത്തിലെ അംഗിയായ രസം വീരമാണെന്നു നിസ്സംശയം പറയാം. ദക്ഷൻെറയും വേദവല്ലിയുടെയും ആദ്യരംഗമൊഴിച്ചാൽ മിക്ക രംഗങ്ങളിലും കളിയാടുന്നതു് ഉത്സാഹം എന്ന സ്ഥായീഭാവമാണു്. ദക്ഷൻ ആണു് ഈ സ്ഥായീഭാവത്തിനു് ആലംബനമായി നില കൊള്ളുന്നതു്. പ്രജാപതിമാരിലുള്ള പ്രാമാണികത്വവും ബ്രഹ്മപുത്രനാണെന്നുള്ള നിലയും യാഗാദികൾ നടത്തുന്നതിൽ സമർത്ഥനും തല്പരനുമാണെന്നുള്ളതും ഈ ഉത്സാഹമെന്ന സ്ഥായീഭാവത്തെ ജനിപ്പിക്കുകയാണു്. സതീപാണീഗ്രഹണശേഷം ശിവൻ ആരോടും ചോദിക്കാതെ പെട്ടെന്നു് അപ്രത്യക്ഷനായതു നിമിത്തം ദക്ഷൻെറ ഉത്സാഹത്തിനു് തെല്ലൊരു വിരസത നേരിട്ടു; അതോടൊത്തു തന്നെ ശിവനോടുള്ള വെറുപ്പും വർദ്ധിച്ചു. സതീദേവിയെ പിന്നീടു് ശിവൻ വന്നു് ആരുമറിയാതെ കൊണ്ടുപോയതു് ഉദ്ദീപനവിഭാവമായിത്തീൎന്നു. ഈ ഉദ്ദീപനത്താൽ വളൎന്നു് ശിവനിലുള്ള സ്പർദ്ധ കൊണ്ടും രോഷം കൊണ്ടും അനാദരം കൊണ്ടും ഉത്സാഹം സ്ഥായിയായി അനുഭവപ്പെട്ടു. ദേവന്മാരുടെ സമാധാനവാക്കുകൾ കേട്ടു് തെല്ലൊന്നു മന്ദഗതിയെ പ്രാപിച്ചതിനുശേഷം നന്ദികേശ്വരൻെറ നിന്ദാവചനങ്ങൾ ദക്ഷനിൽ അത്യധികമായ ഗർവ്വും, അമർഷം, നിന്ദ, തുടങ്ങിയ വ്യഭിചാരീഭാവ

ങ്ങളാൽ വീണ്ടും പരിപുഷ്ടമായി. യാഗശാലയിൽ സതിയുടെ ആവിർഭാവത്തിൽ രോമാഞ്ചം തുടങ്ങിയ ഭാവങ്ങളും ദക്ഷൻ അവളെ ആട്ടിപ്പുറത്താക്കിയതിനാൽ സ്തംഭവുംഎല്ലാം ഉത് ഭൂതമായി. വീരഭദ്രൻ, ഭദ്രകാളി എന്നിവരുടെയും ഭൂതഗണങ്ങളുടെയും പ്രവേശനത്തോടുകൂടി ഉത്സാഹം എന്ന സ്ഥായീഭാവം വീരരസമായിപ്പരിണമിക്കുന്നു. അനുവാചക ഹൃദയങ്ങളിൽ ഈ ഉത്സാഹം പ്രകടമായി അനുഭവപ്പെടാതിരിക്കയില്ല.

ദക്ഷയാഗത്തിലെ അംഗിയായ രസം രൗദ്രമാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായത്തിൽ കഴമ്പില്ലായ്കയില്ല. ചില സന്ദർഭങ്ങളിൽ രൗദ്രരസം പ്രധാനമാണെന്നു തോന്നിയേക്കാം. വീരഭദ്രൻ പ്രത്യക്ഷപ്പെടുന്നതും ഭദ്രകാളിയുടെ പ്രവേശനവും ദക്ഷന്റെ ഗളച്ഛേദനവും രൗദ്രരസത്തെ ഏറെക്കുറെ ആവിഷ്കരിക്കാൻ പര്യാപ്തമാണുതാനും. രൗദ്രംപോലെ തന്നെ പ്രഥമരംഗത്തിൽ ശൃംഗാരവും അംഗമായി നിലകൊള്ളുന്നുണ്ടെന്നു കാണാം.

"കാമോദ്ദീപനകാരണരൂപേ
കാമിനി നീ മമ വരിക സമീപേ
സാമോദം മധുരാധരമയി തേ
സാമജഗാമിനി തരിക മോദയിതേ!"

എന്നുള്ള ദക്ഷന്റെ പദവും വേദവല്ലിയുടെ വാക്യങ്ങളും രതിഎന്നസ്ഥായീഭാവത്തെ പരിസ്ഫുരിപ്പിക്കുന്നുണ്ട്. വൃദ്ധബ്രാഹ്മണൻ പ്രവേശിച്ച് സതിയെ പരീക്ഷിക്കുന്ന സന്ദർഭത്തിൽ

"ഹന്ത! ഹന്ത! നിൻെറ ഭാവം
അവങ്കലോ പെന്നിതേവം
എന്തവനല്ല പ്രഭാവം
ഹന്ത! നിൻെറദ്ദുർദ്ദൈവം."

എന്ന ഭാഗത്തു് പരിഹാസരസം കാണുന്നു. സതിയുടെ തപസ്സു് വർണ്ണിക്കുന്നിടത്തു് ശാന്തരസം കളിയാടുന്നു. "തിരോഹിതേദ്രാഗമൃതാത്മനീശ്വരേ" എന്നു തുടങ്ങുന്ന ശ്ലോകവും "ഹന്ത! ദൈവമേ! എന്തു ഞാൻ ചെയ്യും

ഹന്ത ദൈവമേ" എന്നു തുടങ്ങുന്ന പദവും കരുണവിപ്രലംഭത്തെ കുറിക്കുന്നു. ശിവന്റെ വിയോഗത്താലുണ്ടായ രതീവിച്ഛേദവും "അന്തരാത്തി മമ നൽകിയിവണ്ണം" എന്നും മററും സതി വിലപിക്കുന്നതിനാലുണ്ടാകുന്ന ശോകഭാവവും പരസ്പരം സമ്മേളിക്കുമ്പോഴാണു് കരുണവിപ്രലംഭം ഹൃദയഹാരിയായിപ്പരിണമിക്കുന്നതു്.

അത്ഭുതം എന്ന രസവും അല്പമായി ഇതിൽ പ്രകടിതമായിട്ടുണ്ടു്.

"ശങ്കരഗിരീന്ദ്രശിഖരേ—ആരിഹവിശങ്കം വരുന്നതെതിരേ" എന്നു് നന്ദി ആടുമ്പോൾ അത്ഭുതരസമാണു് ദ്യോതിക്കുന്നതു്. ഇങ്ങനെ വീരം എന്ന രസം അംഗിയായും മററു രസങ്ങൾ അംഗങ്ങളായും ഈ കഥയിൽ കാണുന്നുണ്ടെന്നു മനസ്സിലാക്കേണ്ടതാണു്.

## X

## സ്ഥലകാലങ്ങൾ

കാലദേശങ്ങളുടെ ഐക്യം വേണമെന്നുള്ള നിർബ്ബന്ധം നാടകത്തിൽ ഉണ്ടെങ്കിലും കഥകളിയിൽ സാധാര

ണയായി അത്ര ദീക്ഷിക്കപ്പെടാറില്ല. ഓരോ ദിവസത്തെ കഥയും അന്നന്നുനടന്നതുപോലെയാണ് ആട്ടക്കഥയിൽ സങ്കല്പിച്ചിരിക്കുന്നതെന്നു തോന്നുന്നു. വാസ്തവമായ കാലം ചിലപ്പോൾ ഏറെ സംവത്സരങ്ങൾ തന്നെ എന്നു വരാം. ദക്ഷയാഗത്തിൽ പുരാണകഥയനുസരിച്ചു നോക്കുമ്പോൾ സതീദഹനത്തിൻെറ കാലം സ്വാതിക്കു് ഏതാണ്ടു് യൗവ്വനം ആരംഭിച്ച ഉടനേ ആകാം. കഥ തുടങ്ങി ഒരു ഏഴെട്ടു വർഷം കഴിഞ്ഞിട്ടാണു് സതിയുടെ തപസ്സു്. ശിവൻ പ്രത്യക്ഷപ്പെട്ടു് അനുഗ്രഹം നൽകി പാണിഗ്രഹണം ചെയ്തതിനുശേഷം കുറെ വർഷങ്ങൾ കഴിഞ്ഞാണു് ദക്ഷൻ കൈലാസത്തിലേക്കു യാത്രയാകുന്നതെന്നു കണക്കാക്കേണ്ടിയിരിക്കുന്നു. കഥ അവസാനിക്കുമ്പോൾ കഥ തുടങ്ങിയ കാലം കഴിഞ്ഞു് ഉദ്ദേശം മുപ്പതുവർഷമെങ്കിലും ചെന്നിരിക്കണം.

രംഗങ്ങൾ നടക്കുന്നതു് ഏറിയക്രമം ദക്ഷൻെറ വാസസ്ഥാനത്തും കൈലാസത്തിലുമാണു്. ആദ്യത്തെ രംഗം ദക്ഷൻെറ വാസഗൃഹമത്രേ. യമുന അവിടെനിന്നും വളരെ അകലമല്ല എന്നൂഹിക്കേണ്ടിയിരിക്കുന്നു. സമീപമുള്ള വനഭൂമിയാണു് സതി തപസ്സിനുള്ള രംഗമായി തെരഞ്ഞെടുത്തിട്ടുള്ളതു്. പിന്നീടുള്ള പ്രധാന രംഗം കൈലാസവും ബ്രഹ്മലോകവും യാഗശാലയുമാണു്. വലിയ പൊരുത്തക്കേടുകൂടാതെയാണു് വിവിധരംഗങ്ങൾക്കു തമ്മിൽ യോജിപ്പുണ്ടാക്കിയിരിക്കുന്നതെന്നു് കാണാൻ വിഷമമില്ല.

IBUPRASAD.

# XI

## പ്രധാന ഭാഗങ്ങളുടെ വ്യാഖ്യാനം

1 പനിമതിബിംബംമുഖസമമിഹതേ
പണിതുടരുമ്പോളംശുമുകളിതേ
വനജേ ദൃസ്ഥിതനാംവിധിനൂനം
മതിയാക്കീബത! ശില്പവിധാനം.

അംഭോജാസനനന്ദനനായ ദക്ഷൻ ദേവേന്ദ്രാദികളാൽ സംപൂജ്യനായും വിഷ്ണുഭക്തനായും സസുഖം രാജ്യം ഭരിക്കുന്നു. വേദവല്ലിഎന്ന ഭാര്യയോടു ചേൎന്നു് അദ്ദേഹം ആനന്ദോന്മത്തനായിക്കഴിയുന്ന രംഗമത്രെ ദക്ഷയാഗത്തിൽ ഒന്നാമത്തേതു്. സാധാരണ കഥകളികളിൽ തുടൎന്നു് വരാറുള്ള ഒരു രീതി ഈ കഥയിലും തൽക്കൎത്താവു് സ്വീകരിച്ചിരിക്കുന്നതിനൊരു തെളിവാണു് ആദ്യത്തെ ശൃംഗാരപ്പദം. ദക്ഷൻ എന്ന നായകൻ വേദവല്ലിയായ നായികയോടു ചേൎന്നു് പ്രകൃതിരാമണീയകത്തെ സ്തുതിക്കുകയും രതിസുഖം ആസ്വദിക്കുന്നതിനു് ആ കാമിനിയെ സോല്ലാസം ക്ഷണിക്കുകയും ചെയ്യുന്നു. ദക്ഷൻ പത്നിയുടെ മുഖകമലത്തെ വൎണ്ണിക്കുന്നതാണു് പ്രകൃതം.

ഇഹ, തേ, മുഖസമം, പനിമതി ബിംബം പണി തുടരുമ്പോൾ, അംശുമുകളിതേ വനജേ ദൃസ്ഥിതനാംവിധി ശില്പവിധാനം മതിയാക്കീനൂനം ബത, എന്നു് അന്വയം.

ഈ സമയത്തു് നിൻെറ മുഖത്തിനു് തുല്യമായി ചന്ദ്രബിംബം സൃഷ്ടിക്കുന്നതിനുള്ള പണി തുടൎന്നുകൊ

ണ്ടിരുന്നപ്പോൾ, ചന്ദ്രികാപ്രസരത്താൽ താമരപ്പൂവ് കൂമ്പിപ്പോവാനാരംഭിച്ചു. നാളീകജന്മാവായ ബ്രഹ്മാവ് അപ്പോൾ ആകെ കഷ്ടത്തിലായി, ദുസ്ഥിതിയിലായി തന്മൂലം തൻെറ ഇരിപ്പിടം നഷ്ടപ്പെട്ടേക്കുമെന്നു് ഭയന്നിട്ടോ എന്തോ ചന്ദ്രബിംബസൃഷ്ടി പെട്ടെന്നു തന്നെ മതിയാക്കി എന്നുള്ളതാണു് സത്യം. ഇതു് തീർച്ച തന്നെയാണു് എന്നു കവി പറയുന്നു. ആശ്ചര്യദ്യോതകമായ ശബ്ദമത്രേ 'വേത' എന്നതു്.

ചന്ദ്രബിംബത്തിൻെറ പണിതുടന്നിരുന്ന ബ്രഹ്മാവ് ആ സൃഷ്ടി പെട്ടെന്നു നിർത്തിവയ്ക്കേണ്ടിവന്ന പരിതഃസ്ഥിതി കവിയുടെ ഭാവനയിൽക്കൂടി സംജാതമായതു് ഏററവും സമുചിതമായിരിക്കുന്നു. പൂർണ്ണചന്ദ്രബിംബവും മുഖവും തമ്മിൽ സാദൃശ്യപ്പെടുത്തുന്ന ഒരു പുതിയ രീതിയാണു് ഇവിടെ നാം കാണുന്നതു്. പൂർണ്ണചന്ദ്രൻെറ പണി മുഴുവനാക്കാൻ ബ്രഹ്മാവിനു കഴിഞ്ഞില്ല എന്നുള്ള ആശയത്തിൽ നിന്നു് അതിസുന്ദരമായ ഒരു വ്യംഗ്യാർത്ഥം കിട്ടുന്നുമുണ്ടു്. ചന്ദ്രനിൽ കാണുന്ന കറുത്ത പാടുകളും ചിഹ്നങ്ങളുമെല്ലാം സൃഷ്ടിയുടെ അപൂർണ്ണതയെയല്ലേ കുറിക്കുന്നതെന്നു വ്യംഗ്യം. അമ്മാതിരി യാതൊരു കളങ്കവും മാലിന്യവും നായികാമുഖത്തു് ഇല്ലാത്തതുകൊണ്ടാണല്ലോ ആ മുഖത്തെ മാതൃകയാക്കിക്കൊണ്ടു് തത്സമമായി ഒരു പൂർണ്ണചന്ദ്രബിംബം സൃഷ്ടിക്കാമെന്നു ബ്രഹ്മാവു് നിശ്ചയിച്ചതു്. ചന്ദ്രൻ പ്രകാശിക്കുമ്പോൾ താമര കൂമ്പിപ്പോകും. ബ്രഹ്മാവ് ഇരിക്കുന്നതു് വികസിച്ച താമരയിലുമാണു്. ചന്ദ്രൻെറ സൃഷ്ടി എത്രമാത്രം ഉൽകൃഷ്ടമാകുമോ അത്രയും വേഗം താമരക്കൂമ്പാൻ തുടങ്ങും; ഇങ്ങനെ ഇരിക്കപ്പൊറുതിയില്ലാതെ യ

യിത്തീൎന്നതിനാലായിരിക്കാം ബ്രഹ്മാവു് ചന്ദ്രസൃഷ്ടി ആ ഘട്ടത്തിൽ നിൎത്തിവച്ചതു് എന്നു് കവി ബലമായി സംശയിക്കുന്നു. നൂനം എന്നതു് ഉൽപ്രേക്ഷാവാചക മത്രേ.

വ്യംഗ്യപ്രധാനമായ ഈ ഭാഗം കവിയുടെ നവംനവമായ ഉല്ലേഖചാതുൎയ്യത്തെയും കല്പനാവൈഭവത്തേയും ഉദാഹരിക്കുന്നുണ്ടു്. ഉൽപ്രേക്ഷ എന്ന അലങ്കാരം കൂടാതെ തന്നെ കാമിനിയുടെ മുഖത്തിനോടു് തുല്യമായി ചന്ദ്രബിംബത്തെയാണു് കൊണ്ടുവന്നിരിക്കുന്നതു്. ഇവിടെ വൎണ്ണ്യം മുഖമാണെങ്കിലും ചന്ദ്രബിംബത്തെയാണു് വൎണ്ണ്യമാക്കിയിരിക്കുന്നതു്. "ഉപമാനോപമേയതാം മറിച്ചിട്ടാൽ പ്രതീപമാം" എന്ന ലക്ഷണമനുസരിച്ചു്, ഉപമേയം മുഖവും ഉപമാനം ചന്ദ്രനുമായിരിക്കേ നേരേമറിച്ചു് പ്രസ്താവിച്ചിരിക്കുന്നതിനാൽ അലങ്കാരം പ്രതീപം എന്നു പറയാം. ശബ്ദാലങ്കാരത്തിനും അൎത്ഥാലങ്കാരത്തിനും ഒന്നുപോലെ പ്രാധാന്യം കൊടുക്കാൻ കവി വളരെ ശ്രദ്ധിച്ചിരിക്കുന്നു.

2. "കാമുകമുഖേന്ദു കണ്ടാൽ കാമിനിചകോരിയിങ്ങു
താമസിച്ചുനിന്നീടുമോ താമരസനേത്രേ!"

പ്രിയപത്നിയായ വേദവല്ലിയോടു് രതിസമാഗമപ്രാൎത്ഥനകഴിച്ച ദക്ഷൻ അവളുടെ മറുപടികേട്ടു് ആനന്ദതുന്ദിലനായിപ്പരിണമിക്കുന്നതത്രേ പ്രകൃതഭാഗം. ഭൎത്തൃപാദസേവ മുഖ്യകൎമ്മമായിക്കരുതുന്നവരാണു് ധൎമ്മപത്നികൾ എന്നും അതുകൊണ്ടു് ദക്ഷന്റെ ആജ്ഞ അനുസരിപ്പാൻ അവൾ സൎവ്വദാ കടപ്പെട്ടിരിക്കുന്നു എന്നും മറുപടി നൽകി. ദക്ഷൻെറ മനസ്സു് രത്യാദികൾക്കു് അനുകൂലമെങ്കിൽ അവൾക്കു ആയതിലൊട്ടുംഅപ്രീതിയില്ലെന്നും, പ്രത്യുത കൂടുതൽ ഉത്സാഹംതന്നെയുണ്ടെന്നും അറിയിക്കുന്നതാണു് പ്രസ്തുതം.

കാമുകമുഖമാകുന്ന ഇന്ദു (ചന്ദ്രനെ) വിനെക്കണ്ടാൽ കാമിനിയാകുന്ന ചകോരപ്പെൺ പക്ഷി (ഉപ്പൻപക്ഷി) മടിച്ചും താമസിച്ചും നില്ക്കുക സാധാരണമാണോ എന്നായിരുന്നു അവളുടെ യുക്തി. 'താമരസനേത്ര' എന്നതു് സംബോധനയാണു്. താമരക്കണ്ണുപോലെ സൗന്ദര്യമുള്ളവൻ എന്നത്ഥം. ചന്ദ്രൻെറ പ്രഭാവത്തിലാണല്ലോ ഉപ്പൻ പക്ഷികൾ ആഹാരം കഴിക്കുക; അവയുടെ ആഹാരം നിലാവാണെന്നു പറയുന്നു. കാമുകനാകുന്ന ചന്ദ്രൻെറ മുഖം ദർശിക്കുന്ന മാത്രയിൽ കാമിനിയായ ഉപ്പൻ പക്ഷിക്കു് യാതൊരു വൈമനസ്യവും രതിക്രീഡയിൽ ഉണ്ടാകേണ്ട കാര്യമില്ല. ചന്ദ്രികയിൽ ചകോരങ്ങൾ ഉല്ലസിച്ചാക്കുന്നതുപോലെ ഭത്താവിൻെറ മുഖകമലദർശനത്തിൽ ഭായ്യ ആനന്ദിക്കുകയല്ലേ ചെയ്യാവുള്ളതു്? അപ്പോൾ ഭത്താവിൻെറ ആഗ്രഹം നിരസിക്കുന്നതു് ഒരു ഭായ്യയുടെ ധമ്മവുമല്ല. ഇവിടെ ആഗ്രഹം നിരസിക്കുന്നില്ല എന്നുതന്നെയല്ല മുഖേന്ദു കണ്ടാൽ ചകോരിയിങ്ങു പിന്നീടൊരു നിമിഷവും താമസിക്കുകയില്ല എന്നുള്ള ആശയവും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

3. "വിധിതുന്നനിധിയാമീ നന്ദിനി-മേലിൽ
വിവിധകാമം തരുവാൻ നന്ദിനി
വിധിവിലാസം നമുക്കു നന്നിനി-യിവൾ
വിധുമുഖിസർവ്വലോകാനന്ദിനി."

ശൃംഗാരപ്പദം കഴിഞ്ഞു് കഥ ആരംഭിക്കുന്നു. ക്ഷൻ 'പങ്കംപോക്കുന്ന കാളിന്ദിയിൽ മുഴുകി' പത്മ

പത്രത്തിൽ വിളങ്ങിക്കണ്ട ഒരു ശംഖ് കൈക്കലാക്കിയപ്പോഠം ഭാഗ്യവശാൽ അതു് ഒരു കന്യകാരത്നമായിത്തീരുകയുണ്ടായി. ദക്ഷന് ആ കന്യകയിൽ അതിരററ വാത്സല്യമുണ്ടായി. സതി എന്നു് ആ കട്ടിക്കു നാമകരണം ചെയ്യുകയും അവഠം ശങ്കരൻെറ പ്രണയിനിയായിത്തീരുമെന്നു് ആശിക്കുകയും ചെയ്തു. ഈ സന്തോഷവൃത്താന്തത്തിൽ ദക്ഷനും ഭാര്യയും ആഹ്ലാദിക്കുന്നതാണു് പ്രകൃതം.

ബ്രഹ്മാവു് തന്ന ഒരു നിധിയാണു് ഈ മകഠം. ഇവഠം നമുക്കു എല്ലാ ആഗ്രഹങ്ങളും പ്രദാനം ചെയ്യുന്ന, കാമധേനുവിൻെറ മകളായ നന്ദിനിതന്നെയാണു്. ഇനി മേലിൽ നമ്മുടെ വിധിവിലാസം—ഭാഗ്യം—നന്നായിരിക്കുകതന്നെ ചെയ്യും. ചന്ദ്രബിംബമുഖിയായ ഈ കുമാരി സർവ്വലോകത്തിനും ആനന്ദത്തെ കൊടുക്കുന്നവളുമാണു്.

ഇരയിമ്മൻതമ്പിയുടെ അന്യൂനമായ പദസംവിധാനതയത്രേ ഈ പദത്തിൽ കാണുന്നതു്. 'വി' എന്ന അക്ഷരം നാലുപാദത്തിൻെറയും ആദ്യം ഒന്നുപോലെ ആവൎത്തിച്ചിരിക്കുന്നതിനാൽ ആദിപ്രാസവും 'നന്ദിനി' എന്ന പദം എല്ലാ പാദത്തിൻെറയും ഒടുവിൽ പ്രയോഗിച്ചു് അന്ത്യപ്രാസവും അക്ലിഷ്ടമായി വരുത്തിയിരിക്കുന്നു. ആശയത്തിനോ അൎത്ഥത്തിനോ ഇതു നിമിത്തം യാതൊരു ക്ലിഷ്ടതയും സംഭവിച്ചിട്ടില്ല. സതിയെ നന്ദിനിയായി അഭേദം കല്പിച്ചിരിക്കുന്നതിനാൽ രൂപകാലങ്കാരവും ഉണ്ടു്. ന്ദ, ന, തുടങ്ങിയ കോമളവ്യഞ്ജനങ്ങഠം സമഞ്ജസമായി ഇടകലൎത്തി 'വൈദർഭി' എന്നരീതി ആവിഷ്കരി

ച്ചിരിക്കുന്ന ആ കലാകുശലത പ്രത്യേകംസ്തുത്യർഹമാണു്.

'മധുരവ്യഞ്ജനപ്രാസം
വൈദർഭീരീതിയായതു്' എന്നു് ഭാഷാഭൂഷണം.

4. "പൂമെയ് മരവിരിയും ജടയും
പൂണ്ടെങ്കിലുമതിരമണീയം
താമരശൈവലസംഗേപി
സാമോദം വിലസുന്നല്ലോ."

പിതൃജനങ്ങളാൽ പോഷിതയായ സതി സകല കലാവിചക്ഷണയായിത്തീർന്നു. ബാല്യകാലം മുതൽ തന്നെ ഭർത്താവായി ശിവനെ അവൾ ആഗ്രഹിച്ചു. അതു ഫലവത്താകുന്നതിനു് ഉഗ്രമായ തപസ്സനുഷ്ഠിക്കുവാൻ അവൾ തീർച്ചപ്പെടുത്തി. അങ്ങനെ സതി തപസ്സിൽ സ്ഥിതി ചെയ്യുമ്പോൾ കരാളദംഷ്ട്രൻ എന്നു പേരുള്ള ഒരു രാക്ഷസൻ അവളെക്കണ്ടു് കാമപീഡിതനായി. അയാളുടെ ആത്മഗതമാണു് പ്രസ്തുതഭാഗം.

അതിസുന്ദരിയായ ഈ കന്യക ആരായിരിക്കാം എന്നു് ആദ്യം അവൻ ചിന്തിച്ചു. ഇവളെക്കഴിഞ്ഞേ ലക്ഷ്മീദേവിപോലും ഉള്ളൂ എന്നായി അടുത്ത ചിന്ത. പൂപോലെയുള്ള ഈ മൃദുലശരീരം മരവുരികൊണ്ടും ജട കൊണ്ടും മൂടപ്പെട്ടിരിക്കുന്നു. എന്നിട്ടും ആ രാമണീയകത്തിനു് കുറവു വല്ലതുമുണ്ടോ? പായൽ മൂടിക്കിടന്നാലും താമരയ്ക്കു് എന്താണൊരു കുറവു്? പായൽ ചുററും കൂടി ക്കിടക്കുമ്പോൾ താമരയുടെ ശോഭ കൂടുകതന്നെയല്ലേ ചെയ്യുന്നതു്? എന്നൊക്കെ അയാൾ ആലോചിച്ചു.

പൂപോലെയുള്ള ശരീരം മരവുരിയും ജടയും പൂണ്ട തിനു ശേഷവും രമണീയമായിരിക്കുന്നു എന്ന വർണ്ണ്യ വാക്യത്തിലും താമര പായൽ കൊണ്ടു് മൂടിയിരുന്നാലും ആമോദത്തോടേ വിലസുകതന്നെ ചെയ്യുന്നു എന്ന അവർ ണ്ണ്യവാക്യത്തിലും "ശോഭാകരമാണു്" എന്ന സാധാ രണ ധമ്മത്തെ പ്രത്യേകം പ്രത്യേകം വാക്കുകൾകൊണ്ടു് (രമണീയം, വിലസുന്നു) ആവത്തിച്ചിരിക്കുന്നതിനാൽ അലങ്കാരം പ്രതിവസ്തൂപമ.

"അവർണ്ണ്യവർണ്ണ്യവാക്യങ്ങൾ-
ക്കൊന്നാം ധമ്മത്തെ വേറെയായ്
നിർദ്ദേശിച്ചാലലങ്കാരം
പ്രതിവസ്തൂപമാഭിധം". എന്നു ലക്ഷണം.

ഈ ഭാഗത്തിൽ 'താമര ശൈവല സംഗേപിസാ മോദം വിലസുന്നല്ലോ' എന്ന വരികൾ കാളിദാസ മഹാ കവിയുടെ ശാകുന്തളത്തിലെ ഒരു പ്രസിദ്ധ ശ്ലോക ഭാഗ ത്തിൻെറ അനുകരണമാണു്.

'സരസിജമനുവിദ്ധം ശൈവലേനാപിരമ്യം
മലിനമപിഹിമാംശോഃ ലക്ഷ്മ ലക്ഷ്മീംതനോതി
ഇയമധികമനോജ്ഞാ വല്കലേനാപി തന്വീ
കിമിവഹി മധുരാണാം മണ്ഡനംനാകൃതീനാം."

എന്ന ശ്ലോകത്തിലെ പ്രഥമപാദത്തിൻെറ ശരി യായ തർജ്ജമതന്നെ കവി ഇവിടെ കൊടുത്തിരിക്കുന്നു.

5. തിരോഹിതേ ദ്രാഗമൃതാത്മനീശ്വരേ
വിയോഗതാപാദഥവിഹ്വലാസതി
വിഹായസാമോദവിലാസമാസ്ഥിതാ
കുമുദ്വതീവാളികുലാകുലേക്ഷിതാ.

സതിയുടെ ഉഗ്രതപസ്സ് ഫലപൂർണ്ണമായി. ഭുവനപതിയായ ഗിരീശൻ സതിയുടെ പാണിഗ്രഹണകർമ്മം വിധിപ്രകാരം നിർവ്വഹിച്ചു. ഇന്ദ്രാദികളായ ദേവന്മാർ ഭാഗ്യശാലിയായ ദക്ഷനെ പുകഴ്ത്തി. സതിക്കു ദേവന്മാർ മംഗളാശംസ ചെയ്തു. അനന്തരമുള്ള കഥാഭാഗത്തെ സൂചിപ്പിക്കുന്നതാണു പ്രസ്തുത ശ്ലോകം.

അമൃതാത്മനി ഈശ്വരേ ദ്രാക് തിരോഹിതേ, വിയോഗതാപാദ് വിഹ്വലാസാസതീ, ആമോദവിലാസം വിഹായ ആളികുലാകുലേക്ഷിതാ കുമുദ്വതീ ഇവ ആസ്ഥിതാ എന്നു് അന്വയം.

അമൃതാത്മാവായ ഈശ്വരൻ, ശിവൻ, പെട്ടെന്നു് മറഞ്ഞപ്പോൾ വിരഹപീഡ നിമിത്തം ദുഃഖിതയായിത്തീർന്ന ആ സതി സന്തോഷം, വിലാസം എന്നിവയെല്ലാം നിശ്ശേഷം ഉപേക്ഷിച്ചിട്ടു് ആകുലമായി വീക്ഷിക്കുന്ന ആളിമാരോടൊത്തു് ആമ്പൽപ്പൊയ്കയെന്നപോലെ ഇരുന്നു എന്നു് അന്വയാർത്ഥം.

കുമുദ്വതീവ എന്ന ഉപമാപ്രയോഗം സാധുവാക്കിത്തീർത്തിരിക്കുന്നതു് ചില വിശേഷണപദങ്ങളുടെ ശ്ലേഷാ

ലങ്കാരപ്രയോഗം കൊണ്ടാണ്. അമൃതാത്മാവായ ഈശ്വരൻ എന്ന പദത്തിന് അമൃതകിരണനായ ചന്ദ്രൻ എന്നർത്ഥം ഉണ്ട്. ചന്ദ്രൻ മറയുമ്പോഠം ആമ്പൽപ്പൊയ്ക ആമോദവിലാസങ്ങഠം ഉപേക്ഷിക്കുന്നതു് സാധാരണമാണല്ലോ. സൗരഭ്യം, വിലാസം എന്നിവയെല്ലാം ആമ്പൽപ്പൊയ്കക്ക് ചന്ദ്രാസ്തമനത്തോടുകൂടി ഇല്ലാതാകുന്നു. മാത്രമല്ല, അളികുലാ + ആകുലേക്ഷിതാ = അളികുലാ കുലേക്ഷിതയായിത്തീരുകയും ചെയ്യുന്നു. വണ്ടിൻകൂട്ടങ്ങഠം വളരെ വേദനയോടുകൂടി മാത്രമേ ആ തക്കത്തിൽ പൊയ്കയെ വീക്ഷിക്കുകയുള്ളൂ. ആമ്പൽപ്പൂക്കഠം എല്ലാം കൂമ്പുകയും സൗരഭ്യാദിവിലാസ ഹേതുക്കഠം ഇല്ലാതാവുകയും ചെയ്യുന്നതു് അളികുലങ്ങഠംക്കു ആകുലം ഉണ്ടാക്കുന്നതാണ്. അപ്രകാരമുള്ള ഒരാമ്പൽപ്പൊയ്കയുടെ മ്ലാനതയും, വണ്ടുകഠംപോലും തിരിഞ്ഞു നോക്കാത്ത അവസ്ഥയും, സുഗന്ധരാഹിത്യവും വിലാസലാസ്യങ്ങളുടെ സ്തംഭനവും എല്ലാം സതിക്കും ഒന്നുപോലെ യോജിക്കുന്നമട്ടിൽ കവി കൂട്ടിച്ചേർത്തിരിക്കുന്നതു് ഔചിത്യത്തോടുകൂടിയത്രേ. ഭർത്താവിൻെറ വേർപാടു് സതിയിൽ വരുത്തിവച്ച മാററങ്ങഠം സംഗ്രഹരൂപേണ മിതമായി വർണ്ണിച്ചിരിക്കുന്നു. അലങ്കാരങ്ങളും മററും ഉപേക്ഷിച്ചു് സതി ദുഃഖിതയായി വാടിത്തളർന്നു് ഇരുന്നതുകൂടാതെ അവളുടെ സന്തതസഹചാരികളായ തോഴിമാർക്കുപോലും വ്യാകുലതപിടിപെട്ടു എന്നാണു് വർണ്ണിച്ചിരിക്കുന്നതു്. ആളികളുടെ ആകുലമായ നോട്ടമാണു് സതിയിൽ എപ്പോഴും ഉണ്ടായിരുന്നതു്. വ്യംഗ്യഭംഗിയോടുകൂടിയ ഈ വർണ്ണനയുടെ സ്വാരസ്യം ഒന്നു പ്രത്യേകമാണു്.

ശ്ലേഷംകൊണ്ടു് ഉപമ സാധിച്ചിരിക്കുന്നതിനാൽ ശ്ലേഷം അംഗിയും ഉപമ അംഗവുമാകുന്നു. അതുകൊണ്ടു ശ്ലേഷം, ഉപമ എന്നീ അലങ്കാരങ്ങൾക്കു് അംഗാംഗിഭാവസങ്കരം.

വൃത്തം വംശസ്ഥ.

ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും എന്നു് ലക്ഷണം

6. "ഭുജഗഭൂഷണഭൂഷണഭാഷണ-
ശ്രവണരോഷകഷായിത ലോചനേ
സകലവേലിനി നന്ദിനിനിർഗ്ഗതേ
വിധിമുഖേ ചമഖേ ജനികുണ്ഠതാ"

ശിവൻെറ ഭൂതഗണങ്ങളിൽ നാഥനും ദ്വാരപാലകനുമായ നന്ദികേശ്വരൻ ശിവനെ കാണാനായി വന്ന ദക്ഷനുമായി ഒരു ഏററുമുട്ടൽ നടത്തി. അപമാനം നേരിട്ട ദക്ഷൻ ശിവനെ കാണാതെ മടങ്ങുകയാൽ യാഗം നടത്തുന്നതിനും ശിവനെ ക്ഷണിക്കുവാനായി ബ്രഹ്മാവു നേരിട്ടു കൈലാസത്തിലെത്തി. എന്നാൽ ശിവനാകട്ടെ യാഗം നടത്തുന്നതിനു വിരോധമില്ലെന്നും "ഇന്നു ഞാൻ വരുവതവമാനം-നിന്റെ നന്ദനൻ വൈരിമമന്ത്രനം-തത്ര നന്ദിയെ നിയോഗിപ്പനെന്നോടു സമാനം" എന്നും പറഞ്ഞു് ബ്രഹ്മാവിനെ മടക്കി അയച്ചു. അതനുസരിച്ചു് നന്ദികേശ്വരൻ യാഗത്തിനു ചെന്നപ്പോൾ പൂർവ്വവൈരാഗ്യം ഹേതുവാൽ ശിവനേയും നന്ദിയേയും ഒന്നടങ്കം ദക്ഷൻ പരിഹസിക്കുകയും ഭത്സിക്കുകയും ചെയ്തു. അനന്തരമുള്ള കഥയാണു് ഈ ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്.

ഭുജഗഭൂഷണനായ ശിവൻെറ ദൂഷണമായ ഭാഷണത്തിൻെറ ശ്രവണത്താൽ രോഷകഷായിതമായ ലോചനത്തോടുകൂടി സകലകാൎയ്യവേദിയായ നന്ദി അവിടെനിന്നു് പോന്നപ്പോരം മുഖത്തിനും വിധിമുഖത്തിനും വല്ലാത്ത കുണ്ഠിതം ജനിച്ചു എന്നൎത്ഥം.

സകലവേദിനി നന്ദിനി നിൎഗ്ഗതേ=എല്ലാവിവരങ്ങളും അറിവുള്ളവനായ നന്ദി നിൎഗ്ഗതനായപ്പോരം, ബ്രഹ്മാവിന്റെ മുഖത്തു കുണ്ഠിതത്തിൻെറ എല്ലാ ലക്ഷണങ്ങളും ഉണ്ടായി. ശിവൻ യാഗത്തിൽ ഹവിർഭാഗം സ്വീകരിക്കാൻ വിസമ്മതിക്കുമെന്നും തന്മൂലം യാഗം മുടങ്ങുമെന്നും ഉള്ള ഭീതിയാണു് ബ്രഹ്മാവിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടതു്. മഖത്തിൽ (യാഗത്തിൽ) കുണ്ഠത ഉണ്ടായതു് യാഗം മുടങ്ങിഎന്ന അൎത്ഥത്തെകുറിക്കുന്നു. ശിവനില്ലാത്ത യാഗം പൂൎണ്ണമല്ലല്ലോ?

'ഭുജഗ ഭൂഷണ ദൂഷണ ഭാഷണ ശ്രവണ" എന്ന പ്രയോഗത്തിലെ പദഭംഗി നോക്കുക. യാതൊരു ക്ലേശവും കൂടാതെ അൎത്ഥഹാനിയില്ലാതെ പദപ്രയോഗം കൊണ്ടു തന്നെ ഒട്ടാകെ പ്രകൃതത്തിൻെറ ഭാവം പരിസ്ഫുരിക്കുന്ന മട്ടിൽ ആ സമസ്തപദം പ്രയോഗിച്ചതു് കവിയുടെ വചോവിലാസത്തിൻെറ നിദർശനമത്രേ. അനുപ്രാസം എന്ന ശബ്ദാലങ്കാരം ഈ പദ്യത്തിൽ എങ്ങുമുണ്ടു് "വിധിമുഖേ ചമഖേ" എന്ന പ്രയോഗവും രസികനായിരിക്കുന്നു. ഒന്നോടുകൂടി മറെറാന്നു ക്രിയ ചെയ്താൽ സഹോക്തിയാം എന്ന ലക്ഷണപ്രകാരം വിധി മുഖത്തിലും മഖത്തിലും കുണ്ഠിതമുണ്ടായി എന്നു പ്രയോഗിച്ചിര

ക്കുന്നതിനാൽ സഹോക്തി എന്ന അലങ്കാരവുമുണ്ട്. സുന്ദര പദപ്രയോഗത്തിൽ തമ്പിക്കുള്ള പാടവം ഈ ഭാഗത്തു് പൂർണ്ണമായും വെളിപ്പെടുന്നുണ്ട്.

(7) "പ്രമഥഗണാനലനടുവതിലവനൊരു
തൃണമിവസപദി പതിപ്പതുകാൺക."

പിതാവു നടത്തുന്ന അതിവിശിഷ്ടവും പുണ്യകരവുമായ യാഗം കാണാൻ സതി ശിവനോടു് അനുവാദം ആവശ്യപ്പെട്ടപ്പോൾ ഭഗവാൻ അതിൻെറ ഭവിതവ്യത്തെക്കുറിച്ചു് വിശദമായി അവളെ ധരിപ്പിക്കുകയുണ്ടായി. എന്നാൽ ശിവൻെറ അറിവുകൂടാതെ സതി സ്വമേധയാ ദക്ഷയാഗം കാണാനായി പോകുകയും ദക്ഷനിൽനിന്നു് വേണ്ട അപമാനവും സഹിച്ചു് മടങ്ങുകയും ചെയ്തു. തൻെറ തെററുകൾ പൊറുത്തു മാപ്പുനൽകണമെന്നും ദക്ഷൻെറ അഹങ്കാരത്തിനു് തക്ക ശിക്ഷനൽകണമെന്നും സതി ശിവനോടു് കേണിരന്നു ശിവൻ സതിയെ സമാധാനിപ്പിക്കുന്ന വാക്യങ്ങളിൽ ഒന്നത്രേ പ്രസ്തുതം.

പ്രമഥഗണങ്ങൾ=ഭൂതഗണങ്ങൾ, ശിവൻ കുപിതനായി പറയുന്ന ഈ വാക്യത്തിൽ എതിരാളിയായ ദക്ഷനെ തൃണസദൃശമാക്കികല്പിച്ചിരിക്കുന്നു. ഭൂതഗണങ്ങളാകുന്ന അഗ്നിയിൽ ഒരു പുൽക്കൊടിയെന്നവണ്ണം ദക്ഷൻ എത്രയും വേഗം നാശമടയുന്നതാണു് എന്നു സതിക്കു ശിവൻ ഉറപ്പുകൊടുക്കുകയാണു്. ഭൂതഗണങ്ങളുടെ സംഹാരപരമായ കഴിവിനേയും ദക്ഷൻെറ നിസ്സാരതയേയും ഈ ഉപമാലങ്കാരം വ്യക്തമാക്കുന്നുണ്ട്.

(8) "ചക്ഷുശ്രവണൻ ചീറിവരുന്നതു
പക്ഷിപ്രവരനു ഭക്ഷണകാലം"

(സന്ദർഭം പൂർവ്വോക്തം)

പക്ഷികളിൽ പ്രവരനായ ഗരുഡൻ സർപ്പവിരോധിയാണെന്നു് പുരാണപ്രസിദ്ധം. ആ ഗരുഡന്റെ നേക്കു ഒരു പാമ്പു് ചീറിയടുക്കുന്നുവെങ്കിൽ ഗരുഡന്റെ ആഹാരത്തിനു യാതൊരു പ്രയാസവുമില്ല. ആഹാരകാലമടുത്തിരിക്കുന്നു എന്നുവേണമല്ലോ കരുതേണ്ടതു്. പാമ്പു് എവിടെയിരുന്നാലും ഗരുഡൻ കണ്ടാൽ കൊത്തികൊല്ലുമെങ്കിൽ പാമ്പു് ചീറിക്കൊണ്ടു ഗരുഡൻെറ നേക്കുതന്നെ വന്നാലത്തെ കഥ പറയാനില്ലല്ലോ. അതുപോലെ അഹങ്കാരികളെ അടക്കുന്ന സ്വഭാവമുള്ള ശിവൻെറ നേക്കാണു് മദിച്ചു് എത്തുന്നതു് ദക്ഷൻ എങ്കിൽ ശിവൻെറ വാളിനു് അയാൾ ആഹാരമായിത്തീൎന്നുതന്നെ എന്നു കരുതുന്നതാണു് ശരി.

ഈ ഭാഗത്തു് 'ചക്ഷുശ്ശ്രവണൻ ചീറിവരുന്നതു പക്ഷിപ്രവരനു ഭക്ഷണകാലം' എന്ന വരികൾ അപ്രസ്തുതമായ ആശയത്തെയാണു് കുറിക്കുന്നതു്. ദക്ഷൻ ശിവനോടു തന്നെ മല്ലിടുന്നതിനാൽ ശിവൻെറ കൈകൊണ്ടു് അവനു നാശമടുത്തിരിക്കുന്നു എന്ന പ്രസ്തുതമായ ആശയത്തെ ഈ അപ്രസ്തുതം കൊണ്ടു ദ്യോതിപ്പിച്ചിരിക്കുന്നു. അലങ്കാരം അപ്രസ്തുതപ്രശംസ. ഗരുഡൻെറയും പാമ്പിൻെറയും ആ ജന്മശത്രുത്വം പുരാണകഥയെ അടിസ്ഥാനപ്പെടുത്തിയുള്ളതാകയാൽ പുരാവൃത്ത പരാമർശം ഉണ്ടെന്നുവരുന്നു. അങ്ങനെയായാൽ ഉദാത്തം എന്ന അലങ്കാരവും ഉണ്ടു്.

# ദക്ഷയാഗം

## കഥകളി

---

ശ്ലോകം 1

ശ്രീരാമവർമ്മകുലശേഖരസോദരസ്യ
മാർത്താണ്ഡവർമ്മയുവഭൂമിപതേന്നിദേശാൽ
കേനാപി തൽപദജുഷാ കില ദക്ഷയാഗ
നാട്യപ്രബന്ധമുദിതം സുധിയഃ പുനന്തു.

---

ശ്രീരാ......ന്നിദേശാൽ (ശ്രീരാമവർമ്മകുലശേഖരന്റെ സഹോദരനായ മാർത്താണ്ഡവർമ്മ എന്ന ഇളയ രാജാവിന്റെ കല്പനപ്രകാരം) തൽപ്പദജുഷാ കേനാപി (അദ്ദേഹത്തിന്റെ പാദസേവകനായ ഒരുവനാൽ) ഉദിതം (പറയപ്പെട്ട) ദക്ഷയാഗനാട്യപ്രബന്ധം (ദക്ഷയാഗം എന്ന ആട്ടക്കഥ) സുധിയഃ (നല്ല ബുദ്ധിമാന്മാർ) പുനന്തു (പരിശോധിക്കട്ടെ. ഗുണദോഷവിചാരം നടത്തട്ടെ ) നാട്യപ്രബന്ധം എന്നു പ്രത്യേകം പറഞ്ഞെങ്കിലും നൃത്യം എന്ന വിഭാഗത്തിലാണു് കഥകളി ഉൾപ്പെടുക എന്നതു് അവതാരികയിൽ നിന്നും ഗ്രഹിക്കുക. കവിയുടെ അസാമാന്യമായ വിനയം 'സുധിയഃപുനന്തു' എന്ന വാക്യത്തിൽ കാണാം. കവിയുടെ പേർ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. പക്ഷപാതം കൂടാതെ വിദ്വാന്മാർക്ക ശുദ്ധ്യശുദ്ധികൾ കണ്ടുപിടിക്കുവാനും ദോഷജ്ഞന്മാർക്ക ഇതിലെ ദോഷപരിഹാരത്തിനു പല നിർദ്ദേശങ്ങളും വയ്ക്കാനും സൗകര്യപ്പെടട്ടെ എന്നു കരുതിയായിരിക്കണം അങ്ങനെ ചെയ്തതു്. ദക്ഷന്റെ യാഗമാണു് കഥയിൽ പ്രധാനമായി കവി കണക്കാക്കുന്നതു്. തന്മൂലം ആ പേർ ഗ്രന്ഥത്തിനു നൽകി.

വൃത്തം. വസന്തതിലകം.

ചൊല്ലാം വസന്തതിലകം തഭജംജഗംഗം.

ഭൈരവി—ചെമ്പട

ശ്ലോകം 2

അംഭോജാസനനന്ദനസ്സുരജനൈർ-
ജ്ജംഭാരിമുഖ്യൈസ്സദാ
സംഭാവ്യസ്സുകൃതീ കൃതീ ശ്വശുരതാം
ശംഭോരിഹ പ്രാപ്തവാൻ
ദക്ഷോ നാമ പുരാ കിലാഖിലകലാ
ദക്ഷഃ പ്രജാനാം പതിർ-
ല്ലക്ഷ്മീശാഭിമതോ ഗുണൈരനുപമൈ-
രാസീദസീമദ്യുതിഃ

---

ജംഭാരിമുഖ്യൈഃ സുരജനൈഃ (ജംഭൻ എന്ന അസുരൻെറ ശത്രുവായ ദേവേന്ദ്രൻ തുടങ്ങിയ സുരജനങ്ങളാൽ—ദേവന്മാരാൽ) സദാ സംഭാവ്യഃ (എക്കാലത്തും സംപൂജ്യനും) സുകൃതീ (സുകൃതത്തോടു കൂടിയവനും—പുണ്യവാനും) കൃതീ (സമർത്ഥനും) ശംഭോഃ ശ്വശുരതാം ഇഹ പ്രാപ്തവാൻ (ശിവൻെറ ഭാര്യാപിതൃസ്ഥാനത്തെ ഈ കഥമൂലം പ്രാപിച്ചവനും) അഖിലകലാദക്ഷഃ (എല്ലാ കലകളിലും അതിസാമർത്ഥ്യം നേടിയവനും) ലക്ഷ്മീശാഭിമതഃ (വിഷ്ണുവിനു് ഏററവും അഭിമതനായവനും—ഉത്തമവിഷ്ണുഭക്തൻ എന്നു സാരം) അനുപമൈഃ ഗുണൈഃ അസീമദ്യുതിഃ (അതുല്യങ്ങളായ ഗുണങ്ങളാൽ സീമാതീതമായ ദ്യുതി—ശോഭ—യോടുകൂടിയവനുമായ) ദക്ഷോനാമ പ്രജാനാം പതിഃ (ദക്ഷൻ എന്ന പ്രജാപതി) പുരാ ആസീത് കില (പണ്ടു് ഉണ്ടായിരുന്നു പോൽ).

കാശ്യപൻെറ ഭാര്യമാരിൽനിന്നാണു് പ്രപഞ്ചത്തിൽ ജീവജാലങ്ങാം ഉണ്ടാകുന്നതെന്നും കാശ്യപൻെറ പതിമൂന്നു ഭാര്യമാർ ദക്ഷൻെറ പുത്രിമാരായിരുന്നുവെന്നും പൗരാണികമതമുണ്ടു്. അതിനാലായിരിക്കണം പ്രജാപതി എന്ന സ്ഥാനം ദക്ഷനു ലഭിച്ചതു്. ബ്രഹ്മാവു്, വിഷ്ണു തുടങ്ങിയ ദേവന്മാരും, നാരദൻ, സപ്തർഷികാം തുടങ്ങിയ മുനിമാരും പ്രജാപതികാം തന്നെ.

വൃത്തം. ശാർദ്ദൂലവിക്രീഡിതം.

| മ | സ | ജ | സ |
|---|---|---|---|
| – – – | ‿ ‿ – | ‿ – ‿ | ‿ ‿ – |
| അംഭോജാ | സനന | ന്ദനസ്സു | രജനൈർ |

| ത | ത | ഗ |
|---|---|---|
| – – ‿ | – – ‿ | – |
| ജ്ജംഭാരി | മുഖ്യൈസ്സ | ദാ |

പന്ത്രണ്ടാൽ മസജംസതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം.

പദം 1.

ഘണ്ടാരം

1. ഭാഗധേയവാരിരാശി ഭാസുരശരീരൻ
യോഗമാർഗ്ഗവിശാരദൻ യോഗശാലി വീരൻ
2. സാധുലോകചിന്താമണി ചാരുതരശീലൻ
ബാധിതവിരോധിജാലൻ ബന്ധുജനപാലൻ
3. ധർമ്മകർമ്മപരായണൻ താപസമാനിതൻ
നിർമ്മലമാനസനവൻ നീതിമാൻ വിനീതൻ
4. വേദശാസ്ത്രാദികോവിദൻ വേദവല്ലീജാനി
മേദുരകല്യാണം വാണു മോദമോടു മാനീ.

കാമോദരി—ചെമ്പട

ശ്യാമാംസോമാഭിരാമദ്യുതിമുഖലസിതാം
താരഹാരാതിരമ്യാം

---

1. ഭാഗ......രാശി–ഭാഗ്യസമുദ്രം–ഭാഗ്യത്തിനു് ഇരിപ്പിടമായുള്ളയാൾ. ഭാസുരശരീരൻ=സുന്ദരശരീരത്തോടുകൂടിയവൻ–കോമളൻ. യോഗമാർഗ്ഗവിശാരദൻ=യോഗമാർഗ്ഗങ്ങളിൽ സമർത്ഥൻ–പരാത്മസംയോഗത്തെയാണു് യോഗം എന്ന പദം വിവക്ഷിക്കുന്നതു്. യോഗശാലി=എല്ലാ യോഗങ്ങളും (സുഖങ്ങളും) അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചവൻ.

2. സാധു..........മണി = സാധുലോകത്തിനു് (സജ്ജനത്തിനു്) ചിന്താരത്നമായിട്ടുള്ളവൻ. ചിന്താരത്നം എല്ലാവർക്കും അഭീഷ്ടം നൽകുന്ന സ്വർഗ്ഗീയരത്നമാണു്. സജ്ജനങ്ങൾക്കു് അഭീപ്സിതം നൽകുന്ന രത്നം ആയി അഭേദം കല്പിച്ചിരിക്കുന്നു ദക്ഷനെ. അലങ്കാരം രൂപകം. ചാരുതരശീലൻ=മധുരസ്വഭാവമുള്ളവൻ. ബാധിത....ജാലൻ=നിരോധിക്കപ്പെട്ട ശത്രുസമൂഹത്തോടുകൂടിയവൻ.–എല്ലാശത്രുക്കളേയും ബാധിച്ചവൻ.

3. ധർമ്മ........ണൻ=ധർമ്മകർമ്മങ്ങളിൽ ദത്തശ്രദ്ധൻ. താപസമാനിതൻ=മഹർഷികളാൽ ബഹുമാനിക്കപ്പെട്ടവൻ.

4. വേദ...........കോവിദൻ=വേദങ്ങളിലും ശാസ്ത്രങ്ങളിലും മറ്റും പണ്ഡിതൻ. വേദവല്ലീജാനി=വേദവല്ലിയുടെ ഭർത്താവു്. ദക്ഷപ്രജാപതിയുടെ പത്നിയുടെ പേരാണു് വേദവല്ലി. മേദുരകല്യാണം=അത്യധികം മംഗളത്തോടുകൂടിത്തന്നെ. മാനീ=അഭിമാനത്തോടുകൂടിയവൻ.

JIBU PR



കാമോല്ലാസാനുകൂലാം കുവലയബഹുലാ-
മോദസൗഭാഗ്യദാത്രീം
ശ്രീമാനാലോക്യദക്ഷസ്സരസമുപഗതാ-
മേകദാ ജാതരാഗ-
പ്രേമാനന്ദാകുലാത്മാ പ്രഹസിതവദനാം
പ്രേയസീം വ്യാജഹാര.

---

ശ്രീമാൻ ദക്ഷ: (ശ്രീമാനായ ദക്ഷൻ) ഏകദാ (ഒരിക്കൽ) ശ്യാമാം (യൗവനത്തെ പ്രാപിച്ചവളും) സോമാ.......സിതാം (സോമനെപ്പോലെ അഭിരാമമായുള്ള കാന്തികന്ദളത്തെ മുഖത്തുതന്നെ ലസിപ്പിക്കുന്നവളും) താരഹാരാതിരമ്യാം (നക്ഷത്രമാലകളാൽ പരിശോഭിക്കുന്നവളും) കാമോ ............കൂലാം=(കാമകേളികളിൽ ഇഷ്ടമുള്ളവളും) കുവല......ദാത്രീം (കുവലയത്തിനു്—ഭൂമിക്കു് ബഹുലമായ—ധാരാളമായ, ആമോദത്തെ—സന്തോഷത്തെയും സൗഭാഗ്യത്തെയും പ്രദാനം ചെയ്യുന്നവളും) സരസംഉപഗതാം (സരസമായി സമീപത്തുവന്നവളും) പ്രഹസിതവദനാം (നന്നെ പുഞ്ചിരി പൊഴിച്ച മുഖത്തോടുകൂടിയവളും ആയ) പ്രേയസീം (പ്രേയസിയെ) ആലോക്യ (കണ്ടിട്ട്) ജാത......ലാത്മാ (ജാതമായ രാഗം പ്രേമം ആനന്ദം ഇവകളാൽ ചഞ്ചലിതമായ ഹൃദയത്തോടുകൂടിയവനായി) വ്യാജഹാര (പറഞ്ഞു).

താരഹാരം നക്ഷത്രമാല (നക്ഷത്രങ്ങളുടെ ആകൃതിയിലുണ്ടാക്കിയ മാല) കുവലയം—കു=ഭൂമി. വലയം=മണ്ഡലം. (ഭൂമണ്ഡലം.)

വിവിധരീതിയിലുള്ള പ്രാസങ്ങൾകൊണ്ടു് അലംകൃതമാണു് ഈ ശ്ലോകം. ദ്വിതീയാക്ഷരപ്രാസം, വൃത്ത്യനുപ്രാസം എന്നിവ കാണാം. 'സോമാഭിരാമദ്യുതിമുഖലസിത' എന്ന വിശേഷണത്തിൽ വാചകപദം ലോപിച്ച ഉപമാലങ്കാരവുമുണ്ടു്. വൃത്തം. സ്രഗ്ദ്ധര.
ലക്ഷണം:—

ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും.

| മ | ര | ഭ | ന | |
|---|---|---|---|---|
| — — — | — ᴗ — | — ᴗ ᴗ | ᴗ ᴗ ᴗ | ᴗ — |
| ശ്യാമാംസോ | മാഭിരാ | മദ്യുതി | മുഖല | സിതാം |

| | യ | യ | യ |
|---|---|---|---|
| — | ᴗ — — | ᴗ — — | |
| താ | രഹാരാ | തിരമ്യാം | |

പദം 2.

പല്ലവി

പൂന്തേൻ വാണീ ശൃണു മമ വാണി
പൂവണിഘനവേണീ

അനുപല്ലവി

കാന്തേ! സമയമഹോ രമണീയം
കനിവൊടു വിലസുന്നു രജനീയം (പൂന്തേൻ)

ചരണങ്ങൾ

1. കണ്ടാലും ശശിബിംബമുദാരം
കണ്ഠേകാളജടാലംകാരം
തണ്ടാർബാണമഹോത്സവദീപം
തരുണിനിരാകൃതതിമിരാടോപം (പൂന്തേൻ)

2. പനിമതിബിംബം മുഖസമമിഹ തേ
പണിതുടരുമ്പോളംശുമുകളിതേ
വനജേ ദുസ്ഥിതനാം വിധി നൂനം
മതിയാക്കീ ബത ശില്പവിധാനം. (പൂന്തേൻ)

---

പൂന്തേൻ വാണി!=പുഷ്പരസം പോലെ മധുരമായി സംസാരിക്കുന്നവളേ. പൂവണിഘനവേണി!=പൂവണിഞ്ഞതും മേഘംപോലെ മനോഹരവും ആയ തലമുടിയോടുകൂടിയവളെ. ശൃണുമമവാണി=എന്റെ വാക്കു കേട്ടാലും. രജനീയം=ഇയം രജനി=ഈ രാത്രി.

1. തരുണി, കണ്ഠേകാളജടാലങ്കാരം തണ്ടാർബാണമഹോത്സവദീപം നിരാകൃതതിമിരാടോപം ഉദാരം ശശിബിംബം കണ്ടാലും എന്നു് അന്വയം

കണ്ഠേകാളൻ=കണ്ഠത്തിൽ വിഷമുള്ളവൻ (ശിവൻ) തിമിരാടോപം=ഇരുട്ടിന്റെ ഗർവ്വം. അല്ലയോ സുന്ദരി! ശിവന്റെ ജടയ്ക്കു് അലങ്കാരമായും മദനന്റെ മഹോത്സവത്തിനു് ദീപമായും ഇരുട്ടിന്റെ ഗർവ്വത്തെ നിരാകരിക്കുന്നതായും വലിപ്പമുള്ളതായും ഇരിക്കുന്ന ചന്ദ്രബിംബത്തെ നീ കണ്ടാലും എന്നർത്ഥം.

2. ഇഹ (ഈ സമയത്തു്) തേ മുഖസമം (നിന്റെ മുഖത്തിനുതുല്യമായ) പനിമതിബിംബം പണിതുടരുമ്പോൾ (ചന്ദ്രബിംബം സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾ) അംശുമുകളിതേ വനജേ (കിരണങ്ങളാൽ–ചന്ദ്രരശ്മിയാൽ–കൂമ്പിപ്പോയ താമരയിൽ) ദുഃസ്ഥിതനാം വിധി (ദുഃഖിത

3. കാമോദ്ദീപന കാരണരൂപേ!
കാമിനി നീ മമ വരിക സമീപേ
സാമോദം മധുരാധരമയി തേ
സാമജഗാമിനി! തരിക മേ ദയിതേ! (പൂന്തേൻ)

പദം 3.

സാമന്തമലഹരി—ചെമ്പട.

ഖണ്ഡങ്ങൾ.

1. സന്തോഷം തേ മനതാരിൽ സാദരം ചെയ്യുതിന [ല്ലോ
സന്തതം ഞാൻ വാഞ്ഛരിക്കുന്നു ചാരുമൂർത്തേ കാന്ത!
2. ഭർതൃപാദസേവയല്ലോ പത്നിമാൎക്കു പരം ധർമ്മം
അത്ര നിന്റെ ആജ്ഞ കേൾപ്പാൻ ആസ്ഥയാവാഴുന്നേൻ.
3. കാമുകമുഖേന്ദു കണ്ടാൽ കാമിനി ചകോരിയിങ്ങു
താമസിച്ചു നിന്നീടുമോ താമരസനേത്ര!

---

നായി ഇരുന്നുപോയ ബ്രഹ്മാവു്—കഷ്ടത്തിലകപ്പെട്ട ബ്രഹ്മാവു്) ശില്പവിധാനം മതിയാക്കി നൂനം (പണി നിൎത്തിവച്ചു എന്നു നിശ്ചയമാണു്) ബത = ആശ്ചര്യം തന്നെ.

ചന്ദ്രോദയത്തിൽ താമര കൂമ്പുക പതിവാണല്ലോ. താമരസോത്ഭവനായ ബ്രഹ്മാവു് താമരയിലിരുന്നുകൊണ്ടു് ചന്ദ്രബിംബത്തിന്റെ പണി തുടരുകയായിരുന്നു അപ്പോൾ നിലാവേറ്റു്, ബ്രഹ്മാവു് ഇരുന്ന താമര അടഞ്ഞുപോയി. അതിനാൽ ചന്ദ്രന്റെ സൃഷ്ടി തുടരാൻ നിവ്വാഹമില്ലാതെ ദുഃഖിതനായിപ്പോയ ബ്രഹ്മാവു് പണി നിൎത്തിവച്ചു എന്നുള്ളതു തീൎച്ചയാണു്; ഇതു് ആശ്ചര്യം തന്നെയായിരിക്കുന്നു.

3. കാമോ....രൂപേ = കാമത്തെ ഉദ്ദീപിപ്പിക്കത്തക്ക രൂപഗുണമുള്ളവളേ. സാമോദം = സന്തോഷത്തോടേ. സാമജഗാമിനി = ആനയുടെ നടത്തപോലെയുള്ള നടപ്പോടുകൂടിയവൾ.

1. വാഞ്ഛരിക്കുന്നു = ആഗ്രഹിക്കുന്നു. ചാരുമൂർത്തേ! = മനോഹരമായ ശരീരത്തോടു കൂടിയവനേ എന്നു സംബോധന.

2. പരംധൎമ്മം = ശ്രേഷ്ഠമായ ധൎമ്മം. അത്ര = ഇവിടെ. ആസ്ഥയാ = താല്പൎയ്യത്തോടെ.

3. കാമുക മുഖേന്ദു = കാമുകന്റെ മുഖമാകുന്ന ചന്ദ്രൻ (രൂപകം). ചകോരി = ചകോരപ്പെൺപക്ഷി. ചകോരം = ഉപ്പൻ. താമരസനേത്ര! = താമരസം (താമര) പോലെയുള്ള നേത്രത്തോടു കൂടിയവനേ!

ശ്ലോകം 4

കല്യാണി—ചെമ്പട

യമിനാം പ്രവരഃ കദാപി പുണ്യാം
യമുനാം സ്നാതുമനാ ഗതപ്രഭാതേ
അമനാക്കമനീയതാന്തദീയാം
പ്രമനാവീക്ഷ്യ സവിസ്മയം ജഗാഹേ.

പദം 4.

പല്ലവി

കണ്ണിണയ്ക്കാനന്ദം നൾകീടുന്നു പാരം
കാളിന്ദീനദി സാമ്പ്രതം.
എണ്ണമററുള്ള നല്ലോരേതൽഗ്ഗുണങ്ങളെല്ലാം
വർണ്ണിപ്പാനാവതല്ല കുണ്ഡലീശനുപോലും.
(കണ്ണി)

ചരണങ്ങൾ

1. ഞാനെന്നുടലിലഭിമാനംവെടിഞ്ഞു പര-
മാനന്ദാകാരപൂർണ്ണമാനസന്മാർ
നാനാമുനികൾവന്നു സ്നാനവും ചെയ്തു ചെമ്മേ
ധ്യാനം പൂണ്ടിഹ തീരകാനനേ വാഴുന്നഹോ
(കണ്ണി)

---

കദാപി (ഒരിക്കൽ) പ്രഭാതേ (അതിരാവിലെ) യമിനാംപ്രവരഃ (യമികളിൽ-യോഗികളിൽ-ശ്രേഷ്ഠനായും) സ്നാതുമനാ (കുളിക്കണമെന്നുള്ള വിചാരത്തോടെ) പുണ്യാംയമുനാംഗതഃ (പരിശുദ്ധയായ യമുനയെ പ്രാപിച്ചവനായും) ഉള്ള ദക്ഷൻ തദീയാം (ആ നദിയുടെ) അമനാക്കമനീയതാം (അനല്പമായ ശോഭാവിശേഷത്തെ) വീക്ഷ്യ (കണ്ടിട്ട്) പ്രമനാഃ (സന്തോഷമുള്ളവനായിട്ട്) സവിസ്മയം=ആശ്ചര്യത്തോടെ ജഗാഹേ=മുങ്ങി. (മുഴുകി). ഗത പ്രഭാതേ എന്നു് ചേർത്താണ് അച്ചടി കാണുന്നതെങ്കിലും ഗതഃ എന്നു പ്രത്യേകിച്ചെടുത്താൽ അർത്ഥത്തിനു യോജിപ്പു കൂടുതൽ കിട്ടും. ജഗാഹേ എന്ന ക്രിയക്കു പകരം ജഗാദ എന്നായാൽ 'പങ്കം പോക്കുന്ന കാളിന്ദിയിൽ മുഴുകി മുദാ' എന്നുള്ളിടത്തെ 'മുഴുകി' എന്ന പദം ആവർത്തനമാകാതിരിക്കുകയും ചെയ്യും കണ്ണിണയ്ക്കു്=കണ്ണുകൾക്കു്. സാമ്പ്രതം=ഇപ്പോൾ.

1. പരമാന.......സന്മാർ=ബ്രഹ്മാനന്ദമാകുന്ന പരമാനസ്വരൂപം നിറഞ്ഞ മനസ്സുള്ളവർ. (ആനന്ദം പൂർണ്ണമായി ലഭിച്ചവർ) ഇഹതീരകനനേ=ഈ തീരത്തുള്ള കാട്ടിൽ.

2. നളിനങ്ങളളിവൃന്ദമിളിതങ്ങൾ കാന്തമാർതൻ
അളകാഞ്ചിതാസ്യങ്ങൾപോൽ വിളങ്ങീടുന്നു
പുളിനങ്ങൾ തന്നിൽ നല്ല കളഹംസലീലകണ്ടു
കളിയല്ലേ മനതാരിൽ വളരുന്നു പരിതോഷം
(കണ്ണി)

3. ശരദിന്ദുകാന്തികോലും വരകംബുമണിയൊന്നു
അരവിന്ദ പത്രം തന്നിൽ മരുവീടുന്നു
പരമിന്നിതിനെക്കണ്ടു പെരുകുന്നു കൌതുഹലം
വിരവോടിതിനെയിപ്പോൾ കരഗതമാക്കീടുവൻ
(കണ്ണി)

ശ്ലോകം 5.

നവരസം—ചെമ്പട

പങ്കംപോക്കുന്ന കാളിന്ദിയിൽ മുഴുകി മുദാ
പത്മപത്രേ വിളങ്ങും
ശംഖം തൻകയ്യിലാക്കുന്നളവിലതുമഹോ
കന്യകാരത്നമായി

---

2. അളിവൃന്ദമിളിതങ്ങൾ നളിനങ്ങൾ=വണ്ടുകളോടു കലന്ന താമരകൾ. കാന്തമാർതൻ=സുന്ദരികളുടെ. അളകാ.........സ്യങ്ങൾ=കുറുനിരകളാൽ മനോഹരമാക്കപ്പെട്ട മുഖങ്ങൾ. പുളിനം=മണൽത്തിട്ട. പരിതോഷം=ഏറെ സന്തോഷം.

3. ശരദിന്ദുകാന്തി=ശരത്കാലചന്ദ്രന്റെ ശോഭ. വരകംബുമണി=ശ്രേഷ്ഠമായ ശംഖമാകുന്ന രത്നം. അരവിന്ദപത്രം=താമരയില. കരഗതമാക്കീടുവൻ=കൈവശപ്പെടുത്തുന്നുണ്ട്.

പങ്കം (പാപം) തീർക്കുന്ന കാളിന്ദീനദിയിൽ മുദാ (സന്തോഷപൂർവ്വം) മുഴുകി, പത്മപത്രേ (താമരയിലയിൽ)വിളങ്ങുന്ന ശംഖത്തെ തന്റെ കയ്യിലാക്കിയപ്പോൾ അതു് ഒരു കന്യകാരത്നമായി കാണപ്പെട്ടു. ശങ്കരസ്യ പ്രണയിനി ഭാഗ്യാതിരേകാൽ (പാർവ്വതി ഭാഗ്യാതിരേകത്താൽ) എനിക്കു മകളായ് വന്നു എന്നു ശങ്കിച്ചു്=വിചാരിച്ചു്, പ്രണയപരവശനായ (വാത്സല്യത്താൽ സ്വയം മറന്നവനെപ്പോലെയായ) ദക്ഷൻ പത്ന്യാ: അങ്കേ ചേർത്തിട്ടു്=പത്നിയുടെ മടിയിൽ വച്ചിട്ടു് (ആ കുഞ്ഞിനെ) ഇത്ഥം ബഭാഷേ=ഇപ്രകാരം പറഞ്ഞു.

ശങ്കിച്ചു ശങ്കരസ്യപ്രണയിനി മകളായ്
വന്നു ഭാഗ്യാലിനിക്കെ-
ന്നങ്കേ ചേർത്തിട്ടു പത്ന്യാഃ പ്രണയപരവശൻ
ദക്ഷനിത്ഥം ബഭാഷേ.

പദം 5.

പല്ലവി

അനന്തജന്മാർജ്ജിതമാ മസ്മൽപുണ്യഫലം
അനവദ്യകന്യാരൂപം കാൺക നീ

അനുപല്ലവി

മനംതന്നിൽകൃപയില്ലേ സ്തനമെന്തേനഠംകീടാത്തു
മഹിളാമാന്യേ അതിധന്യേ (അനന്ത)

ചരണങ്ങഠം

1. വിധിതന്നനിധിയാമീനന്ദിനി—മേലിൽ
വിവിധകാമം തരുവാൻ നന്ദിനി
വിധിവിലാസം നമുക്കു നന്നിനി—യിവഠം
വിധുമുഖി സർവ്വലോകാനന്ദിനി ഹേ ജായേ
(അനന്ത)

---

പദം 5.

അനന്തജന്മാർജ്ജിതമാം=കോടിക്കണക്കിനു ജന്മമെടുത്തതിൽ വച്ചു് സമ്പാദിച്ചിട്ടുള്ള അസ്മൽ പുണ്യഫലം നമ്മുടെ പുണ്യങ്ങളുടെ പ്രയോജനം അന...രൂപം=അവർണ്ണ്യമായ ശോഭയോടുകൂടിയ സ്ത്രീരൂപത്തെ. മഹിളാമാന്യേ=മഹിളകളാൽ ബഹുമാനിതയായിട്ടുള്ളവളേ.

1. വിധി......ന്ദിനി=ബ്രഹ്മാവു നമുക്കു തന്ന നിധിയായ ഈ പുത്രി മേലിൽ വിവി......ന്ദിനി=ഭാവിയിൽ നമ്മുടെ പല കാംക്ഷിതങ്ങളേയും നൽകുവാനുള്ള നന്ദിനി തന്നെയാണു്, കാമധേനുവിന്റെ മകളായ പശുവാണു് നന്ദിനി. കല്പവൃക്ഷം പോലെ തന്നെ കാമിതങ്ങഠം നൽകുന്നതാണു് കാമധേനുവും പുത്രിയായ നന്ദിനിയും. വിധി......ന്നിനി=ഇനി നമുക്കു ഭാഗ്യകാലം നല്ലതു തന്നെയാണു്. വിധുമുഖി=ചന്ദ്രബിംബമുഖി. സർവ്വ...ന്ദിനി=എല്ലാവരേയും ആനന്ദിപ്പിക്കുന്നവഠം.

2. വളരെപ്പുത്രിമാരുണ്ടെന്നാകിലും—മമ
വാത്സല്യമിത്ര തോന്നീലാരിലും
വളരുന്ന മോദം മനതാരിലും—ഇന്നു
മാന്യയായ്വന്നേൻ മൂന്നുപാരിലും. (അനന്ത)

ശ്ലോകം 6.

നീലാംബരി—ചെമ്പട

സാനന്ദം പിതൃജനപോഷിതാ സതീതി
ഖ്യാതാഖ്യാ സകലകലാവിചക്ഷണാ സാ
ആബാല്യാൽ പശുപതിമേവ ഭർതൃഭാവേ
വാഞ്ഛന്തീ തദനു ഗുണം തപശ്ചചാര.

പദം 6.

പല്ലവി

ശ്രീനീലകണ്ഠഗുണസിന്ധോ—പര-
മാനന്ദരൂപ! ജയ ഹര ദീനബന്ധോ!

---

2. ദക്ഷനു് വളരെ പുത്രിമാരുണ്ടായിരുന്നുവെന്നു് പുരാണം പറയുന്നു. ചന്ദ്രന്റെ ഭാര്യമാരായ നക്ഷത്രങ്ങൾ 27-ം ദക്ഷന്റെ പുത്രിമാരാണു്. കാശ്യപപ്രജാപതിയുടെ പതിമ്മൂന്നു ഭാര്യമാരും ദക്ഷപുത്രികളാണെന്നു മുമ്പു സൂചിപ്പിച്ചല്ലോ.

ശ്ലോകം 6.

സാനന്ദം (ആനന്ദത്തോടുകൂടി) പിതൃജനപോഷിതാ (അച്ഛനമ്മമാരുടെ ലാളനങ്ങൾക്കു വിധേയയായി വളർന്ന) സതീതി ഖ്യതാഖ്യാ (സതി+ഇതി+ഖ്യാതാ+ആഖ്യാ) സതി എന്നു കീർത്തിപ്പെട്ട പേരോടുകൂടിയവളായിട്ടു് സകലകലാവിചക്ഷണാ=സകല കലകളിലും പ്രഗത്ഭയായിട്ടു് സാ=അവൾ. ആബാല്യാൽ=ബാല്യം മുതൽ തന്നെ പശുപതിം ഏവ ഭർത്തൃഭാവേവാഞ്ഛന്തീ (ശിവനെത്തന്നെ ഭർത്താവായി അഭിലഷിക്കുന്നവളായിട്ടു്) തദനുഗുണം തപഃചചാര (അതിനു അനുസരിച്ചു് തപഃകാര്യങ്ങൾ മുറയ്ക്കു ചെയ്തു.)

പ്രഹർഷിണി എന്നവൃത്തം.

ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്കു്

ചരണങ്ങൾ

1. ചെഞ്ചിടയുമമൃതകരകലയും—പൂർണ്ണ-
ശീതാംശുബിംബരുചി ചേന്ന തനുരുചിയും
പുഞ്ചിരികലന്ന മുഖമതിയും—കാണ്മാൻ
ഭൂയോപി വളരുന്നു പാരമഭിരുചിയും. (ശ്രീനീല)

2. കരിമുകിൽതൊഴുന്നരുചിതടവും—നല്ല
കണ്ഠമോട്ടുബാഹുക്കൾ വിതതമാറിടവും
കരിചമ്മശോഭികടിതടവും—ഇന്നു
കാണ്മാറാകണം തവ ചരണവടിവും. (ശ്രീനീല)

3. പരനൊരുവനില്ല മമ ശരണം—നാഥ!
പരമകരുണാലയ ഭജാമി തവ ചരണം
വിരവിനൊടു മുന്നിലിഹ വരണം—വന്നു
വിശ്വൈകനാഥ! മമ വരമാശു തരണം (ശ്രീനീല)

---

ദീനബന്ധോ=ദീനന്മാർക്കും ദുഃഖിതർക്കും ബന്ധുവായിരിക്കുന്ന ഭഗവാനേ.

1. ചെഞ്ചിട=ചുവന്ന ജട. അമൃതകരൻ=ചന്ദ്രൻ. പൂർണ്ണശീതാംശുബിംബരുചി=പൂർണ്ണചന്ദ്രന്റെ സൗകുമാര്യം, തനുരുചി=ശരീരകാന്തി. മുഖമതി=മുഖചന്ദ്രൻ ഭൂയോപി=വീണ്ടും വീണ്ടും, ധാരാളം എന്നർത്ഥം.

2. കരി....കണ്ഠമൊട്ട്=കാർമേഘം പോലും അടിപണിയുന്ന വർണ്ണഭംഗി തടവുന്ന-ഉള്ള നല്ലഗളപ്രദേശത്തോടും. ബാഹുക്കൾ=കൈകളോടും. വിതതമാറിടം=വിസ്താരമുള്ള മാർവ്വിടത്തോടും കരി ചമ്മ....തടവും=ആനത്തോൽ കൊണ്ടു് പരിശോഭിക്കുന്ന അരക്കെട്ടോടും കൂടിയ അങ്ങയുടെ ചരണവടിവും=പാദങ്ങളും ഇന്നുകാണുമാറാകണം.

3. പരമൊരുവനില്ല മമ ശരണം=എനിക്കു് ഇതിൽപ്പരമൊരു അഭയസ്ഥാനമില്ല. ഭജാമി=ഞാൻ ഭജിക്കുന്നു. ഞാൻ പ്രാർത്ഥിക്കുന്നു. വരണം=വന്നുതന്നെതീരണം. മമ വരമാശുതരണം=എനിക്കു് വിവാഹരൂപമായി വിവാഹാനുകൂലമായി-എന്തെങ്കിലും വരമായി തരികയും ചെയ്യണം. വിവാഹാനുരൂപമായ വരം എന്നോ വരം (ശ്രേഷ്ഠം) ആയ വിവാഹമെന്നോ അർത്ഥം കല്പിക്കാം.

ശ്ലോകം 7.

കേദാരഗൌഡം—ചെമ്പട

മരാളകന്യാമിവ മാനസം ഗതാ-
മരാളകേശീമവലോക്യ താം സതീം
കരാളദംഷ്ട്രോ ദനുജോപി ജാതുചിൽ
സ്മരാളസാത്മാ മനസൈവമബ്രവീൽ.

പദം 7.

ഖണ്ഡങ്ങറം

1. കണ്ടാലതിസുന്ദരിയാകും
കന്യാമണിയാരിവൾ ഭുവനേ!
തണ്ടാർമകളിവളുടെ കാന്ത്യാ
രണ്ടാമവളെന്നതു മന്യേ.

2. പൂമെയ് മരവിരിയും ജടയും
പൂണ്ടെങ്കിലുമതിരമണീയം
താമരശൈവലസംഗേപി
സാമോദം വിലസുന്നല്ലോ.

3. ഏതാദൃശമായ വയസ്സ-
മിവൾ തന്റെ തപസ്സും കണ്ടാൽ
ചേതസ്സിലൊരുത്തനെ വരനായ്
ചിന്തിച്ചീടുന്നിതു നൂനം.

---

ശ്ലോകം 7.

മാനസംഗതാം മരാളകന്യാം ഇവ=മാനസസരസ്സിൽ ചെന്നുചേർന്ന ഹംസിയെപ്പോലെ സന്തുഷ്ടയായിരിക്കുന്ന അരാളകേശീം താം സതീം= ചുരുണ്ട കേശങ്ങളോടുകൂടിയ (സുന്ദരിയായ) ആ സതിയെ, കരാളദംഷ്ട്രഃ ദനുജഃ=കരാളദംഷ്ട്രൻ എന്നു പേരുള്ള ഒരു രാക്ഷസൻ. അപി=ആകട്ടെ. ജാതുചിൽ അവലോക്യ=ഒരിക്കൽ കണ്ടിട്ട്. സ്മരാളസാത്മാ=സ്മരാലസാത്മാ (സ്മരനാൽ അലസമാക്കപ്പെട്ട ആത്മാവോടുകൂടിയവനായി—കാമപീഡയാൽ ക്ഷീണിതനായി) മനസാ ഏവം അബ്രവീത്=മനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു. (ഇങ്ങനെ വിചാരിച്ചു എന്നർത്ഥം)

4. ഭാഗ്യവിലാസം കൊണ്ടെന്റെ
ഭാൎയ്യയായീടുവാൻ
യോഗ്യയാമിവളെയിന്നു
കയ്ക്കലാക്കീടുന്നേൻ.

ശ്ലോകം 8.

സരഭസമിതി ചിന്തയന്മദാന്ധഃ
പ്രസഭമുപേത്യ സതീം ഗ്രഹീതുകാമഃ
അലഭത സഹസാ തപോമയാഗ്നൌ
ശലഭദശാമസുരാധിപോ ദുരാത്മാ.

---

1. കന്യാമണി=കന്യകാരത്നം. തണ്ടാർ മകൾ=ലക്ഷ്മീദേവി. ഇവളുടെ കാന്ത്യാ=ഇവളുടെ സൗന്ദൎയ്യത്താൽ. രണ്ടാമവളെന്നു മന്യേ=ശരീരകാന്തികൊണ്ടു് ഇവളെ കഴിഞ്ഞുള്ള സ്ഥാനമേ ലക്ഷ്മീദേവിയ്ക്കുള്ളു എന്നു ഞാൻ വിചാരിക്കുന്നു. 2. പൂമെയ്=പൂപോലുള്ള ഈ ശരീരം. ശൈവലസംഗേപി=പായലോടു ചേൎന്നാണിരിക്കുന്നതെങ്കിലും താമര സാമോദം വിലസുന്നല്ലോ=താമരയ്ക്കു ശോഭക്കുറവൊന്നുമില്ല. അതിരമണീയമാണു്; വിലസുന്നല്ലോ എന്നീ പൎയ്യായപദങ്ങൾകൊണ്ടു് വൎണ്ണ്യത്തിലേയും അവൎണ്ണ്യത്തിലേയും 'ശോഭാകരമാണു്' എന്ന ധൎമ്മത്തെ ആവൎത്തിച്ചിരിക്കുന്നതിനാൽ 'പ്രതിവസ്തൂപമ' അലങ്കാരം.

3. ഏതാദൃശമായ വയസ്സും=ഇതുപോലുള്ള പ്രായവും.

ഇതിസരഭസം ചിന്തയൻ=പെട്ടെന്നു് ഇങ്ങനെ ചിന്തിക്കുന്നവനും മദാന്ധ=അഹങ്കാരംകൊണ്ടു് സ്വയം മറന്നവനും, സതീം ഉപേത്യ പ്രസഭം ഗ്രഹീതുകാമഃ=സതിയുടെ അടുത്തുചെന്നു് ബലാൽക്കാരമായി അവളെ ഗ്രഹിക്കാൻ ശ്രമിച്ചവനും ദുരാത്മാ=ദുഷ്ടാത്മാവുമായ അസുരാധിപഃ=ആ രാക്ഷസനേതാവു്. സഹസാ=പെട്ടെന്നുതന്നെ. തപോമയാഗ്നൌ ശലഭദശാം അലഭത=തപസ്സാകുന്ന അഗ്നിയിൽ ഇയ്യാംപാററയുടെ അവസ്ഥയെ പ്രാപിച്ചു. (തപശ്ശക്തിയായ അഗ്നിയിൽ ശലഭത്തിന്റെ അവസ്ഥയെ പ്രാപിച്ചു. തീയിൽ ഈയ്യൽ എന്നപോലെ സതിയുടെ തപശ്ശക്തികൊണ്ടു് അയാൾ ചാമ്പലായി.)

ശ്ലോകം 9.

ബലഹരി—ചെമ്പട

സതീം സ തീവ്രേ തപസി സ്ഥിതാമിമാം
നിരീക്ഷിതും ചാപി പരീക്ഷിതും തതഃ
ജരാതുരക്ഷോണിസുരാകൃതിഃ പ്രിയാം
പുരാരിരാസാദ്യ പുരോബ്രവീൽ ഗിരം

പദം 8.

പല്ലവി

കന്യകമാർമൌലിമണേ കല്യാണശീലേ.
അന്യഭാവമെന്നിൽ വേണ്ട
ആശയം നീ ചൊൽക ബാലേ.

---

വൃത്തം. പുഷ്പിതാഗ്രാ. ലക്ഷണം:—

നനരയ വിഷമത്തിലും സമത്തിൽപുനരിഹ നംജജരംഗ പുഷ്പിതാഗ്രാ

ന ന ര യ
∪ ∪ ∪ | ∪ ∪ ∪ | – ∪ – | ∪ – – |
സ ര ഭ സമിതി ചിന്തയ ന്മദാന്ധഃ

ന ജ ജ ര ഗ
∪ ∪ ∪ | ∪ – ∪ | ∪ – ∪ | – ∪ – | –
പ്രസഭ മുപേത്യ സതീംഗൃഹീതുകാമഃ

ശ്ലോകം 9.

തതഃതീവ്രേതപസി സ്ഥിതാം ഇമാംപ്രിയാം സതീം=അനന്തരം കഠിനമായ തപോനിഷ്ഠയിൽക്കഴിയുന്ന പ്രിയയായ ഈ സതിയെ പരീക്ഷിച്ചതും നിരീക്ഷിച്ചതും ച അപി=പരീക്ഷിക്കുന്നതിനും കാണുന്നതിനും കൂടി ആയിട്ട് ഭക്തിയേയും പ്രണയാധികൃത്തേയും പരീക്ഷിക്കുക; സൗന്ദര്യം കാണുക.) സഃപുരാരി ആ ശിവൻ ജരാ...കൃതിഃ=ജരയാൽ ആതുരനായ ക്ഷോണീസുരൻെറ ആകൃതിയുള്ളവനായി (ജരാനര ബാധിച്ച ഒരു ബ്രാഹ്മണനായി) പുരംഃആസാദ്യ=മുമ്പിൽ വന്നിട്ട്. ഗിരംഅബ്രവീത്=വാക്കിനെ പറഞ്ഞു. ഇപ്രകാരമുള്ള വാക്കുകൾ പറഞ്ഞു.

വൃത്തം. വംശസ്ഥ.

ചരണങ്ങൾ

1. ചെന്തളിർ കോമളം ഗാത്രം
ചെയ്യൊല്ലാ നീ ക്ലേശപാത്രം
എന്തുമോഹമത്രമാത്രം
ഇണ്ടൽകൊൾവാനഹോരാത്രം. (കന്യക)

പല്ലവി

അന്തണേന്ദ്രകേട്ടുകൊൾക ആശയമേവം

2. എന്നുടെ പാണിഗ്രഹണം
ഇന്ദുചൂഡൻ ചെയ്തീടേണം
ഇന്നതിന്നു കൃപവേണം.
എന്നെയനുഗ്രഹിക്കേണം. (അന്ത)

3. ഹന്ത ഹന്ത നിന്റെ ഭാവം
അവൻകലോ ചെന്നിതേവം
എന്തവനുള്ള പ്രഭാവം?
ഇങ്ങനെ നിന്റെ ദുർദ്ദൈവം. (കന്യക)

---

പദം 8

അന്യഭാവം=അന്യനാണു്, അപരിചിതനാണെന്നഭാവം.

1. ചെന്തളിർ കോമളം ഗാത്രം=ചെന്തളിരുപോലെ കോമളമായ ഗാത്രം; നീക്ലേശപാത്രം ചെയ്യൊല്ലാ=നീക്ലേശത്തിനു് പാത്രമാക്കിത്തീർക്കരുതു്, എന്തു..........രാത്രം=രാപ്പകൽ ഇങ്ങനെ ദുഃഖിക്കാൻ നിനക്കുള്ള ആഗ്രഹം എന്താണു്?

2, ഇന്ദുചൂഡൻ=ചന്ദ്രക്കലാധരൻ. ഇന്നുനിൻ കൃപവേണം=അതിനുള്ള അനുഗ്രഹവും ദയവും ആണു് എനിക്കാവശ്യം.

3. നിന്റെ ഭാവം=നിന്റെ ആഗ്രഹം, ചിന്ത. ഇങ്ങനെ നിന്റെ ദുർദ്ദൈവം=ഇങ്ങനെയായിപ്പോയല്ലോ നിന്റെ ഭാഗ്യദോഷം.

4. ഇന്നവന്നചലം ഗേഹം
എരുതൊന്നുണ്ടുപോൽ വാഹം
പന്നഗഭീഷണം ദേഹം
പാഴിലയ്യോ നിൻെറ മോഹം. (കന്യക)

5. ഈശ്വരദൂഷണാലാപം
എന്തിനയ്യോ ശാന്തം പാപം
ശാശ്വതധർമ്മവിലോപം
സമ്പ്രതി വേണ്ടാ സല്ലാപം. (അന്തണേന്ദ്ര)

ശ്ലോകം 10

ഏവം പറഞ്ഞവൾ നിറഞ്ഞ രുഷാ ഗമിപ്പാൻ
ഭാവിച്ചിടുന്ന സമയേ ഭഗവാൻ മഹേശൻ
ആവിർഭവിച്ചു നിജവേഷമൊടഗ്രഭാഗേ
കാർവേണിയോടു മൃദുഹാസമുവാച വാചം.

ശ്ലോകം 11.

ഇന്ദിശ

പൂന്തേൻനേർവാണി ബാലേ സുമുഖി! വിമുഖിയാ-
യെങ്ങു പോകുന്നിദാനീം?

---

4. അവനു് അചലം ഗേഹം = അയാളുടെ വീടു് പർവ്വതമാണു്. എരു····വാഹം = ഒരു വാഹനമുണ്ടു്; കാളയാണുപോലും. പന്നഗ...ദേഹം = ശരീരമാകട്ടെ പാമ്പുകളെക്കൊണ്ടു് ഭീതിദായകമാണു്.

5. ഈശ്വര····ലാപം = ഈശ്വരനെ ദുഷിക്കുന്ന ഈ സംസാരം. ശാശ്വ....ലോപം = ശാശ്വതമായ ധർമ്മത്തെ നശിപ്പിക്കുന്നതു്. സമ്പ്രതി = ഇപ്പോൾ.

ശ്ലോകം 10

ഏവം (ഇപ്രകാരം) പറഞ്ഞു് അവൾ നിറഞ്ഞ രുഷാ (കോപത്തോടെ) ഗമിപ്പാൻ (പോകാൻ) ഭാവിച്ചിടുന്ന സമയേ (ഒരുങ്ങിയ സമയത്തു്) ഭഗവാൻ മഹേശൻ (ശിവൻ) നിജവേഷമൊടു് (തൻെറ യഥാർത്ഥവേഷത്തിൽ) അഗ്രഭാഗേ (മുമ്പിൽ) ആവിർഭവിച്ചു് (പ്രത്യക്ഷപ്പെട്ടിട്ടു്) കാർവേണി (സുന്ദരിയായ സതി)യോടു് മൃദുഹാസം (മന്ദഹാസസമേതം) വാചം ഉവാച = പറഞ്ഞു. വൃത്തം—വസന്തതിലകം

സ്വാന്തേ സന്തോഷമേററം തരുവതിനിഹ തേ
വന്നു ഞാൻ നിന്നീടുമ്പോൾ
ഞാൻ തേ ഭാവം ഗ്രഹിപ്പാനവനിസുരമിഷാ-
ദപ്രിയം ചൊന്നതെല്ലാം
കാന്തേ ഹാഹന്ത കോപം കളകമയി തവാ-
ഭീഷ്ടമെല്ലാം തരുന്നേൻ.

ദണ്ഡകം.

1. ഏണാങ്കമൗലിയുടെ ചേണാർന്ന രൂപമുട-
നേണാക്ഷി കണ്ടവൾ തെളിഞ്ഞു;
രക്ഷികൾ പറഞ്ഞു; ദക്ഷനതറിഞ്ഞു;
പ്രിയദുഹിതൃപരിണയനമഴകൊടു കഴിപ്പതിനു
സുഗുണനിധി വിരവൊടു തുനിഞ്ഞു

2. കല്യാണവാർത്തയതു ചൊല്ലാർന്ന ദൂതരുടെ
ചൊല്ലാലറിഞ്ഞു മുദമാർന്നു:
സുരതതികൾ വന്നു; പുരമതിൽ നിരന്നു;
മുനികളൊടു സമമഴകിലവരുപചരിച്ചു പുന-
രധികസുഖമഖിലരുമിരുന്നു.

---

ശ്ലോകം 11

പൂന്തേൻ നേർവാണി ബാലേ! സുമുഖി; ഇദാംനീം (ഇപ്പോൾ) തേ (നിൻെറ) സ്വാന്തേ സന്തോഷമേററം തരുവതിനിഹ ഞാൻ വന്നുനിന്നീടുമ്പോൾ (മനസ്സിനു് ഏറെ ആനന്ദം തരാനായി ഞാൻതന്നെ നിൻെറ (മുമ്പിൽ നന്നുനില്ക്കുമ്പോൾ) വിമുഖമായി (പിൻതിരിഞ്ഞു്) എവിടെപ്പോകുന്നു? ഞാൻ അവനീസുരമിഷാൽ (ബ്രാഹ്മണവേഷമെടുത്തു്-മിഷാൽ=വ്യാജേന) അപ്രിയം ചൊന്നതെല്ലാം ഇഷ്ടമില്ലാത്ത വാക്കുകൾ പറഞ്ഞതെല്ലാം തേ ഭാവം ഗ്രഹിപ്പിക്കാൻ (നിൻെറ മനസ്സു് അറിയുവാൻ) ആയിരുന്നു. ഹേ കാന്തേ, മയി=എന്നിൽ, കോപംകളക. ഹാഹന്ത; അത്ഭുതത്തെ കാണിക്കുന്നു. എന്നെ മനസ്സിലാക്കാൻ കഴിയാതെ പോയല്ലോ; അതു അത്ഭുതമെന്നു സൂചനം. തവ അഭീഷ്ടമെല്ലാം തരുന്നേൻ= നിൻെറ എല്ലാ അഭിലാഷവും ഇതാ തരുന്നു. വൃത്തം സ്രഗ്ദ്ധര.

ദണ്ഡകം.

1. ഏണാങ്കമൗലി=ചന്ദ്രൻ ശിരസ്സിലുള്ളവൻ; ശിവൻ. രക്ഷികൾ= പരിചാരകന്മാർ; രക്ഷകന്മാർ. ദുഹിതൃ=മകളുടെ.

3. ഉദ്യോഗമൊടു ബഹു വിദ്യാധരാദിയുടെ
വാദ്യാരവം ദിവി മുഴങ്ങി;
പ്രീതിയൊടു സംഗീതാദികൾ തുടങ്ങി;
തത്ര സുരയുവതിജനചിത്രതരരസലളിത-
നൃത്തമതു സഭയതിൽ വിളങ്ങി.

4. ഫണിഭൂഷണപ്രിയയെ മണിഭൂഷണങ്ങളുട-
നണിയിച്ചു വാണി വഴിപോലെ
തദനു ശുഭകാലേ ത്രിജഗദനുകൂലേ
ഭുവനപതിഗിരിശനഥ സതിയുടയകരകമല-
മിതമൊടു പിടിച്ചു വിധിപോലെ.

ശ്ലോകം 12

സാവേരി—ചാപ

ചന്ദ്രാവതംസസ്യ സതീവിവാഹേ
സഞ്ജാതഹർഷാഃ കൃതപുഷ്പവർഷാഃ
ഇന്ദ്രാദയസ്തം പ്രണിപത്യ ദേവം
സാന്ദ്രാദരം ദക്ഷമമീശശംസുഃ

---

2. മുദമാന്നു=സന്തോഷിച്ചു. സുരതതി=ദേവസമൂഹം. പുന=പിന്നീട്.

3. ഉദ്യോഗമോടു=വലിയകോലാഹലത്തോടുകൂടി. ദിവിമുഴങ്ങി. ആകാശത്തിൽ മുഴങ്ങിക്കേൾക്കാൻ തുടങ്ങി. സു....... നൃത്തമതു=ദേവസ്ത്രീകളുടെ വിചിത്രതരങ്ങളും രസകരങ്ങളുമായ ആട്ടങ്ങൾ.

4. ഫണിഭൂഷണപ്രിയ=സർപ്പത്തെ അലങ്കാരമാക്കിയിരിക്കുന്ന ശിവന്റെ പ്രേയസി=സതി. വാണി=സരസ്വതീദേവി. തദനു=അതിൽ പിന്നീട്. ത്രിജഗദനുകൂലേ ശുഭകാലേ=മൂന്നുലോകത്തിനും ഒന്നുപോലെ അനുകൂലമായ ഒരു ശുഭസമയത്തു്. ഇതമൊടു=ഹിതത്തോടുകൂടി. ഗിരിശൻ=ശിവൻ. വിധിപോലെ=വിധിപ്രകാരം; ആചാരപ്രകാരം.

ശ്ലോകം 12.

ചന്ദ്രാവതംസസ്യ സതീവിവാഹേ=ശിവന്റെ സതീപരിണയത്തിൽ. (അവതംസം=അലങ്കാരം) സഞ്ജാതഹർഷാ=ഉണ്ടായ സന്തോഷത്തോടുകൂടിയവരായും, കൃതപുഷ്പവർഷാഃ=പുഷ്പവൃഷ്ടി ചെയ്തവരായും ഉള്ള അമീഇന്ദ്രാദയഃ (ഈ ദേവന്മാർ) തം ദേവ പ്രണിപത്യ=ആ ശിവനെ നമസ്കരിച്ചിട്ടു'' ദക്ഷം സാന്ദ്രാദരം ശശംസുഃ=ദക്ഷനെ വർദ്ധിച്ച ബഹുമാനത്തോടേ പ്രശംസിച്ചു വൃത്തം. ഇന്ദ്രവജ്രം.

ലക്ഷണം:-കേളിന്ദ്രവജ്രക്ക തതംജഗംഗം.

പദം 2.

പല്ലവി

ഭാഗ്യരാശേജഗതി ഭാതി തവ കീർത്തി

അനുപല്ലവി

യോഗ്യനാം വരനു നിജ കന്യകയെ നൽകുവാൻ
യോഗമിഹ വന്നു തവ പുണ്യാതിരേകാൽ (ഭാഗ്യ)

ചരണങ്ങൾ

1. ഉത്തമഭവാൻെറ സുതചെയ്ത തപമേററം
ഉചിതമതു സഫലമായ് വന്നഹോ സഹസാ
ഇത്തരമശേഷജഗദീശനൊടു സംബന്ധം
എത്തിയതിനാൽ സുലഭമഭ്യുദയമഖിലം (ഭാഗ്യ)

2. പരമശിവമഹിഷീ ശൃണു സതീദേവി സുമതേ
പതിദേവതേ നിൻെറ ഭാഗ്യമേ ഭാഗ്യം
പരിചിനൊടു പതിചരണ പരിചരണവും ചെയ്തു
പരിപൂർണ്ണമോദമൊടു വാഴ്ക ബഹുകാലം (ഭാഗ്യ)

---

പദം 9.

ഭാഗ്യരാശേ=ഭാഗ്യസമുദ്രമേ. ജഗതി=ലോകത്തിൽ. ഭാതി=ശോഭിക്കുന്നു

I. സഹസാ=പെട്ടെന്നു്. അശേഷ ജഗദീശൻ=എല്ലാ ലോകത്തിനും നാഥൻ. അഭ്യുദയം=അഭിവൃദ്ധി; ക്ഷേമം.

2. പരമശിവമഹിഷീ=ശിവൻെറ പത്നിയായുള്ളവളേ ശൃണു=കേട്ടാലും പതിദേവത=ഭർത്താവിനെ ദൈവമായിക്കരുതുന്നവളേ! പതിപരിചരണം=ഭർത്തൃപാദ ശുശ്രൂഷ.

ശ്ലോകം 13.

അഥ അമൃതാത്മനി ഈശ്വരേ! അനന്തരം അമൃതസ്വരൂപനായ (നാശമില്ലാത്തവനായ ശിവൻ. ദ്രാക്=പെട്ടെന്നു്. തിരോഹിതേ=തിരോഭൂതനായ സമയത്തു്. വിയോഗതാപാൽ=വിരഹദുഃഖംകൊണ്ടു് വിഹ്വലാ=ആകുലയായ(ദുഃഖിതനായ)സാ സതീ=ആ സതി. മോദവിലാസം വിഹായ=സന്തോഷവും ആഡംബരാദികളും ഉപേക്ഷിച്ച് കുമുദ്വതീ ഇവ=ആമ്പൽ

ശ്ലോകം 13.

ഭൈരവി—ചെമ്പട

തിരോഹിതേ ദ്രാഗമൃതാത്മനീശ്വരേ
വിയോഗതാപാദഥ വിഹ്വലാ സതീ
വിഹായ സാമോദവിലാസമാസ്ഥിതാ.
കുമുദ്വതീവാളികുലാകുലേക്ഷിതാ.

പദം 10.

പല്ലവി

ഹന്ത ദൈവമേ! എന്തു ഞാൻ ചെയ്‌വൂ?
ഹന്ത ദൈവമേ!
അന്തരാർത്തി മമ നൽകിയിവണ്ണം
ബന്ധുരാംഗനവനെങ്ങു മറഞ്ഞു? (ഹന്ത)

1. മൽപ്രിയനു ഞാൻ ചെയ്തില്ലാ ചെറുതു-
മപ്രിയമയ്യോ.
തൽപ്രസാദമിഹ വരുവാൻ ചെയ്തോരു
മൽപ്രയാസഫലമിങ്ങനെ തീർന്നു. (ഹന്ത)

---

പ്പൊയ്ക എന്നതുപോലെ ആളി...ക്ഷിതാ=സഖികളാൽ പരിഭ്രമത്തോടും ആകുലതയോടും ദർശിക്കപ്പെട്ടവളായി. ആസ്ഥിതാ=ഇരുന്നു സതിയ്ക്കു കുമുദ്വതിയോടും തുല്യത കല്പിച്ചിരിക്കുന്നതു് ശ്ലേഷപ്രയോഗത്താലും കൂടിയാണു്: അമൃതാത്മനി ഈശ്വരേ=അമൃതകിരണനായ ചന്ദ്രൻ മറഞ്ഞശേഷം എന്നും സാ ആമോദവിലാസം വിഹായ കുമുദ്വതി, ഇവ=സൗരഭ്യവും വിലാസങ്ങളും എല്ലാം ഉപേക്ഷിച്ച ആമ്പൽപ്പൊയ്കപോലെ. അളികുലാകുലേക്ഷിതാ=അളികുലങ്ങളാൽ-വണ്ടുകളാൽ വ്യസനത്തോടേ നോക്കപ്പെട്ടവളായി. (വിശദമായ വ്യാഖ്യാനം പുസ്തകത്തിൻെറ ഒടുവിൽ ചേർത്തിരിക്കുന്നതു നോക്കുക.)

പദം 10.

അന്തരാർത്തി=ഹൃദയവേദന. ബന്ധുരാംഗൻ=കോമളരൂപനായ ആ ശിവൻ.

1. തൽപ്രസാദം=അദ്ദേഹത്തിൻെറ സന്തോഷം. മൽപ്രയാസഫലം=എൻെറ ക്ലേശത്തിൻെറ (തപസ്സിൻെറ) ഫലം.

2. പ്രാണവല്ലഭൻ ചെയ്യുമ്പോളെന്റെ
പാണിപീഡനം
നാണമാൻറു നതമുഖിയായ് നിന്നതി-
നാലെ കോപമവനുള്ളിലുറച്ചോ? (ഹന്ത)

3. ദേവദേവനാം നീലകണ്ഠന്റെ
സേവയാലെന്യേ
കേവലം കൗതുകമൊന്നിലുമില്ലിഹ
ഖേദഹാനി വരുവതിനാലിനിയും
പാലയാശു മാം ഫാലലോചന!
പാലയാശു മാം.

ശ്ലോകം 14

സുരുട്ടി—ചെമ്പട

ഇതി ബഹുചിന്താതാന്താം
വിലപന്തീന്താം സമേത്യ ശിവകാന്താം
വാണീഗീർവാണീഭി-
സ്സഹമൃദുവചനേന സാന്ത്വയാമാസ.

---

2. പാണിപീഡനം=പാണിഗ്രഹണം. നാണമാൻറ്=ലജ്ജയോടുകൂടി. നതമുഖിയായ്=താഴ്ത്തിയമുഖത്തോടെ.

3. ഖേദഹാനി=സങ്കടപരിഹാരം. പാലയ=പാലിച്ചാലും. ആശു=വേഗം. മാം=എന്നെ. ഫാലലോചനാ=മുക്കണ്ണാ'

ശ്ലോകം 14.

ഇതിബഹുചിന്താതാന്താം=ഇങ്ങനെ പലചിന്തകളാലും തളൎന്നവളും. വിലപന്തീം=വിലപിക്കുന്നവളും ആയ, താംശിവകാന്താം=ആ സതിയെ. വാണീ=സരസ്വതി. ഗീൎവ്വാണീഭിഃസഹ=ദേവസ്ത്രീകളോടുകൂടി. സമേത്യ=പ്രാപിച്ചിട്ട്, അടുത്തുചെന്നിട്ട്. മൃദുവചനേന സാന്ത്വയാമാസ=മധുരവാക്കുകൾകൊണ്ടു് സമാശ്വസിപ്പിച്ചു.

വൃത്തം. ഗീതി.

പദം 11.

പല്ലവി

അരുതരുതെ ഖേദം ബാലേ
അംബുജാക്ഷി ദാക്ഷായണി.
പരിണയനശേഷമേവം
പരിതപിക്കയൊഗ്യമല്ല (അരു)

ചരണങ്ങൾ

1. ഇന്ദുചൂഡൻനിന്നരികിൽ
ഇന്നുനാളെ വരുമല്ലോ
സുന്ദരീരത്നമേ പാഴിൽ
ശോകമെന്തേ തേടീടുന്നു? (അരു)

2. ഇത്ര കാരുണ്യമുണ്ടായി-
ട്ടീശനെപ്പോലാരുമില്ലാ
ഇത്രിലോകമതിലെന്ന-
തെത്രയും വിശ്രുതമല്ലോ. (അരു)

3. മാനസാർത്തികൊണ്ടു നിന്റെ
മേനികൂടെ വാടുന്നയ്യോ
സ്നാനപാനാദികൾ ചെയ്തു
സാനന്ദം നീ വാഴ്ക ധന്യേ. (അരു)

---

പദം 11.

ദാക്ഷായണി=ദക്ഷപുത്രി. (സതി) ഇന്നു നാളെ—ഇന്നോ നാളെയോ. പാഴിൽ=വൃഥാ. മാനസാർത്തി=മനസ്സിലെ ഖേദം

ശ്ലോകം 15.

വിദിതചരിതേ ദക്ഷേ ക്രുദ്ധ്യത്യതീവ ശിവായ സാ
പുനരപി തപശ്ചക്രേ ഗത്വാപുരേവ തപോവനം
മുനിവപുഃ പ്രാദുർഭൂയദ്രുതം ശശിശേഖരോ ഗിരി-
വരമഗാൽ കൈലാസാഖ്യം തയാ സഹ കാന്തയാ.

ശ്ലോകം 16.

വേകം—ചെമ്പട.

തതഃശ്രുത്വാ ദക്ഷസ്സപദിശിവനീതാംനിജസുതാം
നിതാന്തം രോഷാന്ധസ്ത്രിപുരഹരമാഹാത്മ്യമവി [ദൻ
സ്വജാമാത്യേത്യുച്ചൈർമ്മനസികലിതാനാദരഭരോ
ജഗാദൈവം ദേവാൻ പരിസരഗതാൻ വീക്ഷ്യവി [മനാഃ

---

ശ്ലോകം 15.

വിദീതചരിതേ ദക്ഷേ=ദക്ഷൻ വൃത്താന്തമെല്ലാം അറിഞ്ഞിരിക്കും വിഷയത്തിങ്കൽ. അതീവ=വളരെ. ക്രുദ്ധ്യതി=കോപിച്ചിരിക്കുമ്പോൾ സാസതീ പുനരപി (വീണ്ടും) തപോവനം ഗത്വാ (തപോവനത്തിൽ പോയിട്ടു്) ശിവായ=ശിവന്നായിക്കൊണ്ടു്. (ശിവനെ ലഭിക്കാനായി) പുരാ ഇവ തപശ്ചക്രേ=പണ്ടത്തെപ്പോലെ തപസ്സചെയ്തു. ശശിശേഖരഃ= ശിവൻ. ദ്രുതം=വേഗത്തിൽ, മുനിവപുഃ പ്രാദുർഭൂയ=മുനിരൂപത്തിൽ മുമ്പിൽവന്നു് തയാകാന്തായാസഹ=ആ ഭാര്യയോടുകൂടി. കൈലാസാഖ്യം ഗിരിവരം അഗാൽ കൈലാസം എന്നു പേരുള്ള മഹാപർവ്വതത്തെ പ്രാപിച്ചു.

ശ്ലോകം 16.

തതദേക്ഷഃ സപദി ശിവനീതാം നിജസുതാം ശ്രുത്വാ=അനന്തരം പെട്ടെന്നു്, ശിവനാൽ തന്റെ പുത്രിനയിക്കപ്പെട്ടു എന്നു കേട്ടിട്ടു്. (പുത്രിയെ ശിവൻവന്നു കൂട്ടിക്കൊണ്ടുപോയി എന്നു കേട്ടപ്പോൾ) നിതാന്തം (വളരെയേറെ) രോഷാന്ധഃ=കോപത്താൽ മതിമറന്നവനായി. ത്രിപുരഹരമാഹാത്മ്യം അവിദൻ (അറിഞ്ഞുകൂടാത്തവനായി) സ്വജാമാതാ ഇതി മനസികലിതാനാദരഭരഃ=തന്റെ മകളുടെ ഭർത്താവാണെന്നു വിചാരിച്ചപ്പോൾ മനസ്സിൽ വർദ്ധിച്ച അനാദരത്തോടുകൂടിയവനായി. പരിസരഗതാൻ ദേവാൻ=ചുറ്റം നില്ക്കുന്ന ദേവന്മാരെ. വീക്ഷ്യ=നോക്കിയിട്ടു്. വിമനാഃഏവംജഗാദ=കുണ്ഠിതഹൃദയനായിട്ടു് ഇപ്രകാരം പറഞ്ഞു.

പദം 12.

പല്ലവി

അറിയാതെ മമ പുത്രിയെ നൽകിയ-
തനുചിതമായിതഹോ.

അനുപല്ലവി

പരിപാകവുമഭിമാനവും ലൌകിക-
പദവിയുമില്ലാത്ത ഭർഗ്ഗന്റെ ശീലത്തെ (അറി)

ചരണങ്ങൾ

1. ചൊല്ലാർന്ന നിങ്ങളുടെ വാക്കിനെ വിശ്വസിച്ചു
നല്ലവനിവനെന്നു കരുതീടിനേൻ മുന്നം
കല്യാണം കഴിഞ്ഞപ്പോളുടനെയാരോടുമിവൻ
ചൊല്ലാതെ പോയതുമെല്ലാർക്കും ബോധമല്ലോ
(അറി)

2. ജാതിയിവനേതെന്നതാരറിഞ്ഞീടുന്നു
ജ്ഞാതിജനവുമിവനില്ല പാർക്കിലാരും,
ചേതസി മമതയുമില്ലിവനാരിലും;
ഭൂതിലാഭംകൊണ്ടേററം മോദിച്ചു മരുവുന്നു. (അറി)

3. വസ്ത്രമില്ലാഞ്ഞോ ചർമ്മമുടുത്തീടുന്നു പരി-
വാരങ്ങൾ ഭൂതങ്ങൾ പിശാചങ്ങളുണ്ടനേകം.

---

പദം 12.

1. അനുചിതം=യോജിപ്പില്ലാത്തതു്. പരിപാകം=പൂർണ്ണത. ലൌകികപദവി=ലോകസാധാരണന്മാരുടെ മാന്യമായ പദവിയത്രേ. ഭർഗ്ഗൻ=ശിവൻ.

1& 2. ചൊല്ലാർന്ന=കീർത്തികേട്ട ജാതി...ഞ്ഞീടുന്നു?=ഈ ശിവൻ ഏതു ജാതിയിൽപ്പെടുന്നു എന്നാർക്കാണറിയാൻ കഴിയുക! ജ്ഞാതിജനം=ബന്ധുക്കൾ. ചേതസി=മനസ്സിൽ. മമ......രിലും=ആരിലും പ്രത്യേകം മമതയില്ല; അഥവാ നിർമ്മമൻ. ഭൂതിലാഭം=ഭസ്മം അഥവാ ചാമ്പൽ ലഭിക്കുകയെന്നതു്.

3. ചർമ്മം=തുകൽ, പരിവാരങ്ങൾ=പാർശ്വവർത്തികൾ. നിസ്ത്രപൻ=ലജ്ജയില്ലാത്തവൻ. ആഢ്യൻതാനെന്നൊരു ഭാവവും കൂട്ടവുമുണ്ടു്. നിത്യവും=പതിവായി. ഭിക്ഷയേററ്=ഭിക്ഷ നീളെ നടന്നു് സ്വീകരിച്ചു്.

നിസ്പൃഹനാഢ്യൻ താനെന്നുണ്ടൊരു ഭാവമുള്ളിൽ
നിത്യവും ഭിക്ഷയേററു നീളെ നടന്നീടുന്നു. (അറി)
4. സതിയായ നന്ദിനി മേ സാധുശീലായിവൻെറ
ചതികളെയറിയാതെ വിശ്വസിച്ചധുനാ
അതിമാത്രംതപംചെയ്തു നില്ക്കുമ്പോാംവന്നിവളെ-
യാരും ഗ്രഹിച്ചീടാതെ കൊണ്ടുവൻ ഗമിച്ചു
[പോൽ. (അറി)

കാമോദരി–ചെമ്പ

പദം 13.

ഖണ്ഡങ്ങറം

1. അരവിന്ദഭവതനയ സുമതേ—തവ
ഹരനിന്ദതെല്ലു മരുതേ.
2. പുരവൈരിതന്നുടയ ചരണം—തന്നെ
ഭുവനമീരേഴിനൊരു ശരണം
3. ശർവ്വനോടു ചെയ്യിലവമാനം—ഹന്ത
സർവാപദാമതു നിദാനം.
4. സർവദാ ചെയ്യു ശിവമോദം—ഭവാൻ
സാമ്പ്രതമിതിന്നരുതു വാദം.

---

4. നന്ദിനിമേ=എൻെറ മകറം; ഇവൻെറ=ശിവൻെറ. അതിമാത്രം തപംചെയ്തു നില്ക്കുമ്പോറം=അത്യധികം തപസ്സുചെയ്തു നില്ക്കെ.

പദം 13.

1. അരവിന്ദഭവതനയ=ബ്രഹ്മപുത്രനായഅല്ലയോ ദക്ഷ! തവഹരനിന്ദ=നിൻെറ ഈ ഈശ്വരദൂഷണം തെല്ലും അരുതേ=കുട്ടംരന്നെ പാടുള്ളതല്ല.

2. പുരവൈരി=ശിവൻ. തന്നെ ഭുവനമീരേഴിനൊരു ശരണം=ഈ ലോകത്തിനെല്ലാം രക്ഷിതാവു് ആ ശിവനാണു്. അദ്ദേഹത്തിൻെറ നിന്ദ ഒരിക്കലും പാടില്ല.

3. ശർവ്വൻ=ശിവൻ. ഹന്ത! സർവ്വാപദാമതുനിദാനം=ആശ്ചര്യം തന്നെ; എല്ലാ ആപത്തുകറക്കും അതു തന്നെയാണു് കാരണവും. ഇതിന്നരുതും വാദം=ഇതിനു് എതിർവാദം ചെയ്യരുതു്. ശിവം അമലം=പരിശുദ്ധനായ ശിവനെ. ശിവമഖിലം=എല്ലാ സുഖങ്ങളും.

5. കണ്ടാശ്രുവരിക ശിവമമലം—എങ്കി-
ലുണ്ടാം ഭവാനു ശിവമഖിലം

ശ്ലോകം 17.

സാരംഗം—ചെമ്പ.

ദക്ഷസ്തൽക്ഷണമിത്യമർത്ത്യവചസാ ദാക്ഷായണീവല്ലഭം
സാക്ഷാത്ത്രീക്ഷണമീക്ഷിതും ഹൃദിവഹന്നാസ്ഥാം
[പ്രതസ്ഥേ മുദാ
ആയാന്തം പ്രസമീക്ഷ്യതം ഭഗവതശ്ചന്ദ്രാർദ്ധ
[ചൂഡാമണേ-
ന്നന്ദീപാർഷദപുംഗവസ്സമതനോച്ചിന്താമഥോച്ചാവചാം.

പദം 14.

പല്ലവി

ശംകരഗിരീന്ദ്രശിഖരേ—ആരിഹ വി-
ശംകം വരുന്നതെതിരേ?

അനുപല്ലവി

തിങ്കളണിമൌലിയുടെ തിരുമുമ്പിൽ വരുവതിനു
പങ്കജഭവൻപോലു മെൻകരുണ തേടുന്നു. (ശംകര)

ചരണങ്ങൾ

1. ലക്ഷ്മീശനോ വരുണനോ—സുരപതിയോ?
യക്ഷേശനോ ദഹനനോ?

---

ശ്ലോകം 17.

ദക്ഷൻ ഇതി (ഇങ്ങനെയുള്ള) അമർത്ത്യവചസാ (ദേവന്മാരുടെ വാക്കുകളാൽ)ദാക്ഷായണീ വല്ലഭം(സതിയുടെഭർത്താവായ)ത്രീക്ഷണം(ശിവനെ) ഈക്ഷിതും സാക്ഷാൽ (നേരിട്ടു മുമ്പിൽ കാണുന്നതിനു°) ആസ്ഥാ=ആഗ്രഹത്തെ. ഹൃദിവഹൻ(മനസ്സിൽവച്ചുകൊണ്ടു°) മുദാ (സന്തോഷത്തോടേ) തൽക്ഷണം(ഉടൻതന്നെ)പ്രതസ്ഥേ(പുറപ്പെട്ടു) അഥ (അനന്തരം)ചന്ദ്രാ... മണേഃ ഭഗവതഃ (ശിവന്റെ) പാർഷദപുംഗവഃ നന്ദി (ശ്രേഷ്ഠഭൃത്യനായ നന്ദികേശ്വരൻ) ആയാന്തംതം പ്രസമീക്ഷ്യ (വരുന്ന അവനെ-ദക്ഷനെ-കണ്ടിട്ടു°) ഉച്ചാവചാം ചിന്താം സമതനോത°. (പല പ്രകാരത്തിൽ ചിന്ത ചെയ്തു-ചിന്തിച്ചു.)

അക്ഷീണകാന്തിയിവനവരിലൊരുവനുമല്ല
ലക്ഷണമവക്കുള്ള തക്ഷി പരിചിതമഹോ (ശങ്കര)

2. ദുർവാരരാജസദ്ഗുണം—കൊണ്ടിവനു
ഗർവമുണ്ടുള്ളിലധികം
സുർവ്വേശ്വരൻ മരുവുമുർവീധരം ജഗതി
ദുർവിനീതന്മാക്ക് ദുഷ്പ്രാപമേററവും. (ശങ്കര)

3. ചതുരാനനൻെറ തനയൻ—ദക്ഷനിവൻ
ചതുരതയൊടിഹ വരുന്നു
അതിമാത്രമിവനുടയ മതിയതിൽ വളന്നുള്ള
മദമാശ്രുതീത്തീട്ടവനതിന്നില്ല സംശയം.
ശംകര! ഗിരീശ! ഭഗവൻ-തവ ചരണ-
പംകജമഹം തൊഴുന്നേൻ

---

പദം 14

ശങ്കര....ശിഖരേ =ശിവൻെറ ഈ കൈലാസ ശിഖരത്തിൽ. വിശംകം=സംശയമെന്യേ. എതിരേ=നേരേ. തിങ്കളണിമൗലി=ചന്ദ്രനെ അണിയുന്ന ശിരസ്സോടുകൂടിയവൻ (ശിവൻ).

1. ലക്ഷ്മീശൻ=മഹാവിഷ്ണു. വരുണൻ=സമുദ്രഭഗവാൻ. സുരപതി=ദേവേന്ദ്രൻ. യക്ഷേശൻ=വൈശ്രവണൻ. ദഹനൻ=അഗ്നി. അക്ഷീണകാന്തി=പ്രോജ്വലമായ തേജസ്സോടുകൂടിയവൻ. ലക്ഷ....മഹോ=അവരുടെ ലക്ഷണങ്ങളെല്ലാം എനിക്കു കണ്ടു നല്ലപരിചയമുണ്ടല്ലോ. അലങ്കാരം സസന്ദേഹം, ഇവനവരിലൊരുവനുമല്ല എന്നു അവസാനം സന്ദേഹനിശ്ചയം വരുത്തുന്നതിനാൽ നിശ്ചയാന്തമായ സസന്ദേഹം.

2. ദുർ....ഗുണം=തടയാനാവാത്ത ക്ഷത്രിയ വീര്യം. ഉർവ്വീധരം=പർവ്വതം. ജഗതിദുർവിനീതന്മാക്ക്=ലോകത്തിലുള്ള അഹങ്കാരികൾക്കു (വിനയരഹിതന്മാക്ക്) ദുഷ്പ്രാപം (ചെന്നു പററാൻ പ്രയാസമായതു്.)

3. ചതുരാനനൻ=ബ്രഹ്മാവു്. ചതുരത=സാമർത്ഥ്യം. മതി=ബുദ്ധി. ചരണപങ്കജം=പാദമാകുന്നതാമര.

ശ്ലോകം 18.

കാനക്കുറിഞ്ഞി—പഞ്ചാരി

പുരഹരപുരഗോപുരോപകണ്ഠം
പ്രവിശതി പത്മഭവാത്മജേഥ തസ്മിൻ
പ്രസഭമഭിസരന്നിരുദ്ധ്യ നന്ദീ
പ്രകടരുഷാ പരുഷാക്ഷരം ബഭാഷേ.

പദം. 15.

ഖണ്ഡഝമ്പ

1. ത്രുദ്ധമാം മദേന ചന്ദ്രചൂഡമന്ദിരത്തിൽവന്നു
ഗ്രദ്ധമായ് കടന്നിടുന്ന മൂഢനാരെടാ?
2. ഇത്രിലോകപതി വിരിഞ്ചപുത്രനെത്തടുത്തനീയു-
മെത്രമൂഢനത്രനിന്നു പോകപോകനീ
3. തവപിതാവിനും സമസ്തഭുവനവാസികൾക്കുമെന്റെ
ശിവനധീശനറികദാസനവനു ഞാനഹോ.
4. ഹന്ത! ഹന്ത! മമമഹത്വമെന്തറിഞ്ഞു? മത്സുതയ്ക്കു
കാന്തനാം ശിവന്റെ ദാസഹതകനായ നീ

---

ശ്ലോകം 18.

അഥതസ്മിൻ പത്മഭവാത്മജേ=അനന്തരം ആ ദക്ഷൻ. പുര....കണ്ഠം-ശിവന്റെ പുരത്തിന്റെ സമീപത്തു്. പ്രവിശതി=പ്രവേശിക്കുമ്പോൾ. നന്ദി അഭിസരൻ=നന്ദികേശൻ എതിരേവന്നു് പ്രസഭം നിരുദ്ധ്യ (ഏററവും ശക്തിയോടേ നിരോധിച്ചിട്ടു്=തടഞ്ഞിട്ടു്) പ്രകടരുഷാ (വദ്ധിച്ച കോപത്തോടുകൂടി) പരുഷാക്ഷരം=കഠോരങ്ങളായ വാക്കുകൾ. ബഭാഷേ=പറഞ്ഞു.

പദം 15.

1. ത്രുദ്ധമാം മദേന=വളൎന്ന അഹങ്കാരത്തോടേ.

2. അത്രനിന്നു=ഇവിടെനിന്നു്. ഈ പദങ്ങളിൽ പരുഷാക്ഷരപ്ര യോഗം നടത്തിയിരിക്കുന്നതു്. രൗദ്രരസപോഷണത്തിനു് വളരെ സഹായ മായിട്ടുണ്ടു്. നന്ദിയുടേയും ദക്ഷന്റേയും പരസ്പരഭത്സനങ്ങളും കോപവും എല്ലാം പ്രകടമാക്കാൻ കഠിനാക്ഷരനിബിഡങ്ങളായ പദങ്ങൾ ഇവിടെ ഏററവും യോജിക്കുന്നു.

4. ദാസഹതകൻ=നിന്ദ്യനായ ദാസൻ,

5. കുമതികൾക്കു ദൃശ്യനല്ല മമ മഹേശനറിക മൂഢ
കിമപി താമസിച്ചീടാതെ യാഹി ദുർമ്മതേ

ശ്ലോകം 19.

ശൈലാദിനൈവം പ്രതിരുദ്ധവർത്മാ
കൈലാസശൈലാന്നഗരീം പ്രവിശ്യ
ശർവസ്യ ഹവ്യാർപ്പണമദ്ധ്വരേഷു
സർവത്ര രോഷേണ രുരോധ ദക്ഷഃ

ശ്ലോകം 20.

മദ്ധ്യമാവതി—ചമ്പ

തതോ വിധാതാ വിധിവദ്വിധാനം
ക്രതും വിധാതും കില നിശ്ചിതാത്മാ
ദ്രുതം സുരൂപ്യാചലമാപ്യദേവം
പതിം പശൂനാമിതി വാചമൂചേ

---

5. കുമതികൾ=ദുർബ്ബുദ്ധികൾ. ദൃശ്യനല്ല=കാണപ്പെടാവുന്നവനല്ല. കിമപി=അല്പംപോലും. യാഹി=പോയാലും.

ശ്ലോകം 19.

ഏവം=ഇപ്രകാരം. ശൈലാദിനാ=ശിലാദന്റെ പുത്രനായ നന്ദികേശ്വരനാൽ, പ്രതിരുദ്ധവർത്മാ=വഴിതടയപ്പെട്ടവനായ ദക്ഷഃ=ദക്ഷൻ. കൈലാസശൈലാത്=കൈലാസപർവ്വതത്തിൽനിന്നു. നഗരീം പ്രവിശ്യ=(തന്റെ) പട്ടണത്തിൽ പ്രവേശിച്ചിട്ടു്. ശർവസ്യ അദ്ധ്വരേഷുഹവ്യാർപ്പണം=ശിവന്നു്, യാഗങ്ങളിലുള്ള യജ്ഞഭാഗം കൊടുക്കുക എന്ന കർമ്മം സർവ്വത്ര=എല്ലായിടത്തും. രോഷേണ രുരോധ=കോപത്തോടുകൂടിത്തടഞ്ഞു. (യാഗം നടക്കുമ്പോൾ ശിവനു് കൊടുക്കുന്ന ഹവിർഭാഗം കൊടുക്കരുതെന്നു് ദക്ഷൻ തടഞ്ഞു. എന്നു സാരം)

ശ്ലോകം 20.

തതഃ=അനന്തരം. വിധാതാ=ബ്രഹ്മാവു്. വിധിവദ്വിധാനം=വിധിപ്രകാരം=പതിവുപോലെ=ചെയ്യപ്പെടേണ്ടതായ. ക്രതും=യജ്ഞത്തെ. വിധാതും=ചെയ്യുന്നതിനു്. നിശ്ചിതാത്മാ=തീർച്ചപ്പെടുത്തിയവനായി. രൂപ്യാചലം=കൈലാസത്തെ. ദ്രുതം ആപ്യ=വേഗം പ്രാപിച്ചു. ദേവം പശൂനാം പതിം=പശുപതിയായ ദേവനെ (ദേവനോടു്) ഇതിവാചം ഊചേ (ഇപ്രകാരം പറഞ്ഞു.) 'കില' എന്നതു് അവ്യയശബ്ദമാണു്. (മറപ്രകാരം

പല്ലവി

പദം 16.

ജയ ജയ ഗിരീശ ഗുണസിന്ധോ.

അനുപല്ലവി

സകല ജഗതാംപതെ

സാധുജനപരമബന്ധോ. (ജയജയ)

ചരണങ്ങൾ

1. ശിവദർശനേന തവ നിയതം—ഭവ്യശീല

മമ ഹൃദയമതിമുദിതം—ഇന്നു

ധ്രുവമെൻെറ കാമിതമശേഷമപി ഫലിതം

(ജയജയ)

1. ഭവദാഗമേന മമ തോഷം—മനസി

പരിചിൽ വളരുന്നു സവിശേഷം—ഇപ്പോൾ

ഇവിടെ വരുവാൻ ഭവാനേതൊരഭിലാഷം.

---

ചേയ്യേണ്ട വിധത്തിൽ യാഗം ചെയ്യുവാൻ വേണ്ടിയാണു് ബ്രഹ്മാവു് ശിവനെ പ്രാത്ഥിക്കാൻ പോയതു് എന്നു പ്രസ്താവിച്ചതിൽനിന്നും ശിവനു് ഹവിർഭാഗം കൊടുക്കാഞ്ഞാൽ അതു് വിധിപ്രകാരമുള്ള യജ്ഞമല്ല എന്നുള്ളതുതെളിയുന്നുണ്ടല്ലോ. ബ്രഹ്മാവുപോലും ശിവൻെറ പക്കൽപോയി അപേക്ഷിക്കുന്നു. ദക്ഷൻ പോകാതിരിക്കുന്നതിലുള്ള അഹങ്കാരം ഇതിൽനിന്നും വ്യഞ്ജിക്കുന്നുണ്ടു്.)

പദം 16.

ജഗതാംപതേ=ലോകങ്ങളുടെ പതിയായുള്ളവനെ സാധു...ബന്ധോ=സാധുശീലന്മാക്ക് വലിയ ബന്ധുവായവനേ!

1. ഭവ്യശീല, തവ ശിവദർശനേന മമഹൃദയം അതിമുദിതം നിയതം=ക്ഷേമകരമായ സ്വഭാവത്തോടുകൂടിയവനേ അങ്ങയുടെ സുഖം കൊടുക്കുന്ന കാഴ്ചയുണ്ടായതിനാൽ എൻെറ മനസ്സു് വളരെ സന്തുഷ്ടിപ്രാപിച്ചു എന്നു തീച്ച്. ധ്രുവം=നിശ്ചയം. കാമിതം=ആഗ്രഹം.

2. ഭവദാഗമേന=അങ്ങയുടെ വരവിനാൽ. തോഷം=സന്തോഷം. ജലജഭവൻ=ബ്രഹ്മാവു്.

പല്ലവി

ജലജഭവ! കേൾക്ക ഗുണസിന്ധോ

3. മനസി മമ രുചിയുണ്ടു യാഗം—ചെയ്യാൻ
മാന്യകൃപയാ കുരു നിയോഗം—അങ്ങു
കനിവോടു വന്നു തവ കയ്യേൽക്കഭാഗം (ജയജയ)

4. ഇന്നു ഞാൻ വരുവതവമാനം—നിൻെറ
നന്ദനൻ വൈരി മമ നൂനം--തത്ര
നന്ദിയെ നിയോഗിപ്പനെന്നോടുസമാനം (ജലജ)

ശ്ലോകം 21.

തദനു തദനുവാദഹൃഷ്ടചേതഃ
കമലഭവഃ കമലാധവാദ്യമർത്ത്യൈഃ
സഹ സനകമുഖൈശ്ച താപസേന്ദ്രൈ-
സ്സമഹിതമാരഭതാദ്ധ്വരം മഹാത്മാ

ശ്ലോകം 12.

പന്തുവരാടി—ചെമ്പട

നാരദാദിമുനിവാരസംഗതപുരന്ദരാദിസുരഭാസുരേ
സാരസാസനവരാദ്ധ്വരേ സദസി ഭൂരിസൂരിജനമാനിതം

---

3. രുചി=അഭിലാഷം. മാന്യകൃപയാ=മാനിക്കത്തക്കവിധമുള്ള കാരുണ്യത്താൽ. നിയോഗംകുരു= അനുജ്ഞനൽകിയാലും.

4. എന്നോടു സമാനം=എനിക്കുതുല്യനായിരിക്കുന്ന. നന്ദിയെ= ഭൂതഗണങ്ങളുടെ നാഥനെ.

ശ്ലോകം 21.

തദനു (അനന്തരം) തദനുവാദഹൃഷ്ടചേതാഃ (അദ്ദേഹത്തിൻെറ-ശിവൻെറ-അനുവാദത്താൽ സന്തുഷ്ടമനസ്സനായിട്ട്) മഹാത്മാ കമലഭവഃ (മഹാത്മാവായ ബ്രഹ്മാവ്) കമലാധവാദ്യമർത്ത്യൈഃ (വിഷ്ണുതുടങ്ങിയ ദേവന്മാരോടും) സനകമുഖൈഃ താപസേന്ദ്രൈഃ സഹ (സനകാദികളായ താപസശ്രേഷ്ഠന്മാരോടും കൂടി സമഹിതം അദ്ധ്വരം ആരഭത (ശ്രേഷ്ഠമായ യാഗം ആരംഭിച്ചു.)

താരകേശ്വരകീശോരശേഖരപദാരവിന്ദപരിചാരകം
ക്രൂരവാങ്മയശരോൽക്കരൈരരവമവാകിരൽ സ–
[വിധിനന്ദനഃ

പദം 17.

പല്ലവി

എന്തിഹ തവ കാര്യം ജള! വരുവതി
നെന്തിഹ തവ കാര്യം?

അനുപല്ലവി

ഹന്ത മഹാജനസഭയിലിരിപ്പതി–
നർഹതയില്ലിഹ തേ
(എന്തിഹ)

ചരണങ്ങൾ

1. അസ്ഥിയണിഞ്ഞിഭകൃത്തിയുടുത്തുക–
രത്തിലെടുത്തുകപാലം
നിത്യമിരന്നുനടക്കുന്നവരുടെ
ഭൃത്യനതല്ലേ നീ (എന്തിഹ)

---

ശ്ലോകം 22.

നാരദാ.......സുരേ=നാരദൻ തുടങ്ങിയ മുനിവാരങ്ങളോടു് സംഗതമായ പുരന്ദരാദി സുരന്മാരാൽ ഭാസുരമായ=നാരദൻ തുടങ്ങിയ മുനിജനങ്ങളോടു ചേന്ന ദേവന്മരെക്കൊണ്ടു് ശോഭിക്കുന്ന സാരസാ...ദ്ധ്വരേ=സാരസാസനൻെറ (ബ്രഹ്മാവിൻെറ വരാദ്ധ്വരേ (ശ്രേഷ്ഠമായ യാഗത്തിൽ) സദസി=സഭയിൽവന്നു്. ഭൂരി....മാനതം=ഏറെ വിദ്വജ്ജനങ്ങളാൽ മാനിതനായ താരകേ......പരിചാരകം=ബാലചന്ദ്രനെ ശിരസ്സിൽ ചൂടുന്ന ശിവൻെറ പാദശുശ്രൂഷകനായ നന്ദിയെ. സഃ വിധിനന്ദന=ആ ദക്ഷൻ ക്രൂര....ക്കരൈഃ ക്രൂരങ്ങളായ വാക്ശരങ്ങളുടെ കൂട്ടംകൊണ്ടു്. അരം=ഏററവുമധികം. അവാകിരൽ =പൊഴിച്ചു: വഷിച്ചു. (ക്രൂരവാക്കുകൾ ഏറെപ്പറഞ്ഞു് അധിക്ഷേപിച്ചു.)

പദം 17.

1. ഇഭകൃത്തി=ആനത്തോലു്. കപാലം=തലയോട്ടി.

2. ഉൽക്കടമദമൊടു ധിക്കൃതിവചനമു-
രയ്ക്കും നിന്നുടെ ഗാത്രം
മൽക്കരഹതി കൊണ്ടിക്കാലം നിപ-
തിക്കും പൊടിപൊടിയായി (എന്തിഹ)

പല്ലവി

എന്തിനു തവ വെറുതേ ബഹു ഗർജ്ജന-
മെന്തിനു തവ വെറുതേ.

3. പങ്കജഭവസുതനെങ്കിലഹം യുധി-
കാൺക ജവേന ദുരാത്മൻ!
ശങ്കരകിങ്കര സമ്പ്രതി നിൻെറയ-
ഹംകൃതി തീർത്തീടുവൻ (എന്തിഹ)

4. ത്ര്യക്ഷൻതൻെറ കടാക്ഷം കൊണ്ടുട-
നക്ഷതമെന്മഹിമാ
ദക്ഷന്മാരൊരു ലക്ഷമെനിക്കൊരു
മക്ഷികയോടുസമം (എന്തിനു)

ശ്ലോകം 23.

ഭുജഗഭൂഷണദൂഷണഭാഷണ-
ശ്രുവണരോഷകഷായിതലോചനേ;

---

2. ഉൽക്കടം=വർദ്ധമാനമായ. നിക്കൃതിവചനം= ധിക്കാരവാക്കുകൾ. മൽക്കാരഹതി= എൻെറ കൈകൊണ്ടുള്ള അടി.

3. പങ്കജഭവസുതൻ=ദക്ഷൻ. യുധി=യുദ്ധത്തിൽ. ജവേന—വേഗത്തിൽ. അഹംകൃതി=അഹങ്കാരം.

4. ത്ര്യക്ഷൻ=ശിവൻ. അക്ഷതം=നാശമില്ലാത്തതു്. മക്ഷിക=ഈച്ച

ശ്ലോകം 23.

ഭുജഗ......ലോചനേ=ഭുജഗ ഭൂഷണനായ (സർപ്പം അണിയുന്ന) ശിവൻെറ ദൂഷണമായ ഭാഷണം (ശിവനെ ദുഷിച്ചുള്ള സംസാരം) ശ്രവണം ചെയ്തതിനാൽ, രോഷകഷായിതമായ (കോപകലുഷമായിത്തീന്ന) ലോചനേ—കണ്ണോടുകൂടിയവനും, സകലവേദിനി=എല്ലാം അറിയുന്നവനുമായ നന്ദിനി നിർഗ്ഗതേ—നന്ദിപോയപ്പോൾ. വിധിമുഖേ മഖേ ചകുണ്ടതാ അജനി—ബ്രഹ്മാവിൻെറ മുഖത്തും യാഗത്തിലും കുണ്ഠതജനിച്ചു. വല്ലായ്മ ഉണ്ടായി.

സകലവേദിനി നന്ദിനി നിർഗ്ഗതേ
വിധിമുഖേച മഖേജനി കണ്ടതാ.

ശ്ലോകം 24.

സാവേരി

തൽക്കാലേ സുരശില്പികല്പിത വിചിത്രാനല്പശില്പോ-
[ജ്ജ്വലാം
ശാലാം പ്രാപ്യ സുരൈസ്സമം സമതനോദ്ദക്ഷോപി-
[യജ്ഞോത്സവം;
സാവജ്ഞഃ പുരവൈരിണീതി മുനിഭിസ്ത്യക്തോ
[വസിഷ്ഠാദിഭി-
സ്സോയം വീക്ഷ്യ കദാചിദന്തികഗതം പ്രോചേ
[ദധീചിം മുനിം.

ചെഞ്ചുരുട്ടി—അടന്ത—ക്യാല്യമട്ട്

പദം 18.

ഖണ്ഡങ്ങൾ

1. കാരുണ്യകരം ഗൌരീകാന്തമുദാരം
കലയേ സതതം സച്ചിദാനന്ദാകാരം

---

ശ്ലോകം 24.

ദക്ഷഃ അപി=ദക്ഷനാകട്ടെ, തൽക്കാലേ=അപ്പോൾ, സുര...ജാലാം=സുരശില്പിയായ വിശ്വകർമ്മാവിനാൽ കല്പിതവും വിചിത്രവും അനല്പങ്ങളുമായ ശില്പവേലകളൽ ശോഭിക്കുന്നതുമായ, ശാലാം=യാഗശാലയെ, പ്രാപ്യ=പ്രാപിച്ച്, സുരൈസ്സമംയജ്ഞോത്സവം സമതനോത്=ദേവന്മാരോടൊത്തുചേർന്ന് യാഗോൽസവം നടത്തി. പുരവൈരിണിസാവജ്ഞഃ ഇതി=ശിവനിൽ അവജ്ഞയുള്ളവനാണ് എന്നു് വസിഷ്ഠാദിഭിഃ മുനിഭിഃ ത്യക്തോ=വസിഷ്ഠാദികളായ മുനിമാരാൽ ഉപേക്ഷിക്കപ്പെട്ടവനായ സോയം= (സ+അയം) ആ ദക്ഷൻ, കദാചിൽ=ഒരിക്കൽ, അന്തികഗതം ദധീചിം മുനിം=അടുത്തുവന്നദധീചി എന്ന മുനിയോട്, പ്രോചേ=പറഞ്ഞു (പരമശിവൻ വരാത്തതിനാൽ വസിഷ്ഠൻ, തുടങ്ങിയ മുനിമാരും ആരും യാഗത്തിനുവന്നില്ല എന്നു അർത്ഥം)

2 ജഗദുദയാദിവിധാനവിഹാരം
ജനിമൃതിസംസാരസാഗരപാരം
3. മുനിജനഹൃദയാംബുജസവിതാരം
മുഹുരപി വിരചിതദുഷ്ടസംഹാരം
4. മൃത്യുസന്ത്രാതമൃകണ്ഡുകുമാരം
മൃഡമഖിലാഭീഷ്ടദാനമന്ദാരം.

സാവേരി—അടന്ത—

പദം 19.

പല്ലവി

പരിതോഷമേററം വളരുന്നു മാമുനെ
ഭവദീയാഗമം കൊണ്ടു മേ

അനുപല്ലവി

ദുരിതങ്ങൾ നശിപ്പാനും സുകൃതങ്ങൾ ലഭിപ്പാനും
പരമൊരുവഴിപാർത്താൽ സുജനസംഗമമല്ലോ.
(പരി)

---

പദം 18

1. കാരുണ്യകരം–കാരുണ്യത്തെ നൽകുന്നവനെ. കലയേ–ധ്യാനിക്കുന്നു.

2. ജഗ....ഹാരം–ലോകത്തിൻെറ സൃഷ്ടി മുതലായ വിധാനങ്ങളാകുന്ന വിഹാരങ്ങളോടു കൂടിയവനെ. (സൃഷ്ടിസ്ഥിതിസംഹാരാദികൾ ലീലകളായിട്ടുള്ളവൻ എന്നു സാരം) ജനി.....പാരം–ജനനമരണമാകുന്ന സംസാരസാഗരത്തിനു മറുകരയായിട്ടുള്ളവനെ.

3. മുനി......താരം–മുനികളുടെ മനസ്സാകുന്ന താമരകൾക്കു സൂര്യനായുള്ളവനെ. മൃത്യു......കുമാരം–മരണത്തിൽ നിന്നും രക്ഷപ്പെടുത്തിയ മൃകണ്ഡുപുത്ര (മാർക്കണ്ഡ) നോടുകൂടിയവനെ മൃഡം–ശിവനെ. അഖി.... മന്ദാരം–എല്ലാ അഭീഷ്ടങ്ങളും ദാനം ചെയ്യുന്ന മന്ദാര (കല്പവൃക്ഷ) മായിട്ടുള്ളവനെ (കലയേ എന്ന ക്രിയയോടു ഇതെല്ലാം അന്വയിക്കുന്നു.)

പദം 19.

ഭവദീയാഗമം–അങ്ങയുടെ വരവു്. ദുരി...സംഗമമല്ലോ=സജ്ജനങ്ങളുമായി സംഗമിക്കുക എന്നുള്ളതു് ദുരിതശമനത്തിനും സുകൃതലാഭത്തിനും ഉത്തമമായ ഒരു മാർഗ്ഗമാണല്ലോ എന്നു ലോകതത്വം പ്രയോഗിച്ചിരിക്കുന്നു.

പരണങ്ങൾ

1. അനഘൻ നാരദൻ തപോധനനാകും വസിഷ്ഠനും
സനകാദികളായുള്ള മുനികളെന്തു വന്നില്ല
വനജസംഭവനേകൻ ജനകനിജ്ജനങ്ങൾക്ക
പുനരെന്തിങ്ങനെതോന്നിമനസിഹന്ത വൈഷമ്യം
(പരി)

2. വാമദേവനിലേററം പ്രേമംകൊണ്ടവർക്കിന്നു
മാമകാദ്ധ്വരേ വരുവാൻ വൈമുഖ്യമുളവാകിൽ
കാമമെന്തിഹ ചേതം താമസശീലനാകും
സോമചൂഡൻെറ ഭാഗം നാമിന്നു കൊടുത്തീടാ.
(പരി)

മോഹനം—അടന്ത

പദം 20.

പല്ലവി

മംഗലമൂർത്തിയായുള്ള മഹേശനെ
മാനിച്ചു കൊൾകനല്ല

അനുപല്ലവി

ഗംഗാധരൻെറ മഹത്വമറിയാതെ
ഗർഹണം ചെയ്യുന്നതർഹതയല്ലഹോ (മംഗല)

---

1. അനഘൻ=പാപരഹിതൻ. വന.......ജ്ജനങ്ങൾക്ക്=നാരദൻ തുടങ്ങിയ മുനിജനങ്ങൾക്കും ദക്ഷനും ബ്രഹ്മാവു് ആണല്ലോ അച്ഛൻ. പിന്നെന്താണു് അവരെല്ലാം വരാത്തതു്? മനസിഹന്ത വൈഷമ്യം=മനസ്സിൽ വല്ലാത്ത വിഷമതയുണ്ടായിരിക്കുന്നു.

2. വാമദേവൻ=ശിവൻ. മാമകാദ്ധ്വരേ=എൻെറ യാഗത്തിൽ. താമസശീലന=തമോഗുണത്തോടുകൂടിയവൻ (ശിവൻ).

പദം 20.

ഗർഹണംചെയ്യുക=നിന്ദിക്കുക. അർഹതയല്ല=അനുയോജ്യമല്ല.

ചരണങ്ങൾ

1. അന്തകന്റെ ചിന്ത ഹന്ത കളഞ്ഞതും
ദന്തിവരാസുരകൃന്തനം ചെയ്തതും
അന്തരംഗം തന്നിൽ ചിന്തിച്ചു കാൺകിൽ പു-
രാന്തകവൈഭവമെന്തിഹ ചൊല്ലേണ്ടു (മംഗല)

2. സന്തതമീശ്വരൻ ശാന്തനെന്നാകിലും
ഹന്ത കോപിച്ചാൽ കല്പാന്താനലൻ പോലെ
സന്തോഷിച്ചാലീശൻ സന്താനശാഖിപോ-
ലെന്തെങ്കിലും ഭക്ത ചിന്തിതം നൽകീടും (മംഗല)

3. കുടിലമാനസനാകും നിടിലലോചനൻ സന്ധ്യാ
നടനാകുമവനേററം പട്ടതയുണ്ടളിവേൻ ഞാൻ
കട്ടക്കും കോപമെന്നുള്ളിൽ കിടക്കകൊണ്ടു-
[ധൂന്നാധൂർ-
ജ്ജടിക്കുയജ്ഞഭാഗം ഞാൻ കൊടുക്കയില്ല
നിർണ്ണയം

പല്ലവി

ഗുണദോഷമാരുമതിനിന്നു പറയേണ്ട
കുതുകമില്ല മേ കേൾപ്പാനും.

2. ഭുവനമാന്യനായുള്ള ഭവനാകും ഭഗവാങ്കൽ
അവകാനം തുടങ്ങുന്ന തവ യാഗം മുടങ്ങീടും
അവിവേകാൽ നിനക്കുള്ള ഭവിതവ്യം തടുക്കാമോ
ശിവ ശിവ തവ പാദം ശിവദം ഞാൻ
വണങ്ങുന്നേൻ (മംഗല)

---

ദന്തികൃന്തനം=ഗജാസുരവധം. അന്തരംഗം=മനസ്സ്. കല്പാന്താനലൻ=പ്രള യാഗ്നി. സന്താനശാഖി=കല്പവൃക്ഷം. നിടിലലോചനൻ=നിടില(നെററി) ത്തിൽ കണ്ണുള്ളവൻ (ശിവൻ) സന്ധ്യാനടൻ=സന്ധ്യാകാലത്തു് നടനം ചെയ്യുന്നവൻ (നടരാജൻ) ധൂർജ്ജടി=ശിവൻ, ഭവൻ=ശിവൻ. ഭവി തവ്യം=ഭവിക്കാനുള്ളതു് (വരാനുള്ളതു്)

ശ്ലോകം 25.

മുഖാരി—പഞ്ചാരി

ഇത്യുക്ത്വാ ഗതവതി താപസേ ദധീചൌ
ബുദ്ധ്വൈതൽ കലഹപരായണോ മുനീന്ദ്രഃ
കൈലാസം ഗിരിമഥ നാരദഃ പ്രപേദ
കാലാരിർമ്മുദിതമനാ ജഗാദ ചൈനം.

പദം 21.

പല്ലവി

താപസേന്ദ്ര കേൾക്ക മേ ഗിരം.

ചരണങ്ങൾ

1. എന്തുവിശേഷങ്ങളുണ്ടു ജഗത്ത്രയേ
ഇന്ന ഭവാനറിയാതെയില്ലൊന്നുമേ
ഹന്ത തവാഗമം ചിന്തിച്ചുവാഴുമ്പോ–
ളന്തികേ വന്നതും സന്തോഷമായി മേ. (താപ)

2. സർവൈകസാക്ഷി ഭവാനറിഞ്ഞീടാതെ
സാമ്പ്രതമൊന്നുമില്ലെങ്കിലും ചൊല്ലുവൻ
ദുർവാരഗർവാന്ധനാകിയ ദക്ഷന്റെ
ദുർഭാഷണങ്ങൾ ഞാനെങ്ങനെ ചൊല്ലേണ്ടു?

---

ശ്ലോകം 25

ഇത്യുക്ത്വാ=ഇങ്ങനെ പറഞ്ഞിട്ടു് താപസേ ദധീചൌ ഗതിവതി–ദധീചി മുനിപോയപ്പോൾ. കലഹപരായണോ മുനീന്ദ്രഃ നാരദഃ–കലഹത്തിൽ തല്പരനായ നാരദമുനീന്ദ്രൻ. ഏതൽബുദ്ധ്വാ–ഈ വിവരം (ശിവനു് യജ്ഞഭാഗം കൊടുക്കില്ലെന്ന ദക്ഷനിശ്ചയം) അറിഞ്ഞിട്ടു്. കൈലാസം ഗിരിവരം പ്രപേദ–കൈലാസപർവ്വതത്തെ–പ്രാപിച്ചു. അഥ–പിന്നീടു്. കാലാരി–ശിവൻ. മുദിതമനാഃ–സന്തുഷ്ടനായി ഏനംജഗാദച–ഈ നാരദനോടു് പറയുകയും ചെയ്തു.

പദം 21.

ദുർവ്വാരഗർവ്വാന്ധൻ–തടയാനാവാത്ത വണ്ണം അഹങ്കാരംകൊണ്ടു് അന്ധനായവൻ. ശിഷ്ടന്മാർ–സത്തുക്കൾ;

പല്ലവി

ചന്ദ്രചൂഡ കേൾക്ക മേ ഗിരം

3. ഇക്കാലമങ്ങൊരു യാഗം തുടങ്ങിപോൽ
സൽക്കാരഭാഗം ഭവാനതിന്നില്ലപോൽ
ധിക്കരിക്കുന്നു ഭവാനെയെന്നുള്ളതും
തൃക്കാൽവണങ്ങീട്ടുണർത്തിപ്പാൻ വന്നു ഞാൻ
(ചന്ദ്ര)

4. ദുഷ്ടന്മാർചെയ്യുന്ന ദുഷ്കർമ്മത്തിൻഫലം
പെട്ടെന്നനുഭവിച്ചീടുമവർതന്നെ
ശിഷ്ടന്മാർ നിങ്ങൾക്കു പക്ഷപാതമെന്നി-
ലൊട്ടല്ലതുകൊണ്ടു തോന്നീടുമിങ്ങനെ. (താപ)

ശ്ലോകം

എരിക്കുറ കാമോദരി—ചെമ്പട

ഇതീരിതവതീശ്വരേ കൃതനതൗ ഗതേ നാരദേ
ക്രതൂത്സവമഥോർജ്ജിതംപിതുരതീവ സാ വീക്ഷിതും
കുതൂഹലവതീ തദാഖിലസതീശിരോമാലികാ
സതീ ഭഗവതീ നിജം പതിമുവാച പാദാനതാ.

പദം 22.

പല്ലവി

ലോകാധിപ കാന്ത കലണാലയ വാചാ-
മാകർണ്ണയമേ ശംഭോ!

---

പദം 22.

മേവാചം ആകർണ്ണയ=എന്റെ വാക്കു കേട്ടാലും. ആകാംക്ഷ-അഭിലാഷം. തത്ര-അവിടെ. സത്രം-യാഗം.

ശ്ലോകം 26

ഈശ്വരേ ഇതി ഈരിതവതി-ഈശ്വരൻ (ശിവൻ) ഇങ്ങനെ പറഞ്ഞപ്പോൾ കൃതനതൗ നാരദേ-നമസ്കരിച്ചവനായ നാരദൻ. ഗതേ=പോയപ്പോൾ. പിതുഃ ഊർജ്ജിതം ക്രതൂത്സവം വീക്ഷിതും-പിതാവിന്റെ കേമമായ യാഗോത്സവം കാണുന്നതിന്ന്. അതീവ കുതൂഹലവതീ-ഏററവും കൗതുകമുണ്ടായവളായ, അഖില... മാലികാ-എല്ലാപതിവ്രതകൾക്കും ശിരോലങ്കാരരായ, സാസതി-ആ സതീദേവി. നിജംപതിം-തന്റെ ഭർത്താവിനോട്. പാദാനതാ-കാലിൽ കുമ്പിട്ടുകൊണ്ട്. ഉവാച-പറഞ്ഞു.

അനുപല്ലവി

ആകാംക്ഷയൊന്നെൻെറ മനതാരിൽ വളരുന്നു
അതിനനുവദിക്കേണമാശ്രിതജനബന്ധോ(ലോകാ)

ചരണങ്ങൾ

1. ഇന്നു മേ ജനകൻചെയ്യുന്ന യാഗഘോഷങ്ങൾ
ചെന്നുകണ്ടുവരുവാനെന്നിൽനിൻകൃപവേണം
എന്നുടെ സോദരിമാരെല്ലാപേരുമവിടെ
വന്നീടുമവരേയും വടിവിൽ കണ്ടീടാമല്ലോ
(ലോകാ)

2. തത്രഞാൻഗമിച്ചെങ്കിൽതാതനുള്ള വിദ്വേഷം
അത്രയുമകന്നീടുമത്രമാത്രവുമല്ലാ
എത്രയും പരിതോഷമെല്ലാക്കുമുളവാകും
സത്രവും വഴിപോലെ സഫലമായ് ഭവിച്ചീടും
(ലോകാ)

പദം 23

പന്തുവരാടി—ചെമ്പട

ഖണ്ഡം

1. കുവലയവിലോചനെ കുമതിയാകിയ ദക്ഷൻ
ഹവകഥകഥനമേമ്മാടറിയിക്കാതിരിക്കമ്പോൾ
ഭവതിയങ്ങുചെന്നെങ്കിൽപലരുംകേൾക്കവെപാര-
മവമാനിച്ചയച്ചീടുമതിനില്ല സന്ദേഹം.

പല്ലവി

ബാലേ മൃദുതരശീലെ ദയിതേ മേ
ഭാഷിതമിതുകേൾക്ക നീ

---

പദം 23.

കുമതി=ദുർബ്ബുദ്ധി. ഹവകഥ കഥ=യാഗംനടത്തുന്നു എന്ന വിവരം

ശ്ലോകം 27.

സാരംഗം—മുറിയടന്ത

യജ്ഞാലോകനകൌതുകാൽ സ്വയമനാ-
ദൃത്യൈവ പത്യുർഗ്ഗിരം
പ്രസ്ഥായ പ്രമഥൈസ്സമം നിജപുരീ-
മഭ്യാഗതാന്താം സതീം
ദൃഷ്ട്വാ ഹൃഷ്ടസുരാംഗനാഭിരഭിതോ
ജുഷ്ടാം സ ദക്ഷോധികം
രുഷ്ടോ ഘൂർണ്ണിതദൃഷ്ടിനിഷ്ഠുരതരം
വ്യാചഷ്ട ദുഷ്ടാശയഃ

പദം 24

പല്ലവി

യാഗശാലയിൽ നിന്നുപോക ജവാൽ ഭൂതേശദയിതേ
യാഗശാലയിൽ നിന്നു പോക ജവാൽ

അനുപല്ലവി

ആഗമിപ്പതിനാരു ചൊന്നതു
ഹന്ത നിന്നോടു കുടിലശീലേ? (യാഗ)

---

ശ്ലോകം 27.

യജ്ഞാ....കാൽ=യാഗം കാണാനുള്ള സന്തോഷത്താൽ. പത്യുർഗ്ഗിരം അനാദൃത്യ=ഭർത്തൃവാക്യത്തെ ആദരിക്കാതെ സ്വയംഏവ=തനിയേതന്നെ (സ്വമനസ്സാലെ) പ്രമഥൈഃസമം=ഭൂതഗണങ്ങളോടു കൂടി. പ്രസ്ഥായ=പുറപ്പെട്ടു്. നിജപുരീം അഭ്യാഗതാം (തൻെറ പട്ടണത്തിൽ വന്നവളും), ഹൃഷ്ടസുരാംഗനാഭിഃ ജുഷ്ടാം=സന്തുഷ്ടകളായ ദേവസ്ത്രീകളാൽ സേവിക്കപ്പെട്ടവളുമായ താം സതീം=ആ സതിയെ ദൃഷ്ട്വാ=കണ്ടിട്ടു് സഃ ദക്ഷഃ=ആ ദക്ഷൻ അധികം രുഷ്ടഃ=വളരെ കുപിതനും ദുഷ്ടാശയഃ=ദുഷ്ടാശയനും ആയി, ഘൂർണ്ണി...തരം=ചുഴററപ്പെട്ട കൺമണികളാൽ അധികം ഭയമാകും വിധത്തിൽ വ്യാചഷ്ട=പറഞ്ഞു.

പദം 24.

ജവാൽ=ഉടൻതന്നെ(വേഗം) ഭൂതേശ ദയിതേ=ശിവൻെറ ഭാര്യയായവളേ (ഭൂതേശൻ എന്ന പദവും ഭൂതേശദയിതേ എന്ന സംബുദ്ധിയും പ്രകൃത

ചരണങ്ങൾ

1. പ്രീതി നിന്നിലെനിക്കു നഹി ഗത-
നീതിയാം തവ പതിയിൽ നിന്നൊരു
ഭീതി തെല്ലുമതില്ല നിന്നുടെ
താതനും ഞാനല്ല സമ്പ്രതി (യാഗ)

പുന്നാഗവരാളി—അടന്ത

2. അഷ്ടമൂർത്തിയെ നിന്ദചെയ്തു
കഷ്ടമെന്തിതു തോന്നിയതു ഹൃദി?
വിഷ്ടപേശവിരോധമിഹ തവ
ദിഷ്ടദോഷവശേന വന്നിതു

പല്ലവി

താത ദുർമ്മതേ നല്ലതല്ലിതുതേ കേൾക്ക മേവചനം
താത ദുർമ്മതേ നല്ലതല്ലിതു തേ

3. ഇത്തരം മദമോടു നിന്നുട-
നുത്തരം പറയുന്ന നിന്നെ
സത്വരം ഭൃത്യരെക്കൊണ്ടു പു-
റത്തിറക്കുവനെന്നതറിക നീ. (യാഗ)

ശ്ലോകം 28.

മുഖാരി—ചെമ്പട

ശ്രുത്വാ പിതുഃ ശ്രുതിവിരോധി വചസ്തദാ സാ
ഗത്വാ സതീ രജതഭൂമിധരം ജവേന

---

ത്തിൽ എത്രമാത്രം യുക്തമായിരിക്കുന്നു എന്നു കാണുക.) ഗതനീതി=നീതിയില്ലാത്തവൻ. വിഷ്ടപേശവിരോധം=ശിവനോടുള്ള പക. ദിഷ്ടദോഷവശേന=ഭാഗ്യദോഷത്താൽ.

ശ്ലോകം 28.

സാ സതീ=ആ സതീ. പിതുഃ=പിതാവിൻെറ (ദക്ഷൻെറ) ശ്രുതിവിരോധി വചഃ (കർണ്ണകഠോരമായ വാക്കുകൾ) ശ്രുത്വാ=കേട്ടിട്ട്. തദാ=അപ്പോൾ രജതഭൂമിധരം ജവേനഗത്വാ=കൈലാസപർവ്വതത്തെ വേഗത്തിൽ പ്രാപിച്ചിട്ട്.

നത്വാ ഹ്രിയാ ഹൃദി ഭിയാപിരുഷാ ശുചാ ച
സ്ഥിത്വാ പുരഃ പുരഹരം ഗിരമിത്യുവാച.

പദം 25.

പല്ലവി

തിങ്കൾമൌലേ കേൾക്ക വാചം
ദേവദേവ മേ.

അനുപല്ലവി

എങ്കലുള്ളോരപരാധം
എല്ലാം നീ താൻ സഹിക്കണം (തിങ്കൾ)

ചരണങ്ങൾ

1. മാനനീയം തവ വാക്യം മാനിയാതെ പോകമൂലം
മാനഭംഗം വന്നീവണ്ണം മാമകവല്ലഭ ശംഭോ
(തിങ്കൾ)

2. ഹന്ത താതനെന്റെ മാനഹാനി ചെയ്തതിനില്ലാർത്തി
നിന്തിരുവടിയെക്കൂടെ നിന്ദിപ്പതുസഹിയാ ഞാൻ
(തിങ്കൾ)

3. താമസശീലനാകുന്ന ദക്ഷനെക്കൊല്ലുവാനേതും
താമസിച്ചീടൊല്ല മമ താതനവനല്ലിനിമേൽ
(തിങ്കൾ)

പദം 26. ഭൈരവി-ചെമ്പട

പല്ലവി

സന്താപമരുതരുതേ ചെന്താമരേക്ഷണേ! തവ
സന്തോഷം വരുത്തുന്നുണ്ടു ഞാൻ–വൈകാതെമദ–
ദന്താവളരാജഗമനേ!

---

ഹ്രിയാ=ലജ്ജയാലും, ഹൃദിഭിയാ=ഹൃദയത്തിൽ ഭീതിയാലും, രുഷാശുചാ അപിച=രോഷത്താലും ശോകത്താലും പുരഹരം=ശിവനോടു്. പുരഃസ്ഥിത്വാ=മുമ്പിൽനിന്നുകൊണ്ടു്, ഇതിഗിരം ഉവാച=ഇങ്ങനെ പറഞ്ഞു. യാഗശാലയിൽവച്ചു് പരസ്യമായി അപമാനിച്ചതിൽ കോപം, തനിക്കു് ഇതുവന്നല്ലോ എന്നു ശോകം, ഭർത്തൃവാക്യം അനാദരിച്ചാൽ അദ്ദേഹം കോപിച്ചെങ്കിലോ എന്നു മനസ്സിൽ ഭീതി, പോയകാര്യം സാധിക്കാതെ വന്നതിലുള്ള ലജ്ജ എന്നീ വിവിധവികാരങ്ങൾ ഇവിടെ വെളിപ്പെടുത്തിയിട്ടുണ്ടു്.

അനുപല്ലവി

അന്തമില്ലിതിനന്തകരിപു തവ
ചിന്തിതഘടനേ സന്തതകുതുകീ (സന്താപ)

ചരണങ്ങൾ

1. കൊണ്ടൽവേണി! നിനക്കുള്ളിൽ കുണ്ഠിതമുണ്ടാമെ [ന്നോർത്തു
മിണ്ടാതെകണ്ടിങ്ങുവാണേൻഞാൻ—കണ്ടുകൊൾക
തൽകണ്ഠകൃന്തനം ചെയ്യിപ്പിപ്പൻ
പ്രമഥഗണാനലനടുവതിലവനൊരു
തൃണമിവ സപദി പതിപ്പതു കാൺക. (സന്താപ)

2. ദുഷ്ടനാകുമവൻ ചൊന്ന ദുർവാക്കുകൾ കേട്ടു പാര-
മിഷ്ടരായ് മോദിച്ചവരുടെ—ഗർവമിന്നു
നഷ്ടമാക്കീട്ടവനാശു ഞാൻ
കുടിലമതികളുടെ കുസൃതികൾ കളവാൻ
നിടിലനയനനൊരു തടവിഹ നഹി നഹി.
(സന്താപ)

3. ഉൽക്കൂലാഹംകാരമൂലമുൾക്കാമ്പിൽ ബോധം വെ [ടിഞ്ഞു
ധിക്കാരം ചെയ്യുന്ന ദക്ഷന്റെ—ദുർമ്മദം തീർപ്പാ-
നിക്കാലം സംഗതിവന്നഹോ.
ചക്ഷുഃശ്രവണൻ ചീറി വരുന്നതു
പക്ഷിപ്രവരനു ഭക്ഷണകാലം. (സന്താപ)

---

പദം 25—26.

മാനനീയം=മാനിക്കപ്പെടേണ്ടതു്. മദ........ഗമനേ=മദദന്താവള രാജനെ (മദയാനത്തലവനെ) പ്പോലെ നടക്കുന്നവളേ! അന്തര...കുതുകീ=നിന്റെ ആഗ്രഹംപോലെ സാധിപ്പിച്ചുതരുന്നതിനു് ഈ ശിവൻ എന്നും തല്പരനാണെന്നതിൽ സംശയമില്ല. കണ്ഠകൃന്തനം=കണ്ഠത്തെഛേദിക്കുക. പ്രമഥ......തൃണമിവ=ഭൂതഗണമാകുന്ന അഗ്നിയുടെ ഇടയിൽ ഒരു പുൽക്കൊടിയെന്നപോലെ (ഉപമ.) ഉൽക്കൂലാഹങ്കാരം=അകം നിറഞ്ഞു് കരകവിയുന്ന അഹങ്കാരം. ചക്ഷുഃശ്രവണൻ=സർപ്പം. പക്ഷിപ്രവരൻ=ഗരുഡൻ. (അപ്രസ്തുതപ്രശംസ.)

ശ്ലോകം 29. സാരംഗം—ചെമ്പട

തല്ക്കാലോദ്യൽപ്രകോപത്രിപുരഹരലലാ-
ടാക്ഷിരൂക്ഷാഗ്നിജാതോ
ബിഭ്രദ്ദോർഭിർമ്മഹൽഭിഃസ്ത്രിശിഖമുഖമഹാ-
ശസ്ത്രജാലാന്യഭീക്ഷ്ണം
രുദ്രാണീസൃഷ്ടയാദ്രിപ്രതിഭടവപുഷാ,
ഭദ്രകാള്യാ സമേതോ
രൌദ്രാത്മാ വീരഭദ്രഃ പ്രളയഘനരവോ-
രുദ്രമിത്യാചചക്ഷേ.

പദം 27 പല്ലവി

ശങ്കര ജയ ഭഗവൻ ഭഗവൽപാദ
പങ്കജമിഹ വന്ദേ.

അനുപല്ലവി

കിങ്കരനായിട്ടുമെന്നാലധുനാ
കിംകരണീയമതരുൾചെയ്യേണം. (ശങ്കര)

ചരണങ്ങൾ

1. ദനുജാദിതിതനുജാഖില
മനുജാദിഭുവനജാൻ
ഗിരീശ നിങ്കലരിശമുള്ളവരേയിഹ
കണ്ടുകൊൾക കൊണ്ടുവരുവനചിരാൽ (ശങ്കര)

---

ശ്ലോകം 29.

തൽക്കാലോ····ജാതോ=അപ്പോഴാകട്ടെ വല്ലാതെ കുപിതനായിത്തീൎന്ന ശിവന്റെ മൂന്നാം കണ്ണിലെ ജ്വാലാധിക്യമാൎന്ന അഗ്നിയിൽനിന്നും ജനിച്ചവനും, ത്രിശിഖമുഖമഹാശസ്ത്രജാലാനി=ശൂലംതുടങ്ങിയ മഹാശസ്ത്രങ്ങളെ, അഭീക്ഷ്ണം=ഇടയില്ലാതെ=കഴിവില്ലാതെ, മഹദ്ഭിഃദോർഭിഃ ബിഭ്രൻ=മഹത്തുക്കളായ കൈകൾ കൊണ്ടു് ധരിക്കുന്നവനും, രുദ്രാണീസൃഷ്ടയാ=സതിയാൽ സൃഷ്ടിക്കപ്പെട്ടവളും, അദ്രിപ്രതിഭടവപുഷാ=പർവ്വതസമാനമായ ശരീരത്തോടുകൂടിയവളുമായ, ഭദ്രകാള്യാസമേതോ=ഭദ്രകാളിയോടുകൂടിയവനും, രൗദ്രാത്മാ=രൗദ്രസ്വരൂപനും ആയ വീരഭദ്രഃ=വീരഭദ്രൻ, പ്രളയഘനരവഃ=കല്പാന്തമേഘത്തിന്റെ നാദംപോലുള്ള നാദത്തോടുകൂടിയവനായി, രുദ്രം=ശിവനോടു്, ഇതി ആചചക്ഷേ=ഇപ്രകാരം പറഞ്ഞു.

2. സ്ഥലമാം കടൽ വിലമാം ഗിരി
ജലമാം ക്ഷിതിതലവും
അടിയനോക്കിലുടനശേഷജഗദപി
തടവതില്ല ഝടിതി പൊടിപൊടിപ്പൻ. (ശങ്കര)

3. പുരശാസന വരശോണിത
പരിശോഭിതപരശോ
ഹരഗിരീശ കുരു നിദേശമെന്തധുനാ
മയാ വിധേയമായതീശ്വര? (ശങ്കര)

4. നളിനാസനസുതനാകിയ
ജളനെൻമഖഭാഗം
തന്നീടായ്കിൽ നിന്ദ്യനായ ദക്ഷനെ
യിന്നുചെന്നുകൊന്നുവന്നീടേണം

പല്ലവി

വീരഭദ്രഭദ്രേ നിങ്ങൾക്കിഹ
ഭൂരിഭദ്രമുളവാം.

ശ്ലോകം 30.

ഘണ്ടാരം—മുറിയടന്ത

സഹസ്രമൂർദ്ധാദ്വിസഹസ്രബാഹുഃ
സവീരഭദ്രസ്സഹ ഭദ്രകാള്യാ

---

പദം 27.

കരണീയം—ചെയ്യപ്പെടേണ്ടതു്. കിം—എന്തു്?

1. ദനു...ജാൻ-ദനുജ+അദിതി തനുജ+അഖിലമനുജ+ആദിഭുവനജാൻ—അസുരന്മാർ; ദേവന്മാർ എന്നിവരേയും, മനുഷ്യർ തുടങ്ങി ലോകത്തിലുള്ളവരേയും, ഗിരീശൻ—ശിവൻ. അരിശം—കോപം. അപിരാൽ—താമസമെന്യേ. 2. വിലം—പോതു്, തുരപ്പു്. അശേഷ ജഗദപി—ലോകംമുഴുവൻ തന്നെയും. 3. പുരശാസനൻ പുരമഥനനായ ശിവൻ. പര...പരശ്വ—പരന്മാരുടെ (ശത്രുക്കളുടെ) ചോരയാൽ ഏററവും ശോഭിച്ച മഴുവോടുകൂടിയവൻ. മയാവി ധേയമായതെന്തു്?—എന്നാൽ ചെയ്യപ്പെടേണ്ടതെന്താണു? നിദേശംകുരു—ആജ്ഞാപിച്ചാലും.

ഭൂരിഭദ്രം—വർദ്ധിച്ച മംഗളം.

തദാ തപസ്വസൃഷ്ടൈർവിവിധൈർഗ്ഗണൌഘൈ-
സ്സമാവൃതോ ദക്ഷപുരിം രുരോധ.

പദം 28.

ഖണ്ഡങ്ങൾ

1. അന്തകാന്തകവൈഭവം ഹൃദി
ചിന്തിയാതെ മദാന്ധനായ്
ഹന്ത നിന്ദിതസപ്തതന്തുവി-
ധം തുടന്നവനാരെടാ.
2. നിടിലനയനന്നു വിഹിതമിഹ മഖ-
ഭാഗമിന്നു തരായ്കിലോ
കുടില നിന്നുടെ മഖമൊട്ടുടലപി
വടിവൊടിഹ പൊടിയാക്കുവൻ
3. ദക്ഷഭുജബലമക്ഷതം ഗ്രഹി-
യാതെവന്നിതു ചൊൽകിലോ
ഇക്ഷണം ബഹുപക്ഷികൾക്കിഹ
ഭക്ഷ്യമായ്‌വരുമറിക നീ
4. ചുടലയതിൽ നടമാടി നീളെ ന-
ടന്നിടുന്ന കപാലിയാം

---

ശ്ലോകം 30.

സഹസ്രമൂർദ്ധാ—ആയിരം തലയുള്ളവനും ദ്വിസഹസ്രബാഹുഃ—രണ്ടായിരം കയ്യുള്ളവനും ആയ സവീരഭദ്രഃ—ആ വീരഭദ്രൻ തദാ—അപ്പോൾ. വിസൃഷ്ടൈഃ—വിടപ്പെട്ടവരായ. വിവിധൈ—ഗണൗഘൈ—പലമാതിരിരിയിലുള്ള ഭൂതഗണങ്ങളാൽ, സമാവൃതഃ—ചുററപ്പെട്ടവനായി, ഭദ്രകാള്യാ:സഹ—ഭദ്രകാളിയോടുകൂടി. ദക്ഷപുരിം—ദക്ഷൻെറ പട്ടണത്തെ, രുരോധ—എതിർത്തു. (രോധിച്ചു.)

പദം 28.

നിന്ദിത...വിധം—നിന്ദ്യമായ യാഗച്ചടങ്ങുകൾ ഉടലപി—ശരീരംകൂടിയും അക്ഷതം—അന്യൂനമായ (ഭുജബലത്തിൻെറ വിശേഷണം) കപാലി—തലയോട്ടിയോടുകൂടിയവൻ. വിദ്രുതം—പെട്ടെന്നു്, കുമതികൾ—അക്രമികൾ സദസി—സദസ്സിൽ

കുടിലനദ്ധ്വരഭാഗമിന്നു കൊ-
ടുക്കയില്ലതു നിർണ്ണയം.

5. രുദ്രവല്ലഭസതിയയച്ചോരു
ഭദ്രകാളിയതായ ഞാൻ
വിദ്രുതം തവ രക്തധാര കു-
ടിച്ചിടാതെയടങ്ങുമോ?

6. സതിയൊടവമതിപലതുമിങ്ങു
പറഞ്ഞതും ചില കുമതികൾ
സദസി കേട്ടുരസിച്ചതും ബത
സാധു ശിവ ശിവ നന്നഹോ

ശ്ലോകം 31

ക്രുദ്ധഃശ്രീവീരഭദ്രഃ ത്രിഭുവനമഖിലം
കമ്പയന്നട്ടഹാസൈർ-
ദ്ദക്ഷസ്യാഹൃത്യശീർഷം കരലസദസിനി
ദക്ഷിണാഗ്നൗ ജുഹാവ
ത്ര്യക്ഷാധിക്ഷേപവാദശ്രുതിസമയധൃതാ-
നന്ദവൃന്ദാരകാണാം
ചക്രേവൈകല്യമംഗേഷ്വധികമതിജവാ-
ദദ്ധ്വരം ചാപ്യഭാങ്ക്ഷീൽ

---

ശ്ലോകം 31.

ക്രുദ്ധഃശ്രീവീരഭദ്രഃ-കുപിതനായിത്തീർന്ന വീരഭദ്രൻ. ത്രിഭുവനമഖിലം അട്ടഹാസൈഃകമ്പയൻ-മൂന്നു ലോകങ്ങളും അട്ടഹാസം കൊണ്ടു് വിറപ്പിക്കുന്നവനായി, കരലസദസിനാ-കയ്യിൽ തിളങ്ങിയ വാളിനാൽ, ദക്ഷസ്യ ശീർഷം-ദക്ഷൻെറ തല, ആഹൃത്യ-ആഹരിച്ചിട്ടു് (എടുത്തിട്ടു്) ദക്ഷിണാഗ്നൗജുഹാവ യാഗാഗ്നിയിൽ ഹോമിച്ചു. ത്ര്യക്ഷാ···കാണാം-ശിവനെ അധിക്ഷേപിച്ചുകൊണ്ടുണ്ടായ സംഭാഷണം കേട്ടപ്പോൾ ആനന്ദിച്ചവരായ വൃന്ദാരകന്മാൎക്കു് (ദേവന്മാൎക്കു്) അംഗേഷു-അവയവങ്ങളിൽ, അധികം വൈകല്യം-ന്യൂനതകളേയും ചക്രേ-ചെയ്തു. അതിജവാൻ-വളരെ വേഗം, അദ്ധ്വരം അപി-യാഗത്തേയും, അഭാങ്ക്ഷീൽ-ഭഞ്ജിച്ചു; മുടക്കി. (ച+അപി+അഭാങ്ക്ഷീൽ-ചാപ്യ ഭാങ്ക്ഷീൽ.)

ശ്ലോകം 32.

മലഹരി—പഞ്ചാരി

അത്രാന്തരേ ദിവ്യവൃഷാധിരൂഢ-
സ്സത്യാസമേതോ ഭഗവന്മഹേശ:
തത്രാവിരാസീത്സകലേശ്വരന്തം
ഭക്ത്യാ നമന്തോ നുനുവുസ്സുരേന്ദ്രാ:

പദം 29.

പല്ലവി

നീലകണ്ഠ പാഹി പാഹി നിർമ്മലാകൃതേ!

അനുപല്ലവി

കാലകാല തേ നമോസ്തു കരുണചെയ്ക ഞങ്ങളിൽ.
(നീല)

ചരണങ്ങൾ

1. നിത്യവും തവാജ്ഞകൊണ്ടു നിജനിജാധികാരവി
[ഹിത-
കൃത്യമോടു വാണിടുന്നു കേവലം വയം വിഭോ
(നീല)

2. ദക്ഷനുള്ളിലേററമുള്ള ദർപ്പമിന്നുതീർപ്പതിന്നു
ശിക്ഷചെയ്തതുചിതമേവ ശിവ ദയാപയോനിധേ!
(നീല)

---

ശ്ലോകം 32.

അത്രാന്തരേ= ഈ സമയത്തു്, മഹേശഃ=ശിവൻ, ദിവ്യവൃഷാധിരൂഢഃ=ദിവ്യമായ കാളപ്പുറത്തു് കയറിയവനായും, സത്യഃസമേതഃ=സതിയോടുകൂടിയവനായും, തത്ര=അവിടെ, യാഗശാലയിൽ, ആവിരാസീൽ=പ്രത്യക്ഷപ്പെട്ടു. സുരേന്ദ്രാ:=ദേവശ്രേഷ്ഠന്മാർ, തംസകലേശ്വരം=ആശിവനെ, ഭക്ത്യാനമന്തഃ=ഭക്തിയോടെ നമസ്കരിച്ചുകൊണ്ടു് നുനുവുഃ=സ്തുതിച്ചു.

പദം 29.

തേ നമോസ്തു=അങ്ങക്കായിക്കൊണ്ടു് നമസ്കാരം ഭവിക്കട്ടെ. നിജ... കൃത്യമോടു്=അവരവക്കു കല്പിക്കപ്പെട്ടിട്ടുള്ള അധികാരകൃത്യത്തോടു് വയം=ഞങ്ങൾ.

3. വിധിസുതന്റെ ജീവിതത്തെ വിരവൊടിങ്ങു
[ചേൎത്തു യജ്ഞെ
വിധിവിരോധമാശ്രുതീൎത്തുകാത്തുകൊൾക കരുണ
യാ (നീല)

ശ്ലോകം 33. ഇന്ദിശ

അലമമരവരാഃ പരം വിഷാദൈ-
രഹമധുനാ യദിഹാസ്മി സുപ്രസന്നഃ
അജസുതമജമസ്തകം സജീവം
സപദി വിധായ ച പൂരയാമി യജ്ഞം.

ശ്ലോകം 34.

ഭൂപാളം—അടന്ത

ദക്ഷസ്തൽക്ഷണമേവ മേഷശിരസാ സംയുക്ത
[കണ്ഠസ്ഥല-
സ്ത്ര്യക്ഷാനുഗ്രഹജീവിതോഹ്രവിധിവൽസംപൂൎയ്യ
[യജ്ഞോത്സവം

---

ശ്ലോകം 33.

അഹം അധുനാഇഹ സുപ്രസന്നഃയദസ്മി=ഞാൻ ഇപ്പോൾ ഇവിടെ അതിസന്തുഷ്ടനായിരിക്കുന്നതിനാൽ, അമരവരാഃ=അല്ലയോ ദേവവരന്മാരേ! പരം വിഷാദൈഃ അലം=വളരെ വിഷാദിക്കേണ്ടതില്ല. അജസുതം=ദക്ഷനെ അജമസ്തകം കൃത്വാ=ആടിന്റെ തലയുള്ളവനാക്കീട്ടു, സജീവം വിധായ=ജീവനുള്ളവനാക്കിച്ചെയ്തിട്ടു്, സപദി=വേഗത്തിൽ, യജ്ഞം പൂരയാമിച=യാഗം ഞാൻ പൂൎണ്ണമാക്കുന്നുമുണ്ടു്.

ശ്ലോകം 34.

അഥ മേഷശിരസാ സംയുക്തകണ്ഠസ്ഥലഃ=അനന്തരം ആട്ടിൻതല കൊണ്ടു് യോജിക്കപ്പെട്ട കഴുത്തോടുകൂടിയവനും, ത്ര്യക്ഷാ........വിതഃ=ശിവന്റെ അനുഗ്രഹത്താൽ ജീവിതമുള്ളവനും ഹൃഷ്ടാശയഃ=സന്തോഷമുള്ളവനുമായ, ദക്ഷഃ=ദക്ഷൻ തൽക്ഷണം ഏവ=ഉടനേതന്നെ, യജ്ഞോത്സവം വിധിവത്സംപൂൎയ്യ=യാഗോത്സവം വിധിപ്രകാരം പൂൎണ്ണമാക്കിയിട്ടു ഖട്വാംഗാദിലസൽക്കരം=ദണ്ഡം മുതലായ ആയുധങ്ങളാൻ ശോഭിക്കപ്പെട്ട കരങ്ങളോടുകൂടിയവനും, ശശി.....ണ്ഡലം=ചന്ദ്രക്കലയിൽ തിളങ്ങുന്ന ജടാകലാപത്തോടുകൂടിയവനും ആയ, അഷ്ടമൂൎത്തിം=ശിവനെ, സാഷ്ടാംഗം പ്രണതഃ=സാഷ്ടാംഗം നമസ്കരിച്ചവനായി അമന്ദകം തുഷ്ടാവ=വളരെ സ്തുതിച്ചു.

ഖട്വാംഗാദിലസൽക്കരം ശശികലാഭാസ്വജ്ജടാ
[മണ്ഡലം
സാഷ്ടാംഗം പ്രണതോഷ്ടമൂർത്തിമമനാക് തുഷ്ടാവ
[ഹൃഷ്ടാശയഃ.

പദം 30.

ചരണങ്ങൾ

1. ചന്ദ്രചൂഡ! നമോസ്തുതേ. ജയ
സന്തതം ജഗദീശ!
സർവഥാ സഹനീയമേവ മമാ-
പരാധമിതീശ! ഹരഹര! വിഭോ പശുപതേ!

2. ഭക്തിനിങ്കലിനിക്ക ഹാനി വ-
രാതെ തരിക മഹേശ!
അത്ര മാം തവ ഭൃത്യനെന്നു നി-
നച്ചുകൊൾക ഗിരീശ! ഹരഹര! (വിഭോ)

3. ചിന്മയാകൃതിയായിട്ടും പര-
മാത്മരൂപ ദയാലോ!
നിന്മഹത്വമറിഞ്ഞിടുന്നതി-
നിജ്ജനം പുനരാളോ ഹരഹര! (വിഭോ)

4. മൽകുമാരി സതീ സതി തവ
ശക്തിയെന്നതറിയാതെ
ധിക്കരിച്ചതിന്നിങ്ങനുഗ്രഹ-
മേകിയതു കരുണാ തേ ഹരഹര! (വിഭോ)

---

പദം 30

1. സർവ്വഥാ=എല്ലാത്തരത്തിലും, സഹനീയം ഏവ=സഹിക്കത്തക്കതുതന്നെയാണല്ലോ.

4. സതീസതി=പതിവ്രതയായ സതി. തേ കരുണാ=അങ്ങയുടെ കാരുണ്യം,.

5. പാണിതന്നുടെ വൃത്തിവിലപ-
ദളങ്ങൾകൊണ്ടു തവാർച്ചനം
വാണിവൃത്തി മമാസ്തു തവ ഗുണ-
നാമഗണസംകീർത്തനം ജയ (വിഭോ)

6. ദുരിതഹര തവ ചരിതസുധയതു
പിബതു മേ ശ്രവണം സദാ
വരദ ശങ്കര ഗിരിശ വിഹരതു
ഭവതി മമ ഹൃദയം മുദാ ജയ (വിഭോ)

7 ഉരഗഭൂഷണ! സരസഭാഷണ!
സുജനതോഷണ പാഹി മാം
നിരയമോചന ശശിവിരോചന-
ശിഖിവിലോചന! പാഹി മാം ഹര (വിഭോ)

8. വിപദപാസന! വിഹഗവാഹന!
വിധികൃതാർച്ചന പാഹിമാം
ത്രിപുരശാസന! ഗിരിശരാസന!
വൃഷഭകേതന പാഹിമാം ഹര (വിഭോ)

---

5. വിലപദളം=കുവളത്തിന്റെ ഇല. വാണിവൃത്തി=നാവിന്റെ ജോലി. (വാക്കിന്റെ ജോലി.)

6. ചരിതസുധ=കീർത്തിയാകുന്ന അമൃതം പിബതു=കുടിക്കട്ടെ. ശ്രവണം=ചെവി.

7. നിരയമോചനൻ—നരകത്തിൽനിന്നും മോചിപ്പിക്കുന്നവൻ. ശശി വിരോചന ശിഖിവിലോചനൻ—ചന്ദ്രൻ, സൂര്യൻ, അഗ്നി എന്നിവ കണ്ണുകളായുള്ളവൻ.

8. വിപദപാസനൻ—ദുഃഖത്തെ ഇല്ലാതാക്കുന്നവൻ ഗിരിശരാസനൻ—പർവ്വതത്തെ (മഹാമേരു) വില്ലാക്കിയവൻ—ശിവൻ.

പദം 31.

നികാമം—ഏറവും ആചന്ദ്രാർക്കം—ചന്ദ്രസൂര്യന്മാരുള്ള കാലംവരെ. ശുഭംഭവതു—ശുഭംഭവിക്കട്ടെ.

പദം 33.

പുറനീരു്—ചെമ്പട

ഖണ്ഡങ്ങൾ

1. നീരജസംഭവനന്ദന! സുമതേ
നീരസഭാവമിതരുതരുതിനിമേൽ
പാരം നിന്നുടെ ദർപ്പനിമിത്തം
പരിഭവമിങ്ങനെ വന്നു ഭവിച്ചു.

2. ആർത്തികളെല്ലാം തീർന്നു ഭവാനും
ആനന്ദേന വസിക്ക നികാമം
കീർത്തിയുമാചന്ദ്രാർക്കം വിലസതു
കെല്പൊടു ശിവകൃപയാ ഭവതു ശുഭം

ശ്ലോകം 35.

കൃതാശീർവാദേഥ ത്രിപുരഭിദിസാകം ദയിതയാ
ഗിരീശം കൈലാസം ഭഗവതി ഗിരീശേ ഗതവതി
സുരേശൈസ്സാനന്ദൈർമ്മുനിഭിരപി സശ്ലാഘിത
[യശാഃ
പ്രജേശോ ദക്ഷോപിപ്രചുരസുഖമദ്ധ്യാസ്തനഗരീം.

---

ശ്ലോകം 35.

അഥകൃതാ ആശീർവ്വാദേ=അനന്തരം ആശീർവ്വാദം ചെയ്തവനും, ത്രിപുരഭിദി=ത്രിപുരവീരനും ആയ ഗിരിശേഭഗവതി=ശിവഭഗവാൻ ദയിതയാസാകം കൈലാസം ഗിരീശംഗതവതി—ഭാര്യയോടുകൂടി കൈലാസപർവ്വതത്തിലേക്ക പോയപ്പോൾ സാനന്ദൈഃസുരേശൈഃസന്തുഷ്ടരായ ദേവശ്രേഷ്ഠന്മാരാലും മുനിഭിഃ അപി—മുനികളാൽപ്പോലും ശ്ലാഘിതയശാഃ സ്തുതിക്കപ്പെട്ട യശസ്സോടുകൂടിയവനുമായ പ്രജേശഃ ദക്ഷഃ അപി—പ്രജാപതിയായ ദക്ഷനും, നഗരീം—നഗരത്തിൽ, സുഖം അദ്ധ്യാസ്ത—സുഖമായി വസിച്ചു.

ശ്ലോകം 36.

അഗേന്ദ്രഭൂഷിതം ദേവ-
മപി നാഗേന്ദ്രഭൂഷിതം
സർവമംഗലയോപേതം
സർവമംഗളദം ഭജേ.

ശുഭം.

---

ശ്ലോകം 36.

അഗേന്ദ്രഭൂഷിതം അപിന അഗേന്ദ്രഭൂഷിതം, സർവ്വമംഗലയാ ഉപേതം, സർവ്വമംഗളദം ദേവംഭജേ എന്നു് അന്വയം.

അഗേന്ദ്രഭൂഷിതൻ-വില്ലാക്കിയമഹാമേരുവിനാൽ ശോഭിക്കുന്നവൻ എന്നോ കൈലാസപർവ്വതത്താൽ ശോഭിക്കുന്നവൻ എന്നോ, അർത്ഥമാകാം. നാഗേന്ദ്രഭൂഷിതൻ-വാസുകിയാൽ അലംകൃതൻ. നാഗേന്ദ്രഭൂഷിതനായദേവൻ നഅഗേന്ദ്രഭൂഷിതൻ ആണു് എന്ന മട്ടിൽ, കേൾക്കുന്ന മാത്രയ്ക്കുണ്ടാകുവുന്ന വിരോധപ്രതീതി നാഗേന്ദ്രഭൂഷിത ശബ്ദത്തെ ഒന്നിച്ചു് ചേർത്തു് വാസുകിയാൽ ഭൂഷിതൻ എന്നർത്ഥം പറയുമ്പോൾ പരിഹൃതമാകുന്നതുകൊണ്ടു് വിരോധാഭാസം എന്ന അലങ്കാരം സർവ്വമംഗല-പാർവ്വതി. സർവ്വമംഗളദം-എല്ലാമംഗളത്തെയും കൊടുക്കുന്നവനെ. ദേവം-ദേവനെ, ഭജേ-ഞാൻഭജിക്കുന്നു.

ശുഭം

---

# പ്രധാന ചോദ്യങ്ങൾ

1. ദൃശ്യകലകളിൽ ആട്ടക്കഥയ്ക്കുള്ള സ്ഥാനം എന്തെന്നു നിരൂപിക്കുക?

2. കഥകളിക്കും നാടകത്തിനും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ വെളിപ്പെടുത്തുക?

3. ദക്ഷയാഗം കഥകളിയിൽ മൂലകഥയിൽ നിന്നു വരുത്തിയ വ്യതിയാനങ്ങളും അവയുടെ ഔചിത്യവും പരിശോധിക്കുക?

4. സംഗീതം, സാഹിത്യം, അഭിനയയോഗ്യത, എന്നിവ ദക്ഷയാഗം കഥകളിയിൽ എങ്ങനെ നിബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു നിരൂപിക്കുക?

5. കഥകളിയുടെ ഉത്ഭവം, വളർച്ച എന്നിവയെക്കുറിച്ച് സമഗ്രമായി ഉപന്യസിക്കുക?

6. ദക്ഷയാഗത്തിൽ ഏതേതെല്ലാം രസങ്ങൾ എങ്ങനെയെല്ലാം അവതരിപ്പിച്ചിരിക്കുന്നു എന്നു പരിചിന്തിക്കുക?

7. ഇരയിമ്മൻ തമ്പിയുടെ ആട്ടക്കഥകളിൽ ദക്ഷയാഗത്തിനുള്ള സ്ഥാനത്തെക്കുറിച്ച് നിരൂപിക്കുക?

8. ദക്ഷയാഗത്തിലെ പ്രധാനമായ രസം വീരമോ, ശാന്തമോ, എന്നു പരിശോധിക്കുക?

9. സ്ഥലകാലങ്ങളുടെ സന്നിവേശത്തിലും രംഗസംവിധാനത്തിലും ദക്ഷയാഗകർത്താവ് എത്രമാത്രം ശ്രദ്ധിച്ചിരിക്കുന്നു എന്നു വിശദമാക്കുക?

10. 'കഥകളി കേരളീയമാണ്' ഈ അഭിപ്രായത്തോട് നിങ്ങൾ എത്രമാത്രം യോജിക്കുന്നു?

# ദക്ഷയാഗം

(കഥകളി)

...GE
...UM.14.

പ്രസാധകൻ,

പി. കരുണാകരൻനായർ, എം. എ.,

വിതരണം

കേരളാ യൂണിവേഴ്സിററി കോവാപ്പറേറ്റീവ്

സ്റ്റോഴ്സ് ലിമിറ്റഡ്—തിരുവനന്തപുരം

1986